കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം

# സാഹിത്യ ചക്രവാളം

ഏപ്രിൽ 2012
വില 5 രൂപ

## കേരള സാഹിത്യ അക്കാദമി നിർവ്വാഹകസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു

## ഭാഷാശൈലിയിലും വ്യാകരണത്തിലും ഐക്യരൂപം ഉണ്ടാകണം

പെരുമ്പടവം ശ്രീധരൻ



## തകഴി ജന്മ ശതാബ്ദി
1912-2012




## കുഞ്ഞുണ്ണിമാഷ്- ഋഷിതുല്യനായ കവി



കേരളസാഹിത്യഅക്കാദമി വലപ്പാട് അതിയാരത്ത് വീട്ടിൽ സംഘടിപ്പിച്ച കുഞ്ഞുണ്ണിമാഷ് അനുസ്മരണസമ്മേളനം അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു. സത്യൻ അന്തിക്കാട്, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, ടി.എൻ. പ്രതാപൻ എം.എൽ.എ., ഗീത ഗോപി എം.എൽ.എ. അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത്, ഡോ. കെ. ശ്രീകുമാർ തുടങ്ങിയവരേയും കാണാം



കേരളസാഹിത്യഅക്കാദമി തൃശൂർ പൂരത്തോടനുബന്ധിച്ച് നടത്തിയ പൂരം പുസ്തകോത്സവം തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത്, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, കെ.എസ്. വെങ്കിടാചലം തുടങ്ങിയവരേയും കാണാം.

**സാഹിത്യചക്രവാളം**

**സാഹിത്യ വാർത്താമാസിക**

ഏപ്രിൽ 2012
പുസ്തകം 37 ലക്കം 7

വില: 5.00 വാർഷിക വരിസംഖ്യ 50 രൂപ

**ഉള്ളടക്കം**

ഭാഷാ പ്രയോഗങ്ങളിൽ ഐകരൂപ്യം ഉണ്ടാകണം
പെരുമ്പടവം ശ്രീധരൻ 5

കുഞ്ഞുണ്ണിമാഷ് : ഋഷിതുല്യനായ കവി
പെരുമ്പടവം ശ്രീധരൻ 7

ആദ്യകഥയുടെ ഉള്ളിലിരിപ്പുകൾ
സുഭാഷ് ചന്ദ്രൻ 8

കഥയുടെ ജാലകം
ഹരികുമാർ ചങ്ങമ്പുഴ 9

ബഹുസ്വരതയുടെ മാർച്ച്
ഡോ. ആർ. ശ്രീലതാവർമ്മ 12

വായനയിലെ സൂക്ഷ്മകണങ്ങൾ
ഡോ. പള്ളിപ്പുറം മുരളി 15

**പത്രാധിപസമിതി**

**പെരുമ്പടവം ശ്രീധരൻ**
പ്രസിഡണ്ട്

**ആർ ഗോപാലകൃഷ്ണൻ**
സെക്രട്ടറി & എഡിറ്റർ

**റോസ്മേരി**
കൺവീനർ

**കാളിദാസ് പുതുമന**
അംഗം

**വിജയലക്ഷ്മി**
അംഗം

*വിലാസം:*
കേരള സാഹിത്യ അക്കാദമി,
തൃശൂർ 680 020,
ഫോൺ : 0487 2331069
E-mail: keralasahityaakademi@gmail.com
Web: keralasahityaakademi.org

**വി. എൻ. അശോകൻ**
സബ് എഡിറ്റർ

**വിനയ്‌ലാൽ, ക്രിയ തൃശൂർ**
കവർ ഡിസൈൻ

**മധു കാര്യാട്ട്**
പ്രൂഫ്

# തകഴിയുടെ നൂറുവർഷങ്ങൾ

**കേ**രള ജീവിതാവസ്ഥയുടെ നിശിത യാഥാർത്ഥ്യങ്ങളും ദുരന്തപരിണതികളും യഥാർത്ഥമായും തീക്ഷ്ണമായും ആവിഷ്കരിച്ച തകഴി ശിവശങ്കരപ്പിള്ളയുടെ കൃതികൾ കേരളത്തിന്റെ ചരിത്രത്തിലെ സംഭവബഹുലവും സങ്കീർണ്ണവുമായ ഒരു പരിണാമഘട്ടത്തിന്റെ നേർചിത്രീകരണമാണ്. തോട്ടിയുടെയും തെരുവുപെണ്ണിന്റെയും കർഷകതൊഴിലാളിയുടെയും കയർ പിരിക്കുന്നവന്റെയും മുക്കുവന്റെയും ദൈനംദിന പ്രശ്നങ്ങൾ പറഞ്ഞ് ഭാവേതിഹാസങ്ങൾ തന്നെ സൃഷ്ടിച്ച തകഴി മലയാളത്തെ വിശ്വസാഹിത്യത്തിന്റെ ഔന്നത്യങ്ങളിലേക്ക് ആനയിക്കുകയായിരുന്നു. ദൈവങ്ങളും രാജാക്കൻമാരും സമ്പന്നരും തറവാടികളും മാത്രം എഴുത്തിൽ കടന്നുവന്നിരുന്ന സവർണ്ണതയുടെയും കുലീനതയുടെയും ആധിപത്യക്കാലത്ത് അസുന്ദരമെന്ന് മുദ്രകുത്തി അകറ്റിനിർത്തപ്പെട്ടിരുന്ന ദളിത് ജീവിതങ്ങളെ എഴുത്തിന്റെ ഹൃദയസ്ഥാനത്ത് പ്രതിഷ്ഠിക്കുകയായിരുന്നു തകഴി. വരേണ്യതയുടെ ആസ്വാദനപാരമ്പര്യത്തെ തിരുത്തി, ജനകീയമായ ഒരു ഭാവുകത്വം മലയാളത്തിൽ പ്രചരിപ്പിച്ചത് തകഴിയാണ്. കീഴാളപക്ഷ ഉള്ളടക്കത്തോടെ തകഴി രൂപപ്പെടുത്തിയ ദൃഢ വ്യക്തിത്വമുള്ള കഥാപാത്രങ്ങളും അപൂർവ്വതേജസ്സുള്ള മുഹൂർത്തങ്ങളും ഇന്നും പ്രസക്തവും ഇനിയും പഠിക്കപ്പെടേണ്ടതുമാണ്.

ഗ്രാമവിശുദ്ധിയുടെ കളങ്കമറ്റ കാഴ്ചകളും വർഗ്ഗസംഘർഷങ്ങളുടെ തീവ്രവാദങ്ങളും മനുഷ്യമനസ്സിന്റെ നിഗൂഢ വൈചിത്ര്യങ്ങളും പ്രാദേശികഭാഷാത്തനിമയുള്ളതും അതേസമയം ഭാരതീയ ക്ലാസിക്കുകളിലെ ബൃഹദാഖ്യാന സ്വാഭാവം ഉള്ളതുമായ ശൈലിയിൽ തകഴി അനശ്വരമാക്കി. മണ്ണും ജലവും ജീവജാലങ്ങളും മനുഷ്യനും തമ്മിലുള്ള അഗാധമായ പാരസ്പര്യത്തെ നമ്മുടെ കഥാസാഹിത്യം അതിമനോഹരമായി ആദ്യമായി പരിചയപ്പെടുത്തിയത് കുട്ടനാടിന്റെ ഇതിഹാസകാരനാണ്. സാമൂഹ്യപരിവർത്തനത്തിന്റെയും സാമ്പത്തികമായ കീഴ്മേൽ മറിച്ചിലുകളുടെയും സൂക്ഷ്മചിത്രങ്ങൾ കുടുംബവ്യവസ്ഥയിലൂടെയും മനുഷ്യബന്ധങ്ങളിലൂടെയും തകഴി പകർത്തി.

തകഴിയുടെ ജന്മശതാബ്ദി വർഷമാണ് 2012.കഴിഞ്ഞ ഒരു വർഷമായി മലയാളികൾ ഉള്ളിടത്തൊക്കെ സമുചിതമായി അത് കൊണ്ടാടപ്പെട്ടു. കേരള സാഹിത്യ അക്കാദമി തകഴിയുടെ ജന്മശതാബ്ദി അർഹിക്കുന്ന വിധം ഗംഭീരമായി സംഘടിപ്പിക്കുകയാണ്. തകഴിയുടെ സാർവ്വദേശിയവും സമകാലികവുമായ സാംഗത്യം അന്വേഷിക്കുന്ന അനേകം ആശയസംവാദങ്ങൾ ഈ പരിപാടിയിൽ നടക്കും. അവിടെ നടക്കുന്ന ചർച്ചകൾ നമ്മുടെ സാംസ്കാരിക മണ്ഡലത്തെ സജീവമാക്കിയും തകഴി കൃതികളുടെ ചലച്ചിത്രആവിഷ്കാരങ്ങളും, നാടകങ്ങളും അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് ദേശീയ ശ്രദ്ധ നേടുമെന്നാണ് അക്കാദമി കരുതുന്നത്. നവോത്ഥാന കേരളം നിർമ്മിച്ച ഏറ്റവും മഹാനായ എഴുത്തുകാരന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സഫലമായ വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതും അദ്ദേഹത്തിന്റെ പുസ്തകൾ ഏറെ പ്രചരിക്കുന്നതും ആഹ്ലാദകരമായ അനുഭവമാണ്. നവീനാർത്ഥ സാദ്ധ്യതകൾ നിലനിർത്തുന്ന തകഴി സാഹിത്യം മലയാള ഭാഷയുടെ ദീപ്ത സൗന്ദര്യമാണ്. ലോക സാഹിത്യത്തിൽ ഏറെ വിഖ്യാതനായ മലയാളി എഴുത്തുകാരൻ എന്ന നിലയിൽ തകഴിയുടെ നാമധേയം നമ്മുടെ അഭിമാനഗോപുരങ്ങളെ അലങ്കരിക്കുന്നു. ആ ശ്രേയസ്സ് അക്കാദമി ആവോളം ഉയർത്തിപ്പിടിക്കും.

**ആർ. ഗോപാലകൃഷ്ണൻ**
എഡിറ്റർ
(സെക്രട്ടറി, കേരള സാഹിത്യ അക്കാദമി)

# കേരള സാഹിത്യ അക്കാദമി : ഉപസമിതിയംഗങ്ങളെ തെരഞ്ഞെടുത്തു

**2012** ഏപ്രിൽ 20 ന് അക്കാദമി ആസ്ഥാനത്ത് പ്രസിഡണ്ട് പെരുമ്പടവം ശ്രീധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ ഉൾപ്പെട്ട അക്കാദമിയുടെ സമ്പൂർണ്ണ ജനറൽകൗൺസിൽ യോഗത്തിൽ വെച്ച് അക്കാദമി നിർവ്വാഹക സമിതി അംഗങ്ങളായി ജോസ് പനച്ചിപ്പുറം, അജയപുരം ജ്യോതിഷ്കുമാർ, ഡോ.സന്തോഷ് ജെ.കെ.വി., ഡോ.പ്രമീളാ ദേവി,പി.കെ.പാറക്കടവ്,കെ. രഘുനാഥൻ എന്നിവരെ തെരഞ്ഞെടുത്തു. ഭാരവാഹികളായി പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്),ബാലചന്ദ്രൻ വടക്കേടത്ത് (വൈസ് പ്രസിഡണ്ട്), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി), പി.എം.ഫ്രാൻസിസ് (ട്രഷറർ/ജില്ലാ കളക്ടർ), സാജൻ പീറ്റർ (പ്രിൻസിപ്പൽ സെക്രട്ടറി) എന്നിവർ നിർവ്വാഹകസമിതി എക്സ് ഒഫീഷ്യോ അംഗങ്ങളാണ്.

വിവിധ അക്കാദമികളിലേയ്ക്കുള്ള പ്രതിനിധികളായി കാളിദാസ് പുതുമന (കേരള സംഗീത നാടക അക്കാദമി), അക്ബർ കക്കട്ടിൽ (കേരള ലളിതകലാ അക്കാദമി), ഇന്ദുമേനോൻ (കേരള ഫോക്‌ലോർ അക്കാദമി), ഡോ.അജിതൻ മേനോത്ത്(കേരള കലാമണ്ഡലം), ജെന്നിംഗ്സ് ജേക്കബ് (ചലച്ചിത്ര അക്കാദമി) ഡോ. ആർ.സത്യജിത് (വൈലോപ്പിള്ളി സംസ്കൃതിഭവൻ) എന്നിവരെയും തെരഞ്ഞെടുത്തു.

## വിവിധ ഉപസമിതികൾ

**പബ്ലിക്കേഷൻ ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), അക്ബർ കക്കട്ടിൽ (കൺവീനർ), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി & എഡിറ്റർ), റോസ് മേരി (അംഗം), ഡോ.ഡി.ബെഞ്ചമിൻ (അംഗം), കൈനകരി ഷാജി (അംഗം), വാണിദാസ് ഇളയാവൂർ (അംഗം).

**അക്കാദമി ഡവലപ്പ്മെന്റ് കമ്മിറ്റി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), എം.ഡി.രാജേന്ദ്രൻ (കൺവീനർ) ആർ. ഗോപാലകൃഷ്ണൻ (സെക്രട്ടറി) കാളിദാസ് പുതുമന (അംഗം), ഇബ്രാഹിം ബേവിഞ്ച (അംഗം).

**ലൈബ്രറി & റിസർച്ച് ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), ഡോ.ഡി.ബെഞ്ചമിൻ (കൺവീനർ), ആർ. ഗോപാലകൃഷ്ണൻ (സെക്രട്ടറി) ഡോ.അജിതൻ മേനോത്ത് (അംഗം), ഇന്ദുമേനോൻ (അംഗം), ഡോ. ആർ. സത്യജിത് (അംഗം).

**സ്മാരക വികസന ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), ഡോ.അജിതൻ മേനോത്ത് (കൺവീനർ), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി), കൈനകരി ഷാജി (അംഗം), എം.ഡി.രാജേന്ദ്രൻ (അംഗം).

**പ്രോഗ്രാം ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), ഗിരിജാസേതുനാഥ് (കൺവീനർ), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി), ജോൺ സാമുവൽ (അംഗം), വിജയകുമാർ കുനിശ്ശേരി (അംഗം).

**മലയാളം ലിറ്ററി സർവ്വേ ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), ഡോ. ജോളി വർഗ്ഗീസ് (കൺവീനർ), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി & എഡിറ്റർ), ജോൺ സാമുവൽ (അംഗം), ഡോ.ആർ. സത്യജിത് (അംഗം).

**സാഹിത്യലോകം ഉപസമിതി** : പെരുമ്പടവം ശ്രീധരൻ (പ്രസിഡണ്ട്), റോസ് മേരി (കൺവീനർ), ആർ.ഗോപാലകൃഷ്ണൻ (സെക്രട്ടറി & എഡിറ്റർ), കാളിദാസ് പുതുമന (അംഗം), വിജയലക്ഷ്മി (അംഗം).

**ഫിനാൻസ് ഉപസമിതി** : പി.എം.ഫ്രാൻസിസ് (ട്രഷറർ & ചെയർമാൻ), ആർ. ഗോപാലകൃഷ്ണൻ (സെക്രട്ടറി), സാംസ്കാരികവകുപ്പ് സെക്രട്ടറിയുടെ നോമിനി (അംഗം), ധനകാര്യവകുപ്പ് സെക്രട്ടറിയുടെ നോമിനി (അംഗം), നിർവ്വാഹകസമിതിയംഗം (അംഗം), ഇബ്രാഹിം ബേവിഞ്ച (അംഗം)

## അക്കാദമി ജനറൽ കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു

സർക്കാർ പുനഃസംഘടിപ്പിച്ച കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിലിന്റെ ഏപ്രിൽ 3ന് ചേർന്ന ആദ്യയോഗം പത്തുപേരെ കൂടി അക്കാദമി അംഗങ്ങളായി നാമനിർദ്ദേശം ചെയ്തു. പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഡി. ബെഞ്ചമിൻ, പ്രൊഫ. ജോളി വർഗ്ഗീസ്, കൈനകരി ഷാജി, റോസ് മേരി, കെ. രഘുനാഥൻ, കാളിദാസ് പുതുമന, ഇന്ദുമേനോൻ, ഡോ. നെടുമുടി ഹരികുമാർ, വിജയകുമാർ കുനിശ്ശേരി, ജോൺ സാമുവൽ എന്നിവരാണ് പുതിയ അംഗങ്ങൾ.

**ഭാഷ എഡിറ്റിങ്- പ്രൂഫ് പരിശോധന ശില്പശാല**

# ഭാഷാ പ്രയോഗങ്ങളിൽ ഐകരൂപ്യം ഉണ്ടാവണം

**പെരുമ്പടവം ശ്രീധരൻ**

മലയാളഭാഷയുടെ ശൈലിയിലും വ്യാകരണത്തിലും പ്രാദേശികഭേദങ്ങൾക്കപ്പുറം ഏകീകരണം ഉണ്ടാവേണ്ടത് ഭാഷയുടെ നവീനവികാസങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ പറഞ്ഞു. അക്കാദമി സംഘടിപ്പിച്ച ഭാഷ എഡിറ്റിങ്-പ്രൂഫ് പരിശോധന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭാഷ എന്നത് ജൈവികമായ ഒന്നാണ്. അതിന് നൈസർഗ്ഗികമായ വളർച്ചയും ഭാവഭേദങ്ങളുമുണ്ട്. കേരളത്തിനകത്തുതന്നെ മലയാളഭാഷയ്ക്ക് വ്യത്യസ്തമായ അവതരണങ്ങളും പാഠഭേദങ്ങളുമുണ്ട്. പ്രയോഗത്തിലും ലിപിവിന്യാസത്തിലും ആശയവ്യക്തത എന്ന ഗുണം അതിപ്രധാനമാണ്. അത് പുലർത്താനും വൈകല്യമുള്ള ഭാഷയെ ശുദ്ധീകരിക്കാനും ഉത്തരവാദിത്വം എല്ലാ മലയാളികൾക്കുമുണ്ട്. ഭാഷാനവീകരണത്തിന്റെ അടിസ്ഥാനപാഠങ്ങൾ അടങ്ങിയ മലയാളശൈലീപുസ്തകം തയ്യാറാക്കുന്നതിലൂടെ അക്കാദമി തുടങ്ങിവെക്കുന്നത് ഭാഷ-ലിപിപരിഷ്കരണത്തിൽ ഒരു ഏകീകരണം സാധ്യമാകുമോ എന്ന അന്വേഷണത്തിനാണ്- പെരുമ്പടവം കൂട്ടിച്ചേർത്തു.

ഭാഷയ്ക്ക് ഏകീകരണം വേണമെന്ന് പറയുമ്പോൾതന്നെ വാക്കുകളും പ്രയോഗങ്ങളും സ്വതന്ത്രമായി ആവിഷ്കരിക്കാനുള്ള സർഗ്ഗാത്മകതയ്ക്ക് എതിരാകാതെ നോക്കണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് പറഞ്ഞു. ചടങ്ങിന് അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.

വാക്കിൽ വിവക്ഷിക്കുന്ന അർത്ഥതലങ്ങൾ വായനക്കാരന് ലഭിക്കത്തക്കവിധം ശുദ്ധമായ പ്രയോഗവും ലിപിവിന്യാസവുമാണ് മലയാളത്തിന് വേണ്ടതെന്ന് മലയാളശൈലി എന്ന വിഷയത്തിൽ ക്ലാസ്സെടുത്തുകൊണ്ട് കെ.പി.ശങ്കരൻ പറഞ്ഞു. അക്ഷരത്തെറ്റ് പുസ്തകങ്ങളിൽ കല്ലുകടിയായി അനുഭവപ്പെടുന്നുണ്ടെന്നും ഔചിത്യമുള്ള പ്രൂഫ് വായന അതിപ്രധാനമാണെന്നും തെറ്റില്ലാത്ത മലയാളം എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ഡോ.കാവുമ്പായി ബാലകൃഷ്ണൻ പറഞ്ഞു. ശാസ്ത്രലേഖനങ്ങൾ ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയതോടെയാണ് മലയാളത്തിൽ സാങ്കേതികപദാവലികൾ സൃഷ്ടിക്കപ്പെട്ടതെന്ന് ഗവേഷണകൃതികളും പ്രൂഫ് വായനയും എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് എം.പി.പരമേശ്വരൻ പറഞ്ഞു.




സാഹിത്യഅക്കാദമി സംഘടിപ്പിച്ച ഭാഷ എഡിറ്റിങ്-പ്രൂഫ് പരിശോധന ശില്പശാലയുടെ ഉദ്ഘാടന സമ്മേളനത്തിൽ അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, അംഗങ്ങളായ എം.ഡി.രാജേന്ദ്രൻ, ഡോ. അജിതൻ മേനോത്ത്, പ്രസ് ക്ലബ്ബ് പ്രസിഡണ്ട് ജോയ് എം. മണ്ണൂർ എന്നിവർ സമീപം

സംസ്കാരങ്ങൾ തമ്മിലുള്ള കൊടുക്കൽവാങ്ങൽ പ്രക്രിയയിലൂടെയാണ് ഒരു ഭാഷ വളരുന്നതെന്നും അന്യഭാഷയിൽനിന്ന് പദങ്ങൾ കടമെടുക്കുമ്പോൾ അവയെ മലയാളീകരിച്ചുവേണം സ്വീകരിക്കേണ്ടതെന്നും ഡോ.എം. ആർ. തമ്പാൻ പുസ്തക എഡിറ്റിങ്ങ് വിഷയാധിഷ്ഠിത സമീപനം എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു.

തുടർന്ന് നടന്ന വിവരവിനിമയസാങ്കേതികവിദ്യയുടെ കാലത്തെ പദനിർമ്മി

# തകഴി ജന്മശതാബ്ദിയാഘോഷം : ഗവേഷക പ്രതിനിധികളായി പങ്കെടുക്കാം

**2012** മെയ് 12,13 തീയതികളിൽ കേരള സാഹിത്യ അക്കാദമി ആലപ്പുഴയിൽ വെച്ച് വിപുലമായ പരിപാടികളോടെ തകഴി ജന്മശതാബ്ദിയാഘോഷം സംഘടിപ്പിക്കുന്നു. തകഴി സാഹിത്യത്തിന്റെ സമഗ്രവും ആധികാരികവുമായ പഠനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സാഹിത്യതൽപരരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഗവേഷക പ്രതിനിധികളായി പങ്കെടുക്കുവാൻ അവസരമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് യാത്രാക്കൂലിയും താമസവും അക്കാദമി നൽകും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പൂർണ്ണമായ വ്യക്തിവിവരങ്ങൾ സഹിതം മലയാളത്തിൽ തയ്യാറാക്കിയ അപേക്ഷകൾ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ- 20 എന്ന വിലാസത്തിൽ 2012 മെയ് 5 ന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0487-2331069, 9447134149 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ■

---

തിയും വ്യാകരണവും എന്ന സെമിനാറിൽ അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ മോഡറേറ്ററായി. ടി.വി.സുനിത, പ്രൊഫ.ഇ.എസ്.സതീശൻ, കെ.എച്ച്.ഹുസൈൻ, പ്രൊഫ.നെടുമുടി ഹരികുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഭാഷയേയും ശൈലികളേയും നിയന്ത്രിക്കുന്നത് പ്രമേയവും ആ പ്രമേയം എത്തിച്ചേരേണ്ട വായനക്കാരുമാണെന്ന് ഡോ.ഡി ബഞ്ചമിൻ പറഞ്ഞു. ആധുനികമലയാളഗദ്യം -ശൈലീനിഷ്ഠസമീപനം എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാരൻെറ ആശയപ്രപഞ്ചം വായനക്കാരിൽ ലളിതമായും നേരിട്ടും എത്തിക്കുന്നിടത്താണ് എഡിറ്റിങ്ങിൻെറ പരിപൂർണ്ണതയെന്നും അദ്ദേഹം പറഞ്ഞു.




സാഹിത്യഅക്കാദമി സംഘടിപ്പിച്ച പ്രൂഫ് പരിശോധന - എഡിറ്റിംഗ് ശില്പശാലയിൽ വിഷയാവതരണം നടത്തി ഡോ. ഡി. ബെഞ്ചമിൻ സംസാരിക്കുന്നു.

ശില്പശാലയുടെ സമാപനദിവസം എഡിറ്റിങ്ങ്-അടിസ്ഥാനതത്ത്വങ്ങൾ എന്ന വിഷയത്തിൽ സി.ഉത്തമക്കുറുപ്പും സർഗ്ഗാത്മകരചനകളുടെ എഡിറ്റിങ്ങ്-കോപ്പി എഡിറ്റിങ്ങ്എന്ന വിഷയത്തിൽ പി.കെ.പാറക്കടവും സാഹിത്യപത്രപ്രവർത്തനം-എഡിറ്റിങ്ങ് എന്ന വിഷയത്തിൽ കെ.എം.വേണുഗോപാലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അക്കാദമി പ്രസിദ്ധീകരിക്കുന്ന മലയാളശൈലീപുസ്തകത്തിന്റെ കരട് അവതരണം അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ നിർവഹിച്ചു. ഭാഷാപരവും സാങ്കേതികവുമായ പരിമിതികളെ മറിക്കടക്കാൻ കൂടുതൽ കൃത്യതയുള്ള ഒരു ഭാഷാവ്യവസ്ഥയ്ക്കുവേണ്ടിയുള്ള അന്വേഷണമാണ് അക്കാദമി തുടങ്ങിവെക്കുന്നതെന്നും കൂടുതൽ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലിനുംശേഷം മലയാളശൈലീപുസ്തകം അക്കാദമി പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡോ. എസ്.കെ.വസന്തൻ, കടാങ്കോട് പ്രഭാകരൻ, കടലായിൽ പരമേശ്വരൻ, കെ.കെ.യതീന്ദ്രൻ, ടി.കെ.അച്യുതൻ, പ്രൊഫ.എം. ഹരിദാസ് എന്നിവർ പ്രതികരണങ്ങൾ അവതരിപ്പിച്ചു.

സമാപനസമ്മേളനത്തിൽ ആർ.ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പ്രതിനിധികൾക്കുള്ള സർട്ടിഫിക്കറ്റുകൾ അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് വിതരണം ചെയ്തു. ജോയ് എം.മണ്ണൂർ ആശംസകളർപ്പിച്ച ചടങ്ങിന് എം.ഡി.രാജേന്ദ്രൻ സ്വാഗതവും ഡോ.അജിതൻ മേനോത്ത് നന്ദിയും പറഞ്ഞു. ■

# കുഞ്ഞുണ്ണിമാഷ് : ഋഷിതുല്യനായ കവി

## പെരുമ്പടവം ശ്രീധരൻ

ഒരു വേദാന്തിയുടെ ഉൾക്കാഴ്ചയോടെയും ശിശുസഹജ മായ നിഷ്കളങ്കതയോടും പ്രപഞ്ചത്തെയും അപാരത യെയും നോക്കിക്കാണുകയും അനുഭവിക്കുകയും ചെയ്ത കുഞ്ഞുണ്ണിമാഷ് ദാർശനികസൗന്ദര്യം നിറയുന്ന കവിതകൾ എഴുതിയ ഋഷിതുല്യനായ കവിയാണെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ അഭിപ്രായ പ്പെട്ടു. മാർച്ച് 26 ന് കുഞ്ഞുണ്ണിമാഷുടെ ആറാം ചരമ വാർഷികദിനത്തിൽ ഓർമ്മകളുടെ കൽക്കണ്ട മധുരം തുളു മ്പിനിന്ന വലപ്പാട്ടെ അതിയാരത്ത് വീട്ടുമുറ്റത്ത് നടന്ന അനു സ്മരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേ ഹം. എഴുത്തിലും ജീവിതത്തിലും നാട്ടുവിശുദ്ധിയും ഗാന്ധി യൻ യുഗത്തിന്റെ ലാളിത്യവും ഹൃദയനൈർമ്മല്യവും മാഷ് കാത്തുസൂക്ഷിച്ചു. നല്ല മലയാള ഭാഷയാണ് കേരള സമൂഹത്തിന്റെ ഏറ്റവും വലിയ സമ്പത്തെന്ന് വിശ്വസിക്കു കയും ഭാഷയുടെ ഉന്നമനത്തിനുവേണ്ടി അക്ഷീണം പ്രയ ത്നിക്കുകയും ചെയ്തു കുഞ്ഞുണ്ണിമാഷ് – പെരുമ്പടവം ചൂണ്ടിക്കാട്ടി.

കാലം ചെല്ലുന്തോറും ഊതിക്കാച്ചിയ പൊന്നുപോലെ കൂടുതൽ തിളങ്ങുന്ന കവിതയാണ് കുഞ്ഞുണ്ണിമാഷുടേതെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ ചലച്ചിത്ര സംവിധായ കൻ സത്യൻ അന്തിക്കാട് പറഞ്ഞു. പത്മരാജന്റെയും ഭരത ന്റെയും സിനിമകൾ അവരുടെ മരണശേഷം കൂടുതൽ ചർച്ച ചെയ്യപ്പെടുകയും പ്രസക്തമാവുകയും ചെയ്തപോലെ, കുഞ്ഞുണ്ണിക്കവിത ഭാവികാലത്ത് കൂടുതൽ നാനാർത്ഥങ്ങ ളേയും വ്യാപനങ്ങളെയും കണ്ടെടുക്കും. പുതിയ എഴുത്തു കാരുടെ സ്വഭാവ രൂപീകരണത്തിലും, രചനാശൈലിയിലും നിർണ്ണായകമായ വാക്കുവഹിക്കാൻ "കുട്ടേട്ടൻ" എന്ന കുഞ്ഞുണ്ണിമാഷിന് കഴിഞ്ഞു. പ്രതിഭയുടെ തിളക്കം കണ്ടാൽ പൊടിതട്ടിയെടുക്കുകയും മന:പൂർവ്വമെന്നു തോന്നിപ്പിക്കാതെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത കുഞ്ഞുണ്ണിമാഷ് കഥയും കവിതയും എന്താണെന്നും എന്തല്ലെന്നും ഒരു പാട് തലമുറ കളെ ക്ഷമാപൂർവ്വം പറിപ്പിച്ചു– സത്യൻ അന്തിക്കാട് പറഞ്ഞു.

കുഞ്ഞുണ്ണിമാഷ് സ്മാരക സമിതി ചെയർമാൻ ടി.എൻ. പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഗീതാഗോപി എം.എൽ.എ മുഖ്യാതിഥി ആയിരുന്നു. അക്കാ ദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന അജയഘോഷ്, വർഗ്ഗീസ് മേച്ചേരി എന്നിവർ കുഞ്ഞു ണ്ണിമാഷുടെ സ്മരണകൾ പങ്കിട്ടു.



സാഹിത്യഅക്കാദമി സംഘടിപ്പിച്ച കുഞ്ഞുണ്ണിമാഷ് അനുസ്മരണ സമ്മേളനത്തിന് മുമ്പായി നടന്ന പുഷ്പാർച്ചന. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത്, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ, എം.എൽ.എ. മാരായ ടി.എൻ. പ്രതാപൻ, ഗീത ഗോപി തുടങ്ങിയവരേയും കാണാം.

സെമിനാറിൽ അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് മോഡറേറ്ററായി. ഭാരതീയ ദർശനങ്ങളെ ഞാൻ എന്ന സംജ്ഞയിലേക്ക് ആറ്റിക്കു റുക്കിയെടുത്ത ജ്ഞാനിയായ കവി യാണ് കുഞ്ഞുണ്ണിയെന്നും ഞാൻ എന്ന ഏകവചനത്തിലേക്ക് ചുരുങ്ങാ തെ, സാമൂഹ്യമായ ബഹുവചനത്തി ലേക്ക് കുഞ്ഞുണ്ണിക്കവിത ഉയരുകയാ യിരുന്നുവെന്നും അദ്ദേഹത്തിന്റെ ചെറിയ കവിതകളിലെ ആശയപ്രപഞ്ചം അതീവ ഗഹനമായിരുന്നുവെന്നും അക്കാദമി വൈസ് പ്രസിഡണ്ട് ബാല ചന്ദ്രൻ വടക്കേടത്ത് അഭിപ്രായപ്പെട്ടു.

കുഞ്ഞുണ്ണിമാഷ് എന്ന സാഹിത്യ ഗുരു എന്ന വിഷയത്തിൽ കൽപ്പറ്റ

*ശേഷം പേജ് 16ൽ*

ആദ്യചുവടുകൾ

# ആദ്യകഥയുടെ ഉള്ളിലിരിപ്പുകൾ

**സുഭാഷ്ചന്ദ്രൻ**



മഹാരാഷ്ട്രയിലെ ലാത്തൂരിൽ നടന്ന ഭൂകമ്പത്തിന്റെ വിശദരംഗങ്ങൾ ടി.വി. വാർത്തയിൽ കണ്ടുകൊണ്ടിരിക്കെ, അക്കൂട്ടത്തിൽനിന്ന് ഒരു ദൃശ്യം പൊടുന്നനെ എന്റെ മനസ്സിലേക്ക് എക്കാലത്തേക്കുമായി വീണുപതിഞ്ഞു. തകർന്നുതരിപ്പണമായ ഒരു വാച്ചു കടയുടെ ഉള്ളറകളിൽനിന്ന് ദൂരദർശന്റെ ഛായാഗ്രഹകൻ യാദൃച്ഛികമായി പകർത്തിയ ഭയവിസ്മയങ്ങൾ നിറഞ്ഞ ഒരു ദൃശ്യമായിരുന്നു അത്. തകർന്നുവീണ ചുമർ ഘടികാരങ്ങളുടെ ഒരു ക്ലോസ്-അപ്. എല്ലാ ഘടികാരങ്ങളെയും ഒരേ സമയത്തിൽ നിശ്ചലമാക്കിക്കൊണ്ട് പ്രകൃതി നിറവേറ്റിയ ക്രൂരഫലിതത്തെ ആ ക്യാമറാമാൻ എനിക്കുവേണ്ടി മാത്രം ഒപ്പിയെടുത്തതാണെന്നു തോന്നി. കാലത്തെ അടിച്ചു താഴെയിടാനുള്ള ഒരു വിഫലശ്രമത്തിന്റെ ആ ചരിത്രരേഖ അന്നു രാത്രി മുഴുവൻ എന്നെ ഉണർത്തിയിരുത്തി.

പെരുമഴ വീണു കുതിർന്ന മണ്ണിൽ, നിരത്തിക്കിടത്തിയ അനേകം ശവശരീരങ്ങൾക്കരികിൽ, തന്റെ കനത്ത ഏകാന്തത തിരിച്ചറിയാൻ പ്രായമായിട്ടില്ലാത്ത ഒരു കുഞ്ഞിരുന്നു കരയുന്ന ചിത്രം അന്നത്തെ പത്രത്തിലുണ്ടായിരുന്നു. ആ രാത്രിയിൽ ഈ രണ്ടു ദൃശ്യങ്ങളുടെയും ഭാരം പേറി എന്റെ ഹൃദയം ഒരടിമയെപ്പോലെ കിതച്ചു. ബുക്കാറാം വിത്തൽ എന്ന അമ്പതു വയസ്സുകാരൻ കള്ളൻ ദൂരെ ദൂരെ ലാത്തൂരിൽനിന്ന് സൃഷ്ടിയുടെ വെല്ലുവിളികൾ നിറഞ്ഞ കണ്ണുകളോടെ എന്നെ ഒന്നു നോക്കിയിട്ട് ഒരു കടത്തിണ്ണയിൽ ചാക്കു വിരിച്ചു മയങ്ങാൻ കിടന്നു. മയക്കത്തിൽനിന്ന് അയാളെ തെറിപ്പിച്ചുവീഴ്ത്തിക്കൊണ്ട് എന്റെയുള്ളിൽ ഭൂകമ്പം തുടങ്ങി...അനാഥനായ കുഞ്ഞും ചലനം നിലയ്ക്കാത്ത ഒരു ഘടികാരവും ചേർത്തുപിടിച്ച് കള്ളൻ ബുക്കാറാം ഭൂമിക്കടിയിലേക്ക് അന്തർധാനം ചെയ്യുന്നതിനു മുമ്പുള്ള ഒരു നിമിഷത്തിൽ, കടുങ്ങല്ലൂരമ്പലത്തിലെ കോളാമ്പിമൈക്കിൽ നിന്ന് പി. ലീലയുടെ പവിത്രശബ്ദം ജ്ഞാനപ്പാനചൊല്ലി രാത്രി തീർന്നുവെന്നറിയിച്ചു. കഥയുടെ അവസാനഘട്ടമെത്തിയിരുന്നു അപ്പോൾ. 'തലാനിയിലെ ഗണേശോത്സവം കുട്ടികൾക്കൊരു രസികൻ കാഴ്ചയായിരുന്നു' എന്നു തന്നോടു തന്നെ പറഞ്ഞുകൊണ്ട് ബുക്കാറാം സ്വസ്ഥനായി മണ്ണിനടിയിലേക്കു മുങ്ങിമറഞ്ഞുപോയി.

കഥയുടെ താഴെ എന്റെ പേരെഴുതിയിട്ട് സമയമറിയാൻ ഞാൻ ക്ലോക്കിൽ നോക്കി. കഥയെഴുത്തിന്റെ ആ കഠിന രാത്രിയിലെപ്പോഴോ അതു നിലച്ചുപോയിരുന്നു. സ്വന്തമായി വാച്ചില്ലാത്ത ഞാൻ അച്ഛൻ ദിവസേന കീകൊടുത്തു കെട്ടാറുള്ള വാച്ചു തപ്പിയെടുത്തു. നോക്കുമ്പോൾ അതും നിലച്ചിരിക്കുന്നു! നൂറു ശിവരാത്രികളുടെ ഉറക്കച്ചടവോടെ കടലാസ്സിനു മുകളിൽ കഥയുടെ പേരെഴുതി: ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം.

പിന്നീട് കോളേജ് വിദ്യാർത്ഥികൾക്കുള്ള മത്സരത്തിൽ സമ്മാനിതമായി അക്കഥ മാതൃഭൂമിയിൽ അച്ചടിച്ചുവന്നപ്പോൾ അതു വായിച്ച് എന്റെ അമ്മ പറഞ്ഞു: 'എന്തൂട്ട് കഥയാടാ ഇത്? എനിക്കൊരു ചുക്കും മനസ്സിലായില്ല!

കലാകൗമുദിയിൽ എം. കൃഷ്ണൻനായർ അതിനെ 'ശൂ' എന്നു ചീറ്റിപ്പോയ ഒരു വാണപ്പടക്കത്തോട് ഉൽപ്രേക്ഷിച്ചു. പാവപ്പെട്ട എന്റെ അമ്മയോടും പണ്ഡിതനായ എം. കൃഷ്ണൻനായരോടും എനിക്കു സ്നേഹം നിറഞ്ഞ സഹതാപം തോന്നി. കാരണം അക്കഥയെ അഗാധമായി സ്നേഹിച്ചുകൊണ്ട്, മഹാരാജാസ് കോളേജിലെ വിദ്യാർത്ഥിക്ക് അപ്പോഴേക്കും നിരവധി കത്തുകൾ അയച്ചുകിട്ടിയിരുന്നു.

കുട്ടിക്കാലത്ത് കഥകൾ പറഞ്ഞുതരാൻ എനിക്കൊരു മുത്തച്ഛനോ മുത്തശ്ശിയോ ഉണ്ടായിരുന്നില്ല. എന്റെ അച്ഛന്റെയും അമ്മയുടെയും അച്ഛനമ്മമാർ ഞാൻ ജനിക്കും മുമ്പേ മരിച്ചു പോയിരുന്നു. അഞ്ചാമനായി പിറന്ന എനിക്കു



**കഥയുടെ**
**വർത്തമാനം**

# കഥയുടെ ജാലകം

**ഹരികുമാർ ചങ്ങമ്പുഴ**

**ഒ**രു കഥയ്ക്ക് പ്രത്യേകപ്രമേയം വേണമെന്ന നിർബന്ധമൊന്നുമില്ല, എന്തും ഏതും കഥയാണ്. അഥവാ കഥയാക്കുകയാണ്. അതിന് എഴുത്തുകാരന് വൈഭവം വേണം. നന്നായി പറഞ്ഞാൽ, ആ പറച്ചിൽ നല്ല കഥയാകും. ഏതും അതാതിന്റെ അനുപാതത്തിൽ സമീചീനമായി സമ്മേളിക്കുമ്പോൾ അനുവാചകൻ സംതൃപ്തനാകുന്നു. അങ്ങനെ മീനച്ചൂടും മകരമഞ്ഞും തുലാവർഷവും ഓണവും വിഷുവും പിറന്നാളും പുലകുളിയും കൊയ്ത്തും പട്ടിണിയും സർക്കാർ ഫയലും രാഷ്ട്രീയവും എന്നുവേണ്ട ഗന്ധവും സ്പർശവും മൗനവും ഭ്രാന്തും എന്തും ഏതും നല്ല നല്ല കഥകളായി നമുക്ക് ലഭിച്ചിട്ടുണ്ട്. -നല്ല പറച്ചിലുകാരിൽ നിന്നും.

കഥപറച്ചിലിന്റെ വൈഭവം കൊണ്ടും ഭാഷയുടെയും ആഖ്യാനത്തിന്റെയും നൂതനത്വം കൊണ്ടും കഴിഞ്ഞമാസത്തിൽ ഏറ്റവും ശ്രദ്ധേയമായി തോന്നിയ ചെറുകഥയാണ് ഉണ്ണി ആറിന്റെ *ഡിവൈൻ കോമഡി* (മാതൃഭൂമി-25). വായനക്കാരന്റെ മനസ്സിനെ വല്ലാതെ സ്പർശിക്കുന്ന കഥയാണിത്. വിധിയുടെ കോമഡിയിൽ പെട്ടുപോയി അഭിനയിക്കേണ്ടിവരുന്ന രണ്ടുകഥാപാത്രങ്ങളാണ് പ്രഭാകരനും പത്മിനിയും. അവർക്കു കുഞ്ഞുങ്ങളുണ്ടാകുന്നില്ല. പത്മിനി അബോർട്ടഡാകുന്നു. ഒരിക്കൽ, മാസം തികയാതെ പുറത്തെടുത്ത ജീവനില്ലാത്ത ഒരു കുഞ്ഞിനെ അവർ കുറെക്കാലം സൂക്ഷിച്ചുവയ്ക്കുകയും ഒടുവിൽ പുറത്ത് ചവറ്റുകൂനയിൽ തള്ളുകയും ചെയ്യുന്നതാണ് പ്രമേയം. പ്രമേയത്തിന്റെ പ്രത്യേകതയല്ല, അവതരണഭംഗിയാണ് ഈ കഥയെ ഏറ്റവും മനോഹരമാക്കുന്നത്.



യു.കെ. കുമാരൻ



അക്ബർ കക്കട്ടിൽ

ആഖ്യാനം കൊണ്ടും പ്രമേയം കൊണ്ടും ഭാഷകൊണ്ടും അവതരണം കൊണ്ടും വ്യതിരിക്തത പുലർത്തുന്ന കഥയാണ് ദേവരന്റെ *ബ്ലൂടൂത്ത് മരം* (മാതൃഭൂമി-18). പുതിയ കാലത്തിന്റെ അനുഭവത്തെ പുതിയ രീതിയിൽ തന്നെ ഇതിൽ അവതരിപ്പിക്കുന്നുണ്ട്. അനുഭവിപ്പിക്കുന്നുണ്ട്. കഥയും കഥയ്ക്കുള്ളിൽ കഥയും കഥയ്ക്ക് പുറത്ത് കഥയുമായി ആകെ കഥയില്ലായ്മയെന്ന് വിശേഷിപ്പിക്കാവുന്ന, ഒരുപക്ഷേ, സാമ്പ്രദായിക വായനക്കാരെ വിറളിപിടിപ്പിക്കാൻ സാധിക്കുന്ന കഥയാണിതെന്നും പറയാം. ഇ-


---

കഥ പറഞ്ഞുതരാനുള്ള സമയമോ ജീവിതസ്വാസ്ഥ്യമോ എന്റെ അച്ഛനമ്മമാർക്കും ഇല്ലായിരുന്നു. എങ്കിലും കഥയില്ലാതെ ഒഴിഞ്ഞുപോകാൻ ഞാനെന്റെ ബാല്യത്തെ അനുവദിച്ചില്ല. എന്റെ കുട്ടിക്കാലത്തെ പീഡിപ്പിച്ച ആസ്ത്മയുടെയും അലോപ്പതി മരുന്നുകൾ സമ്മാനിച്ച ഹാലൂസിനേഷനുകളുടെയും സഹായത്തോടെ ആയിരമായിരം അദ്ഭുതകഥകൾ എളുപ്പത്തിൽ കെട്ടിച്ചമച്ചുകൊണ്ട് ഞാനെന്റെ ബാല്യം കൊണ്ടാടി. അത് അനിവാര്യമായിരുന്നു. കാരണം കഥയില്ലാതെ ഒരു കുട്ടിക്കും അവന്റെ കുട്ടിത്തത്തെ നേരിടുക വയ്യ; മരണത്തിന്റെ മടിയിലിരുന്നു കളിച്ച ഒരു കുട്ടിക്കാവുമ്പോൾ പ്രത്യേകിച്ചും.

പാറകളിൽ അള്ളിപ്പിടിച്ചും കാലിടറാതെ ശ്രദ്ധിച്ചും നാം വളരെ ഉയരത്തിലുള്ള ഒരു മലമുകളിലെത്തുന്നു. മുകളിലെത്തിയാൽ ഏതെങ്കിലുമൊരു പാറയിൽ ചെറിയൊരു കല്ലുകൊണ്ടു നാം നമ്മുടെ പേര് ഗൂഢമായ ഒരാഹ്ലാദത്തോടെ കോറിവയ്ക്കുന്നു. ഉയരങ്ങൾ താണ്ടുന്നതിൽ മനുഷ്യനു മാത്രം ആസ്വദിക്കാൻ പറ്റുന്ന മനോസുഖമനുഭവിച്ചുകൊണ്ട് നാളെ അവിടെയെത്തുന്ന മറ്റൊരാൾ - ചിലപ്പോൾ അങ്ങനെയാരും എത്തിയില്ലെന്നും വരാം- നമ്മുടെ പേരു വായിക്കണം എന്നാണ് അപ്പോൾ മനസ്സിൽ. എന്നെങ്കിലും ആ ശിലാലിഖിതം വായിക്കുന്ന ഒരാൾക്ക് അവ്യാഖ്യേയമായ ഒരു സൗഹൃദം നമ്മോടു തോന്നുമെന്നോർത്ത് നമ്മുടെ ഹൃദയം ഒറ്റയ്ക്കു തുടിക്കുന്നു. അത്രയും ഉയരത്തിൽ വെച്ച്, ദൈവത്തോട് അത്രയും അടുത്തുവച്ച്, തനിക്കുമുമ്പേ വന്ന കല്ലെഴുത്തുകാരനെ രണ്ടാമൻ സ്നേഹിക്കുന്നു.

ഈ സ്നേഹത്തിനുവേണ്ടിയാണ് ഞാനെഴുതുന്നത്.


ലോകത്തിൽ സഞ്ചരിക്കുന്ന, പരിചിതനായ ഒരാൾക്കേ ഇത്തരം അവതരണം സാദ്ധ്യമാവുകയുള്ളു. കഥയിൽ രംഗങ്ങൾ പെട്ടെന്ന് പെട്ടെന്ന് മാറ്റിക്കളയുകയും തുടർച്ചയില്ലായ്മ പ്രകടമാക്കി കഥ തുടർന്നു കൊണ്ടുപോവുകയും ചെയ്യുന്ന ആഖ്യാനരീതിയാണ് ഇതിൽ കൈകൊണ്ടിട്ടുള്ളത്. കഥാകൃത്ത് ഒരുതരത്തിലും കടന്നുവരാതെ സമർത്ഥമായി ഒഴിഞ്ഞുനിൽക്കുന്നുണ്ട്. കഥാപാത്രങ്ങൾ ആഖ്യാനകർതൃത്വത്തിൽ മാറി മാറി വരുന്നു. പിന്നെ കളിക്കുന്നത് ഭാഷ മാത്രമാണ്. മൊബൈൽഫോണും ഇന്റർനെറ്റും ഫേസ്ബുക്കും അംഗൺവാടിയും കശുമാന്തോപ്പും വീടും വയലും നെല്ലോലകളും തുടങ്ങി ഉടലുകളും ഇടങ്ങളുമെല്ലാം ദൃശ്യമാധ്യമത്തിലെന്നോണം അസാന്നിധ്യത്തിന്റെ -സാന്നിധ്യമാകുന്നു ഈ കഥയിൽ. ഇതൊരു പുതിയ അനുഭവമാണ്.


ടി.പി.വേണുഗോപാലൻ

രാജേഷ് ആർ വർമ്മയുടെ *കൊളോണിയൽ കസിൻസ്* ആണ് ശ്രദ്ധേയമായ മറ്റൊരു കഥ (ഭാഷാപോഷിണി). ടൂറിസത്തിന്റെയും മറ്റ് ബിസിനസ്സുകളുടെയും മറവിൽ നമുക്ക് എന്തെന്തെല്ലാം നഷ്ടപ്പെടുന്നു എന്ന് ചിന്തിപ്പിക്കുന്ന കഥയാണിത്. ചരിത്രബോധം ഇല്ലാത്തവരായ നാം പണ്ടേ സായിപ്പിന്റെ ദാസന്മാരായിരുന്നത് സ്വാഭാവികം മാത്രം. പുതിയ കാലത്തും ദാസന്മാരായി മാറുകയും സായിപ്പിന്റെ നക്കാപ്പിച്ച വാങ്ങി അവന്റെ നിർദ്ദേശപ്രകാരം ഷാപ്പിൽ ചെന്ന് ലാവിഷാകുകയും 'ദാസൻ കഴിക്കും വഴിതെറ്റാതെ വീട്ടിൽ ചെന്ന് കിടക്കും' എന്ന് വീമ്പു പറയുകയും ചെയ്യുന്ന തറവാടികളുടെ പുതുലോകക്രമം ഇതിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്.

സമകാലികസമൂഹത്തിൽ പ്രശ്നവൽക്കരിക്കപ്പെട്ടു നിൽക്കുന്ന ഇടമായ ജാതിപ്രശ്നത്തെ ചർച്ച ചെയ്യുകയാണ് വി. എം ദേവദാസ് *ക്ലാസ് വാർ* എന്ന കഥയിൽ (മലയാളം -2).നമ്പീശൻ മാഷ് സാമാന്യം നന്നായി പഠിക്കുന്ന കുശവ ജാതിയിൽപെട്ട പ്രകാശൻ എന്ന വിദ്യാർത്ഥിയെ സ്പെല്ലിംഗ് തെറ്റിയതിന് ഇമ്പോസിഷൻ എഴുതിച്ചു. ഇമ്പോസിഷനിലും തെറ്റുകണ്ടപ്പോൾ കലികയറി ചൂരലുകൊണ്ട് തല്ലി കൈവെള്ള പൊട്ടിച്ചു. അതിൽ രോഷം പൂണ്ട അവന്റെ അച്ഛൻ നമ്പീശൻ മാഷിനെ തല്ലാനായി സ്കൂളിൽ വന്നപ്പോൾ അയാൾക്ക് കുശവന്റെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കേണ്ടിവന്നു. ജാതിപ്പേരു വിളിച്ച് അപമാനിക്കുകയും കൈത്തൊഴിലെടുത്ത് ജീവിക്കുന്നവന്റെ കൈതല്ലിപ്പൊട്ടിക്കുകയും ചെയ്യുന്നത് നല്ല വിദ്യാഭ്യാസനയമല്ലെന്നും ആശാരിക്കും കൊല്ലനും കുശവനുമറിയാത്ത കണക്കൊന്നും ഇക്കാലം കൊണ്ട് താൻ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും പറയുന്ന കണക്കുസാറായ രാജൻമാഷിലൂടെയാണ് ഈ കഥ അനാവരണം ചെയ്യുന്നത്.

കഥ പറച്ചിലിന്റെ സാമർത്ഥ്യം കൊണ്ട് സവിശേഷമായി അനുഭവപ്പെട്ട ഒരു കഥയാണ് എം പി രാജേഷിന്റെ *ഗോപാലൻ* (ഗ്രന്ഥാലോകം). വാസ്തവത്തിൽ വലിയ പ്രമേയമോ സംഘർഷമോ ഒന്നുമുള്ള കഥയല്ല ഇത്. ഒന്നുമില്ലേ എന്ന് ചോദിച്ചാൽ എന്തെല്ലാമോ ഉണ്ടെന്നും കാണാം. കാലങ്ങളായി പറഞ്ഞുപോന്നതും നമുക്ക് എവിടെയെല്ലാമോ പരിചയം തോന്നുന്നതുമായ കഥയാണിത്. കഴിഞ്ഞ തലമുറയിലെ അച്ഛനും അടുത്ത തലമുറയിലെ മകനും ഇടയിൽ നിൽക്കുന്ന ഈ തലമുറയിലെ ഗോപാലനാണ് ഇതിലെ നായകൻ. അച്ഛന്റെ വാത്സല്യം, സ്നേഹം എന്നിവ ഗൃഹാതുരത്വസ്മരണയോടെ അയാൾക്ക് അനുഭവിക്കാൻ കഴിയുന്നത് പുതുതലമുറയിലെ മകൻ നൽകുന്ന അപരിചിതത്വവുമായി താരതമ്യപ്പെടുത്തുമ്പോഴാണ്. ഏ.കെ.ജി മരിക്കുന്ന അന്ന് ജനിച്ചതുകൊണ്ടാണ് അച്ഛൻ അയാൾക്ക് ഗോപാലൻ എന്ന് പേരിട്ടത്. ആറ്റുകുഴിക്കുണ്ടിൽ എന്ന വീട്ടുപേരും കൂടിച്ചേർത്ത് അയാൾ ഏ.കെ.ജി ആകുന്നു. അതിൽ ആദ്യം അഭിമാനവും പിന്നീട് അപമാനവും തോന്നുന്നു. ഏതോ സമരത്തിന് മുദ്രാവാക്യവും വിളിച്ച് പോകുന്ന ഏ.കെ.ജിയെ സ്കൂൾബസ്സിൽ കൂട്ടുകാർ കാണിച്ച് കൊടുക്കുമ്പോൾ മകന് അപമാനമാണുണ്ടാകുന്നത്. പണ്ട് തന്റെ അച്ഛന്റെ രാഷ്ട്രീയപ്രവർത്തനവും ഒളിവ് ജീവിതവും പോലീസ് അന്വേഷിച്ച് വരുന്നതും മറ്റും താൻ അഭിമാനത്തോടെയാണ് കണ്ടിരുന്നത്. ഇത്തരത്തിൽ തലമുറയുടെ മാറ്റം സൂചിപ്പിക്കുന്ന ഈ കഥ അവതരണത്തിൽ അപൂർവചാരുത സൃഷ്ടിക്കുന്നുണ്ട്; നമ്മുടെ മനസ്സിൽ ഉടക്കിനിൽക്കുന്നുണ്ട്. അവതരണത്തിൽ ഈ വിധം അപൂർവചാരുത വരുത്തുക എന്നത് ഒരു നല്ല കഥാകൃത്തിന് അവശ്യം വേണ്ട ഗുണവുമാണ്.


ഉണ്ണി ആർ.

വായനക്കാരെ ഞെട്ടിപ്പിക്കുന്ന ഒരു കഥയാണ് എം. ഭാസ്കരന്റെ *സത്യഭാമയും പ്രിയംവദയും* (ചന്ദ്രിക 3-9). സഹദേവൻ എന്നൊരാൾ സുജാത എന്ന വീട്ടമ്മയെ പറഞ്ഞ് ധരിപ്പിച്ച് രണ്ട് അനാഥപെൺകുട്ടികളെ സംരക്ഷിക്കാൻ ഏൽപ്പിക്കുന്നു. ട്രസ്റ്റിന്റെ പുതിയ തീരുമാനമാണ് സമ്പന്നരായവരുടെ കുടുംബങ്ങളിൽ അനാഥകുട്ടികളെ വളർത്തുകഎന്നത്. ട്രസ്റ്റ്തന്നെ എല്ലാം നോക്കിക്കൊള്ളും. അങ്ങനെ സത്യഭാമയും പ്രിയംവദയും സുജാതയുടെ കുടുംബത്തിലായി. സഹദേവൻ ഇടയ്ക്കെല്ലാം വരും. യഥേഷ്ടം സമ്മാനങ്ങൾ നൽകും. ഒരു ദിവസം വിലകൂടിയ ഒരു കാറിൽ അവരുടെ സ്പോൺസർ വരുന്നു. അന്ന് സ്കൂളിൽ പോകാതെ സത്യഭാമ ലീവെടുത്തു. സ്പോൺസർ വരുന്ന ദിവസങ്ങളിൽ സത്യഭാമയും പ്രിയംവദയും മാറിമാറി ലീവെടുത്തുകൊണ്ടേയിരുന്നു. ഒന്നുംപറയാൻ പറ്റാത്തവിധം കെണിയിലകപ്പെട്ടുപോയ സുജാതയുടെ വിക്ഷുബ്ധതകളാണ് ഈ കഥയിൽ വായനക്കാർ അനുഭവിക്കുന്നത്.

അവതരണരീതികൊണ്ട് രസകരമാക്കിയ കഥയാണ് തനൂജ എസ് ഭട്ടതിരിയുടെ *വെരി ഡിഫറന്റ്* (മാധ്യമം-19). വിശ്വാസങ്ങളും ജീവിതാവസ്ഥകളും കൂടിക്കുഴയുമ്പോൾ യുക്തി നഷ്ടപ്പെടുന്നതിനെ ഈ കഥ ഓർമ്മിപ്പിക്കുന്നു. അമ്പലമുറ്റത്ത് നിന്ന് ഒരു നായയെ പോലെ നിലത്ത് കിടക്കുന്ന ചോറ് തിന്നുന്ന ഒരു സുന്ദരിയെ കണ്ട് വെരി ഡിഫറന്റ് എന്ന ടിവി പ്രോഗ്രാമിലെ ജേണലിസ്റ്റ് നടത്തുന്ന അന്വേഷണമാണ് ഇക്കഥ. ആ സ്ത്രീക്ക് ഒരു വളർത്തുനായ ഉണ്ടായിരുന്നു. ആരെങ്കിലും വച്ചുവിളമ്പുന്ന ആഹാരമേ ആ നായ കഴിക്കൂ. അവർ സ്ഥലം മാറിയപ്പോൾ അതിന് ഭക്ഷണം കൊടുക്കാൻ ആരുമില്ലാതായി. അമ്പലത്തിലെ പൂജാരി നേദിക്കാൻ കൊണ്ടുപോയ ചോറിൽ നിന്ന് അല്പം ആ പട്ടിക്ക് കൊടുത്തു. അടുത്തു തന്നെ ആ പൂജാരി മരിച്ചു. ദൈവത്തിന് കൊടുക്കാനുള്ള ചോറ് പട്ടിക്ക് കൊടുത്തത് കൊണ്ടാണത്രേ ഈ അപായങ്ങളെല്ലാമുണ്ടായത്. അതിന് പ്രായശ്ചിത്തമാണ് ഇവരുടെ ഈ പ്രവർത്തി. തന്റെ മകനെയെങ്കിലും അവർക്ക് രക്ഷപെടുത്തണം. നമ്മുടെ ആധുനികജീവിതത്തിന്റെ യുക്തി നഷ്ടപ്പെടുകയും വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും ഏറെ സ്ഥാനം നേടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം കഥകൾക്ക് വലിയ പ്രാധാന്യമുണ്ട്.


തനൂജ എസ്. ഭട്ടതിരി

അന്ധവിശ്വാസത്തിന്റെ നേരെ മറുവശമായ ശക്തിയുടെ മുഖമാണ് കെ.എം ഷരീഫിന്റെ *റീനയുടെ മകൾ* എന്ന കഥയിൽ കാണുന്നത്(മാധ്യമം-12). അതിലെ ആഖ്യാതാവായ സുരേഷിന്റെ കാഴ്ചയിലൂടെയാണ് ചരിത്രവും രാഷ്ട്രീയവും എല്ലാം ഇഴപിരിയുന്നത്. എൺപതുകളിലെ കാമ്പസ്, കേരള രാഷ്ട്രീയം, വിദ്യാർത്ഥി രാഷ്ട്രീയം, വിപ്ലവപ്രസ്ഥാനങ്ങൾ, വിദേശജീവിതം തുടങ്ങി വലിയ ഒരു ക്യാൻവാസിലാണ് ചിത്രീകരണം. ആ തലമുറയിലെ ഒരു ഫയർ ബ്രാന്റാണ് റീന. മൈസൂരിൽ നിന്നും രാത്രിവണ്ടിയിൽ തനിയെ തിരിച്ചു വരികയും നേരം വെളുക്കുന്നതിനു മുന്നേ ബസിറങ്ങി വീട്ടിലേക്കു നടക്കാൻ ശഠിക്കുകയും ചെയ്ത റീനയുടെ മകൾ തന്നെ ബലാൽസംഗം ചെയ്യാൻ വന്നവരെ ചെറുത്ത് തോൽപിക്കുകയും അതിനെ വളരെ നിസ്സാരവൽക്കരിച്ച് കാണിക്കുകയും ചെയ്യുന്നു ഈ കഥയിൽ.

എം. ഷാജഹാന്റെ *പരോൾ* എന്ന കഥ കഥപറച്ചിലിന്റെ മേന്മ കൊണ്ട് ശ്രദ്ധേയമാണ്. ജീവപര്യന്തം സൃഷ്ടിക്കപ്പെട്ട ജനാബ് ആലം എന്ന വൃദ്ധന് അവിചാരിതമായി ഏഴ് ദിവസത്തെ പരോൾ ലഭിക്കുന്നു. പുറത്തിറങ്ങിയ അയാൾക്ക് പോകാനൊരിടമില്ല. ഓർമ്മകളിലൂടെയുള്ള യാത്രയിൽ അയാൾ ജയിലിൽ എത്തിച്ചേരാനുള്ള കാരണം വെളിപ്പെടുത്തുന്നു. സൽമ എന്ന സുന്ദരി. ഓഫീസിൽ തന്റെ അസിസ്റ്റന്റ്, അവളോടുള്ള തന്റെ പ്രായം മറന്ന ആവേശം കൊലപാതകത്തിൽ എത്തിക്കുന്നു. എന്നാൽ അവളുടെ ആത്മാവ് എപ്പോഴും തന്നോടൊപ്പമുണ്ട്. അങ്ങനെ നടന്നു പോകവേ ഒരു ദിവസം ആളൊഴിഞ്ഞ ഇരുണ്ട മൂലയിൽ പിടിവലിയും ഒരു പെണ്ണിന്റെ ഉച്ചത്തിലുള്ള വിലാപവും. അയാൾ ഓടിച്ചെന്നു. നാലഞ്ചു പേർ ഒരു പെണ്ണിനെ പിച്ചിചീന്തുന്നു.അത് തന്റെ സൽമ തന്നെ. അയാൾ ഒരു കരിങ്കല്ലെടുത്ത് ഒരുവന്റെ തലയ്ക്കടിച്ച് അവളെ രക്ഷപ്പെടുത്തുന്നു. കണ്ണീരിൽ തിളങ്ങുന്ന കണ്ണുകൾ കൊണ്ട് അവൾ അയാൾക്ക് നന്ദി പറഞ്ഞു. അതു കഴിഞ്ഞ് അവളുടെ ഭാവം മാറി. തീക്ഷ്ണമായ കണ്ണുകൾ കൊണ്ട് അയാളുടെ കണ്ണുകളിൽ ഉറ്റു നോക്കി അവൾ അയാളോട് പറഞ്ഞു. ഇനി ഇക്കാര്യം പറഞ്ഞ് മുതലെടുക്കാൻ വന്നേക്കരുത്. എല്ലാം കണക്കാ. എന്നു പറഞ്ഞവൾ അകന്നുപോയി. അതോടെ അയാളുടെ മനസ്സിൽ നിന്നും സൽമ ഇല്ലാതാകുന്നു. അതോടെ അയാളുമില്ലാതാകുന്നു.

സ്വതസിദ്ധമായ ആഖ്യാനശൈലി കൊണ്ട് രസകരങ്ങളായ കഥകൾ എഴുതിയിട്ടുള്ള ആളാണ് യു കെ കുമാരൻ. കഴിഞ്ഞ മാസം അദ്ദേഹം എഴുതിയ കഥയാണ് *രത്നാകരൻ* (മനോപൂർണിമ). കള്ളുകുടിയും ജയിൽശിക്ഷയുമായി കുടുംബം നോക്കാതെ നടന്നിരുന്ന രത്നാകരന് നായകന്റെ വാക്കുകൾ കേട്ട് ഉത്തരവാദിത്തബോധം ഉണ്ടാകുന്നതാണ് കഥ. കഥയുടെ മേന്മയല്ല, അവതരണരീതിയാണ് ഈ കഥയുടെ മനോഹാരിതയും പ്രത്യേകതയും. എഴുപതുകളിലെ നൊസ്റ്റാൾജിക് പ്രേമത്തെയും വർത്തമാനത്തിന്റെ നഷ്ടങ്ങളെയും സൂചിപ്പിക്കുന്ന കഥയാണ് രവിവർമ്മത്തമ്പുരാന്റെ *ന്യാസം* (കലാകൗമുദി-25).

*കഥയിൽ ഇല്ലാത്ത കഥാപാത്രങ്ങൾ* എന്ന പേരിൽ കലവൂർ രവികുമാർ എഴുതിയ കഥയും ഏറെ ശ്രദ്ധേയമാണ് (മലയാളം-23). സ്വപ്നങ്ങളും പ്രതീക്ഷകളും തകരുമ്പോഴും മാനവികതയെക്കുറിച്ച് പ്രസംഗം നടത്തേണ്ടി വരുന്നവരുടെ നിസ്സഹായതയാണ് ഇതിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. കരുണേട്ടൻ എന്ന കഥാകൃത്തിനോട്, അയാളുടെ എഴുത്തിലെ നിലപാടുകളോട് ആദരവ് തോന്നിയ ഒരു യുവാവ് പിന്നീട് കരുണേട്ടന്റെ സഹപ്രവർത്തകനാകുമ്പോൾ ഇത് താൻ പണ്ട് കണ്ട ആളല്ലല്ലോ എന്ന് അമ്പരക്കുന്നു. പിന്നീട് കരുണേട്ടന്റെ സ്ഥാനത്ത് താനെത്തുമ്പോഴാണ് പഴയകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകന്റെ മകനും പാർട്ടി യുവജനസംഘടനയിൽ പ്രവർത്തിച്ചവനുമായ അയാൾക്ക് സ്വയം ശൂന്യത ബോധ്യപ്പെടുന്നത്.

അക്ബർ കക്കട്ടിലിന്റെ *ഓംശാന്തി* വളരെ രസമുള്ള ഒരു കഥയാണ് (ദേശാഭിമാനി-18). മരിക്കാൻ തീരുമാനിച്ച കൃഷ്ണകുമാർ എന്ന ആൾ കലാപം വരുന്നു എന്നറിഞ്ഞപ്പോൾ വീടിനകത്ത് കയറി ഒളിക്കുന്നതാണ് ഈ കഥ. മരണം എന്ന സത്യത്തെയും സമകാലിക സംഭവങ്ങളെയും ഓർമ്മപ്പെടുത്തുന്നു ഈ കഥ.

*കോത്താഴംകഥകൾ* എന്ന പേരിൽ ടി.പി. വേണുഗോപാൽ എഴുതിയ കഥ ലാളിത്യംകൊണ്ട് ശ്രദ്ധേയമാണ്. (ചന്ദ്രിക 24-30). പണ്ട് പാരലൽകോളേജ് നടത്തിയിരുന്ന എക്സലന്റ് സുരേന്ദ്രന്റെ ഇന്നത്തെ ജീവിതമാണ് ഈകഥയിൽ. ഇന്നത്തെ ഒരു നാട്ടിൻപുറത്തെ മദ്ധ്യവർഗ്ഗ ജീവിതം ഈ കഥയിൽ കാണാം. മകൾ ടി.വിയിൽ അലാവുദ്ദീനും അദ്ഭുതവിളക്കും കണ്ടുകഴിയുമ്പോഴേക്ക് അവളുടെ ഹോംവർക്ക് ചെയ്തുതീർക്കണം സുരേന്ദ്രന്. ചാനലുകൾ മാറുമ്പോൾ കൃഷിദർശൻ വരുന്നുണ്ട്. വയലുകൾ നികത്തി കെട്ടിടം വച്ചവർ ടെറസ്സിൽ കൃഷിചെയ്യേണ്ടതിന്റെ ആവശ്യകത ഒരാൾ ബോധ്യപ്പെടുത്തുന്നു. റേഷൻ കടയിൽ രണ്ട് രൂപയ്ക്ക് കിട്ടുന്ന അരിയാണ് സുരേന്ദ്രന് ഇപ്പോൾ ആഹാരത്തിനുള്ളത്. എന്നാൽ മകളുടെ ഹോംവർക്കിനുള്ള കോത്താഴം സുരേന്ദ്രന് പിടികിട്ടാതെ വഴുതിപോകുന്നു.

പ്രതിജനഭിന്ന വിചിത്രമാർഗ്ഗമായ മനുഷ്യജീവിതത്തിൽ ഓരോ വ്യക്തിയും അനുഭവങ്ങളും അനന്തമായ കാഥാസാദ്ധ്യതകൾ തുറന്നുതരുന്നവയാണ്. ഓരോ നിമിഷവും അനുഭവവും മനോഹരമായി അവതരിപ്പിക്കുക എന്നതാണ് കഥാകൃത്തിന്റെ ജോലി. എത്ര മനോഹരമായി അവതരിപ്പിച്ചാലും ഇഷ്ടപ്പെടാത്തവരും ലോകത്തുണ്ട്. ഭിന്നരുചിർഹി: ലോക: എന്നാണല്ലോ പറയുന്നത്. അത്തരം ഭിന്നരുചികളെ തൃപ്തിപ്പെടുത്തുകയാണ് ഭിന്നഭിന്നങ്ങളായ കഥകളെ കൊണ്ട് സാഹിത്യകാരന്മാർ നാളിതുവരെ ചെയ്തുപോന്നിട്ടുള്ളത്. അതായത് എഴുത്ത് തുടങ്ങുന്നതിനുമുമ്പേ തന്നെ കഥകളുണ്ടായിരുന്നു. ഇനി മനുഷ്യനുള്ള കാലം വരെ കഥ നിലനിൽക്കുകയും ചെയ്യും. കഥകഴിയുന്നതോടെ എല്ലാം കഴിയും. ■





## കാവ്യാനുശീലനം

**എസ്.കെ. വസന്തൻ**

സൂക്ഷ്മമായ ആഖ്യാന-ആസ്വാദന സവിശേഷതകൾ ഉൾക്കൊള്ളുന്ന
ഏഴു പ്രൗഢ പ്രബന്ധങ്ങളുടെ സമാഹാരം.

പേജ് : 210 വില : 130.00

*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

## കവിതയുടെ
## വർത്തമാനം



# ബഹുസ്വരതയുടെ മാർച്ച്

**ഡോ. ആർ. ശ്രീലതാവർമ്മ**

**വൈ**വിധ്യങ്ങളിലൂടെയുള്ള സാംസ്കാരിക സ്വത്വനിർമ്മിതികളെക്കുറിച്ച് ഇന്ന് നാം മുൻപ് എന്നത്തെക്കാളും ബോധമുള്ളവരാണ്. ഇന്നത്തെ നമ്മുടെ ലോകബോധം തെളിവുറ്റതാണെന്ന വിശ്വാസമില്ലെങ്കിലും മാർച്ച് മാസത്തിലെ കവിതകളിൽ ജീവിതാനുഭവങ്ങൾ ബഹുസ്വരതയാർന്ന് പരിണമിക്കുന്നു എന്നത് ആശാവഹമായ ഒരു കാഴ്ചയാണ്. കവിതകളുടെയും കവികളുടെയും അമ്പരപ്പിക്കുന്ന സമൃദ്ധി കാഴ്ച വച്ചുകൊണ്ടാണ് മാർച്ച് മാസം കടന്നുപോയത്.

'പാതിയൊഴിഞ്ഞ കിടക്ക' ബിന്ദുകൃഷ്ണന്റെ ശക്തമായ രചനയാണ് (മാതൃഭൂമി, മാർച്ച് 18-24). വ്യവസ്ഥാപിത സങ്കല്പനങ്ങളെ വളരെ നിസ്സംഗമായി തകർക്കുകയാണ് കവി ഇവിടെ. ഗോത്രത്തെയോ, വംശത്തെയോ, ജനതയെയോ രക്ഷിക്കാൻ സന്നദ്ധരായി ഇറങ്ങിപ്പുറപ്പെടുന്നവർ തങ്ങളുടെ ഉറ്റവർക്കായി അവശേഷിപ്പിക്കുന്നത് സഹനത്തിന്റെ നിലയില്ലാക്കയങ്ങളാണ്. അത്തരം കയങ്ങളിലാണ്ടു പോകുമ്പോൾ 'സർവസംഗപരിത്യാഗ'ത്തിന്റെ ഭീകരാർത്ഥവും 'സ്വാതന്ത്ര്യ'ത്തിന്റെ നാനാർത്ഥവും 'കരുണ'യുടെ ദ്വയാർത്ഥവും സൂക്ഷ്മമായി വേർതിരിഞ്ഞു കിട്ടുന്നു. ലോക (സാമൂഹിക) ധർമ്മങ്ങൾക്കൊപ്പം വൈയക്തികധർമ്മങ്ങളും ജീവിതകാമനകളും നിറവേറുമ്പോൾ ജീവിതം അർത്ഥവത്താകുന്നു. കവിത അവസാനിക്കുമ്പോൾ നിറവേറപ്പെടാത്ത കാമനകളുടെ പേരിലുള്ള ആത്മരോഷമോ പുരുഷനും പെണ്ണിനും ലോകത്തെ പകുത്തിട്ട ആദിമവിവേചനങ്ങളോടുള്ള എതിർപ്പോ അല്ല പ്രതീതമാകുന്നത്. മറിച്ച്, ആത്മാവിൽ സ്വതന്ത്രയായവൾക്ക് - കവിതയിലെ യശോധരയ്ക്ക് - തന്നെക്കുറിച്ചുള്ള സൂക്ഷ്മബോധ്യങ്ങളാണ് അതിജീവനത്തിനുതകുന്നത് എന്ന യാഥാർത്ഥ്യമാണ്. ഈ ബോധ്യങ്ങൾ മാത്രമാണ് അവളെ അനാഥത്വത്തിൽ നിന്നും ആത്മനാശത്തിൽ നിന്നും രക്ഷിക്കുന്നത്. ഭർത്താവ് ലോകത്തിനായി സമർപ്പിക്കപ്പെട്ടവനാകുമ്പോൾ ഭാര്യയുടെ അടഞ്ഞ ജീവിതം ദുഃഖത്തിലും ത്യാഗത്തിലും വാഴ്ത്തപ്പെടണമെന്ന നടപ്പ് പ്രതീക്ഷയെ കവി തകർക്കുന്നുണ്ട്.



ചെമ്മനം ചാക്കോ

പ്രകൃതിയിലെയും മർത്ത്യജീവിതത്തിലെയും ഭിന്നതകളെ സ്പർശിച്ചു പോകുന്നു ഷിബു ഷൺമുഖം തന്റെ 'വീണപൂവ്' എന്ന കവിതയിൽ (മാതൃഭൂമി, മാർച്ച് 11-17). ഭിന്നതകൾ നിലനിൽക്കുന്നുണ്ടെങ്കിലും മണ്ണടിയുമ്പോൾ പിരിയാതെ കൂടെയുണ്ടാകുന്നു എന്നത് ഏത് കടുത്ത വൈരുധ്യത്തെയും സമീകരിക്കുന്ന ഒന്നാകുന്നു.


മുന്നിലേയ്ക്കായുമ്പോഴും
പിന്നിലേയ്ക്കത്രേ വാസന

എന്നത് പ്രകൃതിഘടകങ്ങളിൽ സ്വാഭാവികമായ ഒരു അവസ്ഥയായിരിക്കുമ്പോൾ, മനുഷ്യനിൽ, മുക്തിനേടാൻ കഴിയാത്ത ഒരു ജന്മവാസനയായിത്തീരുന്ന വിപര്യയം കവിയുടെ കാഴ്ചയിലുണ്ട്. ഇവിടെ,

ജന്തുവിന്നു തുടരുന്നു വാസനാ-
ബന്ധമിങ്ങുടലുവീഴുവോളവും

എന്ന് ആശാനിലേക്ക് ദൂരമില്ലാതാകുമ്പോൾ 'വീണപൂവ്' എന്ന ശീർഷകവും 'ശബളാഭമാം', 'വൈരാഗി' തുടങ്ങിയ പ്രയോഗങ്ങളും ആശാൻ സാന്നിധ്യത്തിന്റെ അടയാളങ്ങളാകുന്നു.

മതേതരത്വത്തിലുള്ള വിശ്വാസത്തെക്കുറിച്ച് ആകുവോളം പ്രസംഗിച്ചും ഉപന്യസിച്ചും കഴിയുകയും ഉള്ളിൽ മതപരതയെ കഴിയുന്നത്ര ആശ്ലേഷിക്കുകയും ചെയ്യുന്ന ഇരട്ടരീതി, ഒരുപക്ഷേ, കാലഘട്ടത്തിന്റെ ഫാഷൻ പോലുമാകുന്നുണ്ട്. കപടമായ ഈ രീതി ആവിഷ്ക്കരിച്ചുകൊണ്ട് അനുവാചകരെ ശക്തമായ ആത്മവിമർശനങ്ങളിലേക്ക് നയിക്കുന്ന കവിതയാണ് മലികാമർയം മാധ്യമം ആഴ്ചപ്പതിപ്പിലെഴുതിയ 'പച്ചപ്പരമാർത്ഥം അഥവാ പച്ചയുടെ പരമാർത്ഥം'. മതം മനുഷ്യനു (വ്യക്തിക്ക്) വേണ്ടിയല്ല സമൂഹത്തിനു വേണ്ടിയാണ് എന്ന വിശാലമായ ചിന്താഗതിയുടെ അഭാവത്തിലാണ് പ്രത്യേക മതവിഭാഗം എന്ന വിഭാഗീയ വീക്ഷണം ഉടലെടുക്കുന്നത്. ഇന്ത്യയുടെ മതേതര വീക്ഷണങ്ങൾക്ക് രാഷ്ട്രീയമായ അടിത്തറയുണ്ടെന്ന് സമ്മതിക്കുമ്പോൾത്തന്നെ മതം രാഷ്ട്രീയത്തിലും, രാഷ്ട്രീയം മതത്തിലും നടത്തുന്ന കടന്നുകയറ്റങ്ങളുടെ അനഭിലഷണീയത കവിതയിൽ തെളിയുന്നു.




എസ്. ജോസഫ്

പള്ളീപ്പോയ കുറ്റത്തിന്
മക്കളെ പോലീസ് പിടിച്ചാലും
നാളെ, ഈ പറയുന്ന ഞാൻ പോലും
തീവ്രവാദിയായി പോവില്ലെന്നതിന്
എന്താ ഉറപ്പ്?

എന്ന ചോദ്യം ജനാധിപത്യ ധ്വംസക

മായ സർനിലപാടുകളിലും ആഞ്ഞുതറയ്ക്കുന്നത് ശ്രദ്ധി ക്കാം.

മേൽ സൂചിപ്പിച്ച ആത്മവിമർശനപരതയുടെ നിശിതയു ക്തികൾ തന്നെയാണ് പി.എൻ. ഗോപീകൃഷ്ണന്റെ 'അസ്സലും പകർപ്പും' (ഭാഷാപോഷണി) നിലയുറപ്പിക്കുന്നത്. ആഖ്യാനാത്മകമായ ഈ കവിത സാമൂഹിക ജീവിതത്തിൽ വന്നുകൊണ്ടിരിക്കുന്ന വിപര്യയങ്ങൾ മനുഷ്യവ്യക്തിത്വത്തെ അപ്രതീക്ഷിതമാം വിധം മാറ്റിത്തീർക്കുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. കവിയാണ് കവിത യിലെ വക്താവ്. ഒരു അത്യാവശ്യ സന്ദർഭ ത്തിൽ സൈനുദ്ദീൻ എന്ന സുഹൃത്താണ് കവിക്ക് പണം നൽകി സഹായിക്കുന്നത്.


ഇയ്യങ്കോട് ശ്രീധരൻ

സൈനുദ്ദീൻ കൈമാറിയ പണവുമായി ബാങ്കിലെത്തിയ പ്പോൾ കാഷ്യർ അഞ്ഞൂറിന്റെ നോട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഏട്ടീഎമ്മീന്നെടുത്തതാ എന്ന സ്വന്തം വിശദീകരണത്തിൽ തൃപ്തിപോരാത്തതുപോലെ സൈനു ദ്ദീൻ എടുത്തു തന്നതാ എന്ന് കവി കൂട്ടിച്ചേർക്കുന്നു. സൈനു ദ്ദീൻ എന്ന പേരിനെ ആശ്രയിച്ചാണ് കവിതയുടെ അനന്തര വികാസ പരിണാമങ്ങൾ.

വിക്കി വിക്കി
'ഏട്ടീ എമ്മീന്നെടുത്തതാ'
എന്നു പറഞ്ഞു
തിരുത്തി
'സൈനുദ്ദീൻ എടുത്തു തന്നതാ'
'ആര്?' കാഷ്യർ ചോദിച്ചു
'സൈനുദ്ദീൻ'
പാക്കിസ്ഥാനീന്നാ
കള്ളനോട്ടിന്റെ വരവ്
കാഷ്യർ പറഞ്ഞു.

അലങ്കാരങ്ങൾ പോലെ നാം എടുത്തണിയുന്ന നാട്യ ങ്ങളെ നിശ്ശേഷം തകർത്ത്, ഉള്ളുകള്ളികൾ പുറത്തുകൊണ്ടു വരാൻ ഇവിടെ കവിക്ക് കഴിയുന്നു. സുഹൃത്തും അയാളുടെ സഹായ മനഃസ്ഥിതിയും സംശയത്തിന് വഴിപ്പെടുന്നത് അയാളുടെ മതത്തെ മുൻനിർത്തി മാത്രമാണ്.

ജീവജാലങ്ങൾക്കിടയിൽ
ഒരേ ഒരു ഭീകരസംഘടനയേ
പ്രവർത്തിക്കുന്നുള്ളൂ : മനുഷ്യൻ

എന്ന് ഗോപീകൃഷ്ണൻ 'പ്രേതം' എന്ന കവിതയിൽ (മാധ്യ മം, മാർച്ച് – 19) എഴുതിയത് 'അസ്സലും പകർപ്പും എന്ന കവി തയുടെ പൂർണമായി വായിക്കാം.

'മൂന്നു വൃദ്ധകൾ' എന്ന കവിതയിൽ (ഭാഷാപോഷിണി) മതവിശ്വാസത്തിന്റെ പേരിൽ പടരുന്ന സാമൂഹിക തിന്മകളെ കെ.ആർ. ടോണി ആക്ഷേപഹാസ്യത്തിൽ അവതരിപ്പിക്കുന്നു. അഞ്ച് ഖണ്ഡങ്ങളു ള്ളതാണ് ഈ ആഖ്യാനാത്മകകവിത.


റഫീക്ക് അഹമ്മദ്

ഒരു രീതിയിലും സമത്വവും
തിരുദേവാലയവും മുഖാമുഖം
പെരുമാറുകയില്ല, വേവുകി–
ല്ലതിനാൽ മാർക്സിസമിങ്ങൊരിക്കലും!

എന്നാണ് മാനവസത്തയുടെ നേരെ പുറംതിരിഞ്ഞു നിൽക്കുന്ന മതവിശ്വാസത്തെക്കുറിച്ച് കെ.ആർ. ടോണി രേഖ പ്പെടുത്തുന്നത്. വൈരുധ്യങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ആഖ്യാനരീതിയാണ് ഈ കവിതയുടെ ആന്തരിക ശക്തി.

രചനാസൗന്ദര്യത്താൽ അനുഗൃഹീതങ്ങളായ രണ്ട് കവി തകളാണ് റഫീക്ക് അഹമ്മദിന്റെ തിര(യൽ) (മാധ്യമം, മാർച്ച് 19), 'ആ പൂച്ച പോയ ശേഷം' (മാതൃഭൂമി, മാർച്ച് – 25) എന്നി വ. ഓരോ അന്വേഷണത്തിനു പിന്നിലും പൂർണതയിലെത്താ നുള്ള വെമ്പൽ മാത്രമല്ല, അപൂർണതയെ ക്കുറിച്ചുള്ള വ്യഥയുമുണ്ട്. കടലിന്റെ അവിരാമമായ തിരയലാണ് തിര എന്നും, പല നാളുകളായുള്ള തിരയലാണ് കട ലിനെ അഗാധമാക്കിയത് എന്നും പറയു മ്പോൾ അന്വേഷണവും അഗാധതയും തമ്മിലുണ്ടാകുന്ന പൊരുത്തം അനുഭൂതി യുടെ പൂർണതയായിത്തീരുന്നു.


ഡി.വിനയചന്ദ്രൻ

പകുതി മുറിഞ്ഞൊരു വാക്കിൻ ബാക്കി
യെ,
നിഴലതിൻ രൂപത്തെയന്നപോലെ
മറുപാതി തേടും മനസ്സിന്നശാമ്യമാം
പിടയലാണലയാഴിയായി മാറി


എന്ന് ആഴത്തിന്റെ മുദ്രകൾ വാക്കിലും രൂപത്തിലും മന സ്സിലും കവി വ്യാപിപ്പിക്കുന്നു. 'ആ പൂച്ച പോയ ശേഷം' വ്യത്യസ്തവ്യാഖ്യാനങ്ങൾക്ക് വഴിയൊരുക്കുന്ന കവിതയാണ്. പൂച്ചയെ ചാക്കിലാക്കി ദൂരെക്കളഞ്ഞാലും തിരിച്ചെത്തുന്ന താണ് നമുക്കറിയാവുന്ന ലൗകികരീതി. പക്ഷേ, ഇവിടെ, പോയ പൂച്ച തിരിച്ചുവരുന്നില്ല എന്ന വൈപരീത്യമാണുള്ള ത്. 'See which way the cat jumps' എന്ന്ഇംഗ്ലീഷിൽ ഒരു ശൈലി പോലുമുണ്ട്. സംഗതികളുടെ പോക്ക് ഏതെല്ലാം വഴികളിലൂ ടെയാണെന്ന് മനസ്സിലാക്കി, കണ്ടും കരുതിയും പ്രവർത്തി ക്കണം എന്ന സൂചന ഈ ശൈലിയിലുണ്ട്. മനുഷ്യനെ സംബന്ധിച്ച് ഉപേക്ഷിക്കാനൊരുങ്ങിയാലും വിട്ടുപോകാത്ത ചില ശീലങ്ങൾ, ആദർശങ്ങൾ ഒക്കെയുണ്ടാകാം. ഉള്ളപ്പോൾ വിലയറിയാതിരിക്കുക, ഇല്ലാതാകുമ്പോൾ വിലയറിയുക എന്നതും മനുഷ്യസാധാരണമായ വൈപരീത്യമാണ്. ശീല ത്താൽ ബന്ധിതരായി നഷ്ടപ്പെടലുകളിൽ നിന്നു മാത്രം മൂല്യ ത്തെയും ഗുണത്തെയും തിരിച്ചറിഞ്ഞ് നമ്മൾ മാറ്റമില്ലാത്ത വരായി തുടരുന്നു. ഈ മാറാത്ത സ്ഥിതിയെ സാധൂകരിക്കാൻ ദാർശനികതയുടെ പരിവേഷമാർന്ന ചില ശ്രമങ്ങളും നാം നടത്തിവരാറുണ്ട്. ഏതു വഴിയ്ക്കായാലും ഒടുവിൽ പൊള്ള ത്തരങ്ങളുടെ, ശൂന്യതയുടെ ഭീഷണമായ സാന്നിദ്ധ്യം തിരി ച്ചറിയപ്പെടാതെ പോകുന്നില്ല.

കവി തന്റെ വൈയക്തികാനുഭവങ്ങൾ സത്യസന്ധമായി ആവിഷ്ക്കരിക്കുന്നിടത്ത് കവി പ്രതിഭയുടെ ഘടനയും സാമൂ ഹിക സ്വത്വവും തമ്മിലുള്ള സംഘർഷം തെളിഞ്ഞുവരിക സ്വാഭാവികമാണ്. ഈയൊരു സംഘർഷം ഏറ്റവും ഹൃദയ സ്പർശിയായ അനുഭവമായി മാറുക യാണ് പവിത്രൻ തീക്കുനിയുടെ 'ജപ്തി' എന്ന കവിതയിൽ (കലാകൗമുദി, മാർച്ച് 25). കോഴിക്കോട് ജില്ലാസഹകരണബാങ്കി നായി എഴുതപ്പെട്ടതാണ് 'ജപ്തി.' പലി ശയും പിഴപ്പലിശയും ഒടുക്കാനാവാശ്യ പ്പെട്ടുകൊണ്ടുള്ള ബാങ്കിന്റെ ജപ്തി നോട്ടീ സുയർത്തിയ ഭീഷണിക്കു മുന്നിൽ ഒരു വിധ പരിഹാരമാർഗങ്ങളും കവിയുടെയു ള്ളിൽ തെളിയുന്നില്ല. "ഒറ്റത്തവണ പണ്ടേ റെയിൽപ്പാളത്തിൽ തീർക്കാൻ ശ്രമിച്ചതാ" എന്ന ഓർമ്മക്ക പ്പുറം, തന്നെ ഇന്നും ലോകവിശാലതയിൽ നിലനിർത്തുന്ന ഒരേ ഒരു ജീവനോപാധി കവിതയാണെന്ന തിരിച്ചറിവ് കവി ക്കുണ്ട്. ഇളക്കിക്കൊണ്ടുപോകാൻ കഴിയാത്ത കവിസ്വത്വ ത്തെ, അംഗീകാരങ്ങളെ സ്പർശിച്ചുകൊണ്ടാണ് കവിത അവ


പി.എൻ.ഗോപീകൃഷ്ണൻ

സാനിക്കുന്നത്. ജന്മനാടിന്റെ പാരമ്പര്യ ഘോഷണങ്ങളുടെ ഭാഗമായി അക്ഷര ലക്ഷം കൊണ്ട് കവിത ആദരിക്കപ്പെട്ടിരുന്ന ഒരു പ്രാചീനകാലത്തെക്കുറിച്ച് ധാരാളം കേട്ടുകേൾവിയുണ്ട്. ഇതിൽ വാസ്തവികത ഉണ്ടായാലും ഇല്ലെങ്കിലും മഹത്തായ ചിന്തയുടെ പ്രതിനിധാനമായാണ് കവിതയുടെ നേർക്കുള്ള ആദരവിനെ കാണേണ്ടത്. മാറിയകാലം കവിതയെ അനാദരിക്കുന്നു എന്നൊന്നും പറയാറായിട്ടില്ലെങ്കിലും ഇത്തരം ദുർഘടസന്ധികളിൽ സമൂഹത്തിന്റെ ഒട്ടാകെയുള്ള സഹായഹസ്തം കവിയ്ക്കു നേരെ നീളേണ്ടതാണെന്ന കാര്യത്തിൽ സംശയത്തിനിടയില്ല.



സെബാസ്റ്റ്യൻ


അനിത തമ്പി

'പിറന്നാൾ അറിയാത്തവർ' (മാധ്യമം, മാർച്ച് – 5) എന്ന കവിതയിൽ ഡി. വിനയചന്ദ്രൻ പരേതരുടെ ലോകവും ജീവിച്ചിരിക്കുന്നവരുടെ ലോകവും തമ്മിലുള്ള അതിർവരമ്പ് മായ്ച്ചു കളയുന്നു. ജീവിച്ചിരിക്കുന്നവന്റെ ഭാഗികമായ അസ്തിത്വം മരിച്ചവരുടെ ലോകത്തിലും കൂടിയാണെന്ന് ഈ കവിത സാക്ഷ്യപ്പെടുത്തുന്നു. വിനയചന്ദ്രന്റെ മറ്റൊരു കവിതയായ 'സന്ദേഹം, സാധകം' (കലാകൗമുദി, മാർച്ച് – 25) വാച്യതലത്തിൽത്തന്നെ പല വൈരുദ്ധ്യങ്ങളെയും കുറിച്ച് സംസാരിക്കുന്നു.

അമ്മമാർ താലോലിച്ച് വളർത്തിയവർ
അടപടലേ ആയുധം വർഷിച്ച്
കുരുതി നടത്തുന്നത് എന്തുകൊണ്ട്

എന്നെല്ലാമുള്ള ചോദ്യങ്ങൾക്ക് സമകാലിക യാഥാർത്ഥ്യത്തോടുള്ള ദൃഢബന്ധം സുവ്യക്തമാണ്.


പി.കെ.ഗോപി

ദേശമംഗലം രാമകൃഷ്ണന്റെ 'അവളുടെ പേര്', 'അന്തിനേരത്തെ വാക്ക്' (മലയാളം), 'ഭൂതച്ചുഴി' (ഭാഷാപോഷിണി) എന്നീ മൂന്ന് കവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടു. 'അവളുടെപേരി'ൽ അമ്മയും വീടും കവിസ്വത്വത്തെ നിർവചിക്കുന്ന ശക്തികളായിരിക്കുമ്പോൾത്തന്നെ ബന്ധശൈഥില്യങ്ങളെക്കുറിക്കുന്ന നീറുന്ന ഓർമ്മകളുമാകുന്നു. വാക്ക് വെളിപാടാണ്, വിശേഷിച്ചും കവിയ്ക്ക്. വാക്കിനാൽ ആവിഷ്ടനാകുമ്പോൾ വെളിച്ചപ്പാടാകുന്നു കവി. പക്ഷേ സ്വന്തം വാക്കുകൾ നേരോ, നുണയോ എന്നുള്ള സന്ദിഗ്ധത കവിമനസ്സിലുണരുന്ന അന്തിനേരത്ത് കളവ് പറയാൻ പാടില്ലാത്തതിനാൽ പറയാനോങ്ങിയതിനെച്ചൊല്ലിയും കവി സംശയാലുവാകുന്നു. പറയണോ എന്ന സംശയത്തിനു പിന്നിൽ പറയാൻ കഴിയാത്തതിന്റെ ഖേദങ്ങൾ ഉരുണ്ടുകൂടുന്നത് വ്യക്തം. പക്ഷേ പറയാൻ കഴിയാത്ത അവസ്ഥയെപ്പോലും പറച്ചിലാക്കി മാറ്റുക എന്ന രാസവിദ്യ കവിതയ്ക്കു മാത്രം സ്വന്തമാണെന്ന് ഈ കവിതയുടെ ഉൾമുഴക്കങ്ങളിൽ കേൾക്കാം. ഓരോ നീതികേടിലും ഓരോ തിരസ്കാരത്തിലും ചോദ്യങ്ങളുന്നയിക്കാൻ ഒരുങ്ങുന്ന 'അവൾ' ഒടുവിൽ ഒരു ചോദ്യവും ഉന്നയിക്കാനാവാതെ കുഴിച്ചുമൂടപ്പെടുന്നതിനെക്കുറിച്ചാണ് 'ഭൂതച്ചുഴി'. കീഴടങ്ങലിന്റെ പ്രത്യയശാസ്ത്രത്തോട് കവി സന്ധിചെയ്യുന്നില്ല എങ്കിലും


ബിന്ദു കൃഷ്ണ

പെണ്ണിനെ സംബന്ധിച്ച് കാലം ആവശ്യപ്പെടുന്ന പ്രതിരോധരീതിയാണിതെന്ന് പറയുക വയ്യ.

കാല്പനികമായ മായിക സങ്കല്പങ്ങളുടെ സ്ഥാനത്ത് വാസ്തവികതാബോധത്തിന്റെ തനിമയാർന്ന അനുഭവങ്ങൾ പ്രതിഷ്ഠിതമാകുന്നതിന്റെ ചിത്രം ഒ.പി. സുരേഷിന്റെ 'അനശ്വരം' (മാതൃഭൂമി, മാർച്ച് 11) 'പരിശീലനം' (മാധ്യമം, മാർച്ച് 20) എന്നീ കവിതകളിലുണ്ട്. പൂവ് പൂവിനെ എന്നതുപോലെ ഒരു പെൺകുട്ടി മറ്റൊരു പെൺകുട്ടിയുടെ ഹൃദയത്തെ ഉൾക്കൊള്ളുന്നതിനെക്കുറിച്ചാണ് അനിതാ തമ്പിയുടെ 'പൂവ് പൂവിനെ' എന്ന കവിത (ഭാഷാപോഷിണി). എസ്. ജോസഫിന്റെ 'മകളെപ്പറ്റി' (ദേശാഭിമാനി, മാർച്ച് – 4) മുന്നോട്ടു വയ്ക്കുന്നത് ഉലയുന്ന ആത്മബന്ധങ്ങളുമായി തന്നിലേക്ക് ചുരുങ്ങി നിസ്സംഗനാകുന്ന വ്യക്തിയുടെ ചിത്രമാണ്.

എൽ. തോമസ്കുട്ടിയുടെ 'പ്രതിഷ്ഠ' (ഭാഷാപോഷിണി), 'മാട്' (അകം), 'ആയത്' (കലാകൗമുദി) ശ്രീകുമാർ കരിയാടിന്റെ 'തുറക്കാത്ത വാതിലിൽ മുട്ടുന്നവരുടെ മനോഭാവം' (പച്ചക്കുതിര), 'അനക്കോണ്ട' (ചന്ദ്രിക) ദിവാകരൻ വിഷ്ണുമംഗലത്തിന്റെ 'കുറുകൂട്ടി' (അകം) 'ശാരദാകാവ്യം' (കലാകൗമുദി) എന്നീ കവിതകൾ രചനാരീതിയുടെ വൈവിധ്യംകൊണ്ട് ശ്രദ്ധേയങ്ങളാകുന്നു.

അകം മാസികയുടെ മാർച്ച് ലക്കം കവിതകളാൽ സമ്പന്നമാണ്. ഇവയിൽ ചില കവിതകളെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. കവിതപ്പച്ച എന്ന പേരിൽ കവിതയ്ക്കു മാത്രമായി നീക്കിവച്ച 'അക'ത്തിന്റെ പുറങ്ങൾ കണ്ടപ്പോൾ സന്തോഷം തോന്നി. പി.കെ. ഗോപി, രോഷ്നി സ്വപ്ന, മനോജ്കുമാർ പഴശ്ശി, പ്രകാശൻ മടിക്കൈ, ഇന്ദുശ്രീ എരവിമംഗലം, അബ്ദുള്ള പേരാമ്പ്ര, ബാബുരാജ് മലപ്പട്ടം എന്നിവരുടെ കവിതകൾ കവിതപ്പച്ചയിൽ കാണാം.

മറ്റ് ചില രചനകളും മാർച്ച് മാസം ശ്രദ്ധയിൽപ്പെട്ടു. പി. നാരായണക്കുറുപ്പിന്റെ 'ചാനൽ മലയാളം' (കലാകൗമുദി) ചെമ്മനം ചാക്കോയുടെ 'അഭിനവ നളിനി അഥവാ ഒരു കപടസ്നേഹം' (കലാകൗമുദി) മേലൂർ വാസുദേവന്റെ 'മഴയിൽ' (ദേശാഭിമാനി), ഇയ്യങ്കോട് ശ്രീധരന്റെ 'ഓർമ്മയിൽ ഒരു പക്ഷി' (ഭാഷാപോഷിണി), കെ. രാജഗോപാലിന്റെ 'കുരവച്ചേച്ചി' (മാതൃഭൂമി) വിജേഷ് എടക്കുന്നിയുടെ 'തീർച്ച' (ചന്ദ്രിക), കുഞ്ഞപ്പ പട്ടാനൂരിന്റെ 'ഒരു പാട്ടുകഥ പോലെ' (ദേശാഭിമാനി), സെബാസ്റ്റ്യന്റെ വെളിപ്പെടുത്താനുള്ളത് (ഭാഷാപോഷിണി), ഗിരിജാ പാതേക്കരയുടെ 'മണിമുഴക്കങ്ങൾ' (ദേശാഭിമാനി), രാംമോഹൻ പാലിയത്തിന്റെ 'ബാലൻസ് കെ. നായർ' (മലയാളം), ജെനി ആൻഡ്രൂസിന്റെ 'പൊതിച്ചിൽ' (പച്ചക്കുതിര), വിനു ജോസഫിന്റെ 'ആനന്ദസാധ്യതകൾ' (മാധ്യമം), അസ്മോ പുത്തൻച്ചിറയുടെ ഇറോം ഷർമ്മിള (മലയാളം) എന്നിവ അവയിൽ ചിലതാണ്.


കെ.ആർ.ടോണി


**കവനകൗതുകം ശ്ലോകമാസിക**
അഖിലകേരളഅക്ഷരശ്ലോകപരിഷത്തിന്റെ മുഖപത്രം
**വാർഷികവരിസംഖ്യ 50 രൂപ**



*ആവശ്യപ്പെടുക:*
**സെക്രട്ടറി, അഖിലകേരളഅക്ഷരശ്ലോകപരിഷത്ത്,**
**റൂം 11, കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ – 20.**




കവല

# വായനയിലെ സൂക്ഷ്മകണങ്ങൾ

**ഡോ. പള്ളിപ്പുറം മുരളി**

എഴുത്ത് എന്നത് ഒരു സാമൂഹിക ഇടപെടലാണ്. അതിനെ സർഗാത്മകം എന്നും അല്ലാത്തത് എന്നും വേർതിരിക്കുന്നത് അർത്ഥശൂന്യമാണ്. ആസ്വാദനമെന്നത് സർഗാത്മകമായിരിക്കുന്നിടത്തോളം ഉപന്യാസങ്ങൾക്കും പഠനങ്ങൾക്കും അത് ബാധകമായിരിക്കും. അതുകൊണ്ടാണ് "വിമർശനം" എനിക്ക് ഒരു പുരുഷസാഹിത്യരൂപമാണ് എന്ന് കെ.പി. അപ്പൻ പറഞ്ഞത്. "ഏറ്റവും ശക്തമായ ആശയം, അതിന്റെ കരുത്ത് - അതിനെ വെല്ലുവിളിക്കുന്നവരിലേക്കും വിനിമയം ചെയ്യുന്നു" വെന്ന പ്രൂസ്റ്റിന്റെ നിലപാടിലേക്ക് എത്തണമെങ്കിൽ ഏതു സാഹിത്യരൂപവും സർഗാത്മകമാവണം. ഈ മാർച്ച് മാസത്തിൽ പുറത്തുവന്ന ഉപന്യാസങ്ങളും അന്വേഷണങ്ങളും പഠനങ്ങളും തിരഞ്ഞാൽ മേൽപ്പറഞ്ഞ യാഥാർത്ഥ്യം ബോധ്യമാകും.

അനുഭവങ്ങളുടെ മഞ്ഞുകടിയേറ്റു മരവിച്ച മനുഷ്യരുടെ ജാതി എപ്പോഴും ഒന്നായിരിക്കും. അല്ലെങ്കിൽ പൊതുപേരായ ദളിതൻ എന്നാവാം. സ്വന്തമായ ഒരു മേൽവിലാസം, അതിന് എന്നാവാം. സ്വന്തമായ വീട് എന്നും അർത്ഥം. അമ്മയുടെ മാറിമാറിയുള്ള ജോലിക്കിടെ പല ഇടങ്ങളിലായി കഴിച്ചുകൂട്ടിയ ബാല്യ, കൗമാര കാലത്തിന്റെ ക്ലിഷ്ടതകൾ അയവിറക്കുന്ന ലേഖനമാണ് മൈനഉമൈബാന്റെ 'വാടകവീടുകളുടെ ജാതി' (മാതൃഭൂമി ആഴ്ചപ്പതിപ്പ് -2012 മാർച്ച് 18). അപരിചിത സ്ഥലങ്ങളിൽ കുട്ടികളുമായി താമസിക്കാൻ ഒരു വാടകവീട് കിട്ടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.ഓരോ വാടക വീട് തരപ്പെടുമ്പോഴും അതിനുള്ളിൽ ഇത്രയൊക്കെ സൗകര്യങ്ങൾ ഉണ്ടാകണമെന്ന് ശഠിച്ചിട്ടും കാര്യമില്ല. മൈന ഉമൈബാൻ എഴുതുന്നു, "ആറുവീട്ടുകാർക്കും കൂടി നാലു കക്കൂസും രണ്ടു കുളിമുറിയുമായിരുന്നു ഉണ്ടായിരുന്നത്. ആരുടെതെന്ന് അത്ര നിശ്ചയമില്ലാത്തതിനാൽ അതെപ്പോഴും വൃത്തികെട്ടു കിടന്നിരുന്നു. കുളിമുറി ഭേദമായിരുന്നെങ്കിലും രാവിലെ കുളിക്കാൻ ക്യൂ നിൽക്കേണ്ടിയിരുന്നു". തന്റെ എഴുത്തിന്റെ തുടക്കം അവിടെനിന്നായിരുന്നുവെന്നും അത്തരം സാഹചര്യങ്ങളിലല്ലായിരുന്നു ജീവിതം എങ്കിൽ ഒരു എഴുത്തുകാരിയായി മാറുവാൻ തനിക്ക് കഴിയുമായിരുന്നുവോ എന്നും അവർ എഴുതുന്നു. സർഗാത്മകതയുടെ ഉറവ പലപ്പോഴും ആരംഭിക്കുന്നത് ജീവിതത്തിന്റെ തിക്താനുഭവങ്ങളിൽ നിന്നായിരിക്കും. അലങ്കാരത്തിന്റെ ആടകളില്ലാതെ മനസ് മലർക്കെ തുറന്നു പിടിക്കുന്ന ഈ ലേഖനം ഹൃദയത്തെ തൊട്ടുണർത്താതിരിക്കില്ല.



എൻ.പി.വിജയകൃഷ്ണൻ




രാധാകൃഷ്ണൻ എം.ജി.

ഭാഷയും അത് ഉപയോഗിക്കുന്ന പരസ്പര പൂരകമായ ഒരു സമൂഹവും രൂപപ്പെട്ടവയാണല്ലോ. തുളുനാട്ടിലെ കൊച്ചു ഭാഷയായ ബ്യാരിക്ക് അധികകാലത്തെ പഴക്കമില്ലെന്നും അതിന് സ്വന്തമായ ലിപിയില്ലെന്നും എന്നാൽ അടുത്തകാലത്ത് 'ബട്ടെ ബരഹ' എന്ന ലിപി കണ്ടെത്തിയെന്നും ഹിന്ദുക്കളായ ബെളിച്ചട, ബോവി സമുദായത്തിൽപ്പെട്ടവരും ഈ ഭാഷ ഉപയോഗിച്ചു വരുന്നുവെന്നും പി.വി.കെ. പനയാൽ 'എന്തുകൊണ്ടു ഞാനൊരു ബ്യാരി' എന്ന ലേഖന (ദേശാഭിമാനി വാരിക, 2012 മാർച്ച് 25)ത്തിൽ പ്രതിപാദിക്കുന്നു. ഷാഫി വിഭാഗത്തിൽ പെട്ട മുസ്ലീം സമുദായമാണ് പ്രധാനമായും ഈ ഭാഷ സ്വീകരിച്ചിരുന്നത്. "ഏഴാം നൂറ്റാണ്ടിൽ ആദ്യ ദശകങ്ങളിൽത്തന്നെ ഇറാൻ, ഇറാഖ്, സൗദി അറേബ്യ, സിറിയ തുടങ്ങിയ അറേബ്യൻ രാഷ്ട്രങ്ങളിൽനിന്ന് കച്ചവടത്തിനായി മുസ്ലീങ്ങൾ തുളുനാട്ടിലെത്തി.....തീർത്തും കച്ചവടതാല്പര്യം മാത്രമേ ഇവർക്കുണ്ടായിരുന്നുള്ളു....അവർ ഇവിടെ സ്ഥിരമായി താമസമാക്കി. മലയാളം, അറബി, കന്നട, തമിഴ് തുടങ്ങിയ ഭാഷകളുമായി നിരന്തരസമ്പർക്കത്തിൽനിന്ന് പുതിയൊരു ഭാഷ പിറവികൊണ്ടു. അതാണ് ബ്യാരി. ഹ്രസ്വമെങ്കിലും ഗവേഷണമൂല്യമുള്ള ഉപന്യാസമാണിത്. ഒരു ഭാഷയുടെ പിറവി, ഒരു സമൂഹത്തിന്റെ തന്നെ ഉല്പത്തി ചരിത്രമാണ്. ഭാഷയെന്നത് മനുഷ്യവർഗ്ഗത്തിന്റെ അസ്തിത്വം തന്നെയാണ്. ഒരു തിസീസായി വികാസം കൊള്ളാൻ മാത്രം ആശയസമ്പുഷ്ടവും ചരിത്രപരവുമായ അടയാളങ്ങളും ഈ രചനയിൽ ഉൾക്കൊള്ളുന്നു.


"പത്തൊമ്പതാം നൂറ്റാണ്ടിലെ മുതലാളിത്തത്തിൽ മാർക്സിയൻ വീക്ഷണപ്രകാരം വ്യാവസായികോല്പാദനത്തിനായിരുന്നു ആധിപത്യമെങ്കിൽ ഈ ആധിപത്യം ഇന്ന് അമൂർത്തമായ തൊഴിൽ മേഖല കൈയടക്കിയിരിക്കുന്നു." വിവര വിപ്ലവം സൃഷ്ടിക്കുന്ന സാമൂഹ്യഫലങ്ങളെ കൈകാര്യം ചെയ്യാൻ മാർക്സിയൻ സിദ്ധാന്തത്തിന് കഴിയില്ലെന്നു

മൈക്കൽ ഹാർഡറ്റും അന്റോണിയോനെ ഗ്രിയും അഭിപ്രായപ്പെടുന്നതിന്റെ വിശദാംശങ്ങൾ അടങ്ങിയ ലേഖനമാണ് സ്ലാവോയ് സിസെകിന്റെ ''ശമ്പളക്കാരായ ബൂർഷ്വകളുടെ വിപ്ലവം. (മലയാളം വാരിക 2012 മാർച്ച് 23) മലയാളം പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത് വിധുവാണ്. ഗൗരവപൂർണമായ ലേഖനത്തിനനുയോജ്യമായ തർജമ.


ഡോ. ബി.ഇക്ബാൽ

മലയാളത്തിലെ ആനുകാലികങ്ങളിൽ വര(ഇല്ലസ്ട്രേഷൻ)യുടെ രസതന്ത്രം, എം.വി. ദേവൻ ആർട്ടിസ്റ്റ് നമ്പൂതിരി, എ.എസ്. നായർ തുടങ്ങിയവരിലൂടെയാണ് ഏറെ പ്രശസ്തി നേടിയത്. കഥകളിലും മറ്റും നിറഞ്ഞുനില്ക്കുന്ന കഥാപാത്രങ്ങളെ വരകളിലൂടെ കഥയ്ക്കപ്പുറത്തേക്ക് കൂട്ടിക്കൊണ്ടുപോയ നമ്പൂതിരിയുമായുള്ള എൻ. പി. വിജയകൃഷ്ണന്റെ കൂടിക്കാഴ്ച "നൂറ് എപ്പിസോഡുകൾ, ആയിരം ചിത്രങ്ങൾ' എന്ന പേരിൽ 'ഭാഷാപോഷിണി'യിൽ (2012 മാർച്ച്) ചേർത്തിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന വഴിത്തിരിവുകൾ ചുരുക്കിപ്പറയുന്ന ഈ ലേഖനം ഒരുപക്ഷേ, തൊണ്ണൂറ്റി ഒമ്പതു എപ്പിസോഡുകളുടെ സംക്ഷിപ്തമാവാം. അദ്ദേഹത്തിന്റെ ഓർമയുടെയും വരയുടെയും രീതി ഇങ്ങനെ; "ഒരു പരമ്പര എഴുതണമെന്നു തീരുമാനമായി. ഇഷ്ടപ്പെട്ട ഓർമകൾ ധാരാളമുണ്ട്. അതൊക്കെ വെറുതേ ആലോചനയിൽ വരും". ആർജവത്വം തുളുമ്പുന്ന, ലളിതവും പ്രസന്നവുമായ ശൈലി. അളന്നുമുറിച്ച വാക്കുകൾ. ഹൃദ്യമായ പ്രതിപാദനം.

സ്ത്രീസത്വനിർമിതിയുടെ നടപ്പടയാളങ്ങളിൽ പിന്നാക്കം പോയ കാലത്തിന്റെയും പുരുഷാധിപത്യസ്ഥാപനത്തിന്റെ ചരിത്രപരവും ബോധപൂർവ്വവുമായ നിലനില്പും '1921-ലെ മലബാർ കലാപം സ്ത്രീകളുടെ ആഖ്യാനങ്ങളിൽ' എന്ന ലേഖനത്തിൽ (സംഘടിത, 2012 മാർച്ച്) ഷംഷാദ് ഹുസൈൻ അടയാളപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. സ്ത്രീ പുരുഷ വിവേചനരീതികൾ ഏതു തലങ്ങളിലാണ് നടക്കുന്നതെന്ന് ലേഖിക


പി.വി.കെ. പനയാൽ

വ്യക്തികളുടെ മൊഴിപ്പകർപ്പുകളിലൂടെ ഭംഗിയായി സാക്ഷ്യപ്പെടുത്തുന്നു. "നാമറിയുന്ന ലോകം പുരുഷന്റെ വ്യാജസമഗ്രതയിലൂടെ മാത്രം ഉരുത്തിരിയുന്നതാണ്." ജ്ഞാനസമ്പാദനത്തിലും അതുവഴി വിവേകപൂർണമായ സമീപനം കൈക്കൊള്ളുന്നതിലും സ്ത്രീ പുരുഷനോട് സമപ്പെടുമ്പോഴും അജ്ഞത നടിക്കാൻ അവർ നിർബന്ധിക്കപ്പെടുകയാണത്രേ. എല്ലാം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുമ്പോഴും അതൊന്നും പുരുഷനുമുന്നിൽ ഒരറിവായി അവതരിപ്പിക്കപ്പെടാനുള്ള അവസരമായി മാറുന്നില്ല. സാമ്പ്രദായിക നിലപാടുകളോട് കലഹിക്കുകയാണ് ലേഖിക. മലബാർ കലാപകാലത്ത് ജനിക്കുകയും അതിന്റെ തീക്ഷ്ണതയുടെ പങ്ക് ഏറ്റുവാങ്ങുകയും ചെയ്യേണ്ടിവന്ന സ്ത്രീകളെ മുൻനിർത്തി നടത്തുന്ന വിചാരണയിലൂടെ സത്യസന്ധമായ ചരിത്രരേഖകൾ നിർമിക്കുകയാണ് ഷംഷാദ് ഹുസൈൻ.

മാർച്ച് മാസത്തിലെ ലേഖനങ്ങൾ പലതും ശ്രദ്ധേയമായ പലതും ഇനിയുമുണ്ട്. കനപ്പെട്ട ചിന്തകളും അനുഭവസാക്ഷ്യങ്ങളും സമ്മാനിച്ചു കടന്നുപോയ മാർച്ച് വരും കാലത്തെക്കുള്ള സൂചനകൾകൂടി പരോക്ഷമായി നൽകുന്നുണ്ട്. പി. എം. ആന്റണി ഒരോർമ്മക്കുറിപ്പ് (പരസ്പരം മാസിക, 2012 മാർച്ച്) ഔസേഫ് ചിറ്റേക്കാടിന്റെ ലേഖനം നാടകത്തിന്റെ പ്രത്യയശാസ്ത്ര നിലപാട് പരിശോധിക്കുന്നു. ഉമ്മ മോഹനന്റെ സുകുമാർ അഴീക്കോടിനെക്കുറിച്ചുള്ള 'സാഗരത്തിലേക്കിറങ്ങുകയേതുവഴി' എന്ന ലേഖനം (2012 മാർച്ച്), ഡോ. ബി. ഇക്ബാലിന്റെ 'വാടക മാതൃത്വം വാണിജ്യമാകുമ്പോൾ', (മാതൃഭൂമി, ആരോഗ്യമാസിക, 2012 മാർച്ച്) രാധാകൃഷ്ണൻ എം.ജി. യുടെ 'വായിച്ചുതീരാത്ത ഞങ്ങളുടെ അച്ഛൻ' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2012 മാർച്ച് 25) തുടങ്ങിയ ലേഖനങ്ങളും അനുഭവത്തിന്റെയും അറിവിന്റെയും ചെറിയ ദ്വീപുകൾ നിർമിക്കുന്നു. ■


# പാറപ്പുറത്തിന്റെ നോവലുകൾ

## ശില്പവും ദർശനവും

### ഡോ. മാത്യു ഡാനിയേൽ

സമൂഹികനോവലുകളിൽ വ്യത്യസ്തമാനമുള്ള
പാറപ്പുറത്തിന്റെ നോവലുകളുടെ പഠനം.

പേജ് : 194 വില : 130.00



*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**


**കുഞ്ഞുണ്ണിമാഷ് : ഋഷിതുല്യനായ കവി**

*പേജ് 7ൽ നിന്ന് തുടർച്ച*

നാരായണനും കുഞ്ഞുണ്ണിമാഷ് എന്ന വലിയ കവി എന്ന വിഷയത്തിൽ ഡോ. കെ.ആർ. ടോണിയും കുഞ്ഞുണ്ണിമാഷും ബാലസാഹിത്യവും എന്ന വിഷയത്തിൽ ഡോ.കെ. ശ്രീകുമാറും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തന്നെ മുൻനിർത്തി കുഞ്ഞുണ്ണി എല്ലാവരുടെയും അനുഭവങ്ങൾ എഴുതുകയായിരുന്നുവെന്നും വാക്കുകളെ പൊട്ടിച്ചും പിളർത്തിയും കൂട്ടിച്ചേർത്തിയും പദ നിർമ്മിതിയിൽ ഭാവനാസഞ്ചാരം സാധ്യമാക്കിയ കവിയാണ് അദ്ദേഹമെന്നും കൽപ്പറ്റ നാരായണൻ പറഞ്ഞു. സമൂഹത്തിൽ നിന്നും അവനവനിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട കവിയുടെ വ്യക്തിത്വം കവിതയിലൂടെ ആത്മനിന്ദയുടെയും അഹങ്കാരത്തിന്റെയും വിരുദ്ധകോടികളെ സമന്വയിപ്പിക്കുകയായിരുന്നുവെന്ന് ഡോ.കെ. ആർ.ടോണി പറഞ്ഞു. കൂട്ടിയെഴുത്ത് എന്ന് ഒതുക്കിക്കെട്ടാനാവാത്ത കുഞ്ഞുണ്ണിക്കവിത ബാലഭാവനയെ ഉദ്ദീപ്തമാക്കുന്നതോടൊപ്പം മുതിർന്നവരുടെ ഭാവുകത്വത്തെ പുതുക്കിപ്പണിഞ്ഞുവെന്നും ഡോ. കെ.ശ്രീകുമാർ അഭിപ്രായപ്പെട്ടു.

കുഞ്ഞുണ്ണിമാഷ് സ്മാരക സമിതി സെക്രട്ടറി കെ. ദിലീപ് കുമാർ കൃതജ്ഞത പറഞ്ഞു. രാവിലെ കുഞ്ഞുണ്ണിമാഷുടെ സ്മൃതി കുടീരത്തിൽ പുഷ്പാർച്ചനയോടെയാണ് പരിപാടികൾ ആരംഭിച്ചത്. ■

# വൈദ്യദീപിക

ഹോമിയോപ്പതി ചികിത്സയുടെ പ്രചരണാർത്ഥം പ്രസിദ്ധീകരിച്ചിരുന്ന മാസികയാണ് വൈദ്യദീപിക. ഹോമിയോപ്പതി ഡോക്ടറായിരുന്ന ഡോ. ജി. പത്മനാഭമേനോനായിരുന്നു വൈദ്യദീപികയുടെ എഡിറ്റർ.

പാരമുത്തമപരിഷ്കൃതിയ്ക്കുടയ 'ഹോമിയോപ്പതി' ചികിത്സതൻ-
സാരമിസ്സകലി കേരളീയരുമറിഞ്ഞുയർച്ചയതിനേകുവാൻ,
ധീരയായി വിലസുന്ന മാസിക - സു 'വൈദ്യദീപിക' മഹാ/ഗദ-
ങ്കാരരൂപധര 'പത്മനാഭ' കൃപയാൽ ചിരംഭൂമി വിളങ്ങണം

എന്ന മംഗളശ്ലോകത്തോടുകൂടിയാണ് 1090 (1915) വൃശ്ചികത്തിൽ വൈദ്യദീപികയുടെ ഒന്നാം ലക്കം പുറത്തിറങ്ങിയത്. ഹോമിയോപ്പതി ഔഷധങ്ങൾ, ചികിത്സാക്രമങ്ങൾ, ഭക്ഷണരീതികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളാണ് വൈദ്യദീപികയിൽ പ്രസിദ്ധീകരിച്ചിരുന്നത്. ചേർത്തലയിലുള്ള രാമചന്ദ്രവിലാസം പ്രസ്സിൽനിന്നും ഡോ. ജി പത്മനാഭമേനോനായിരുന്നു മാസിക അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നത്. മാസികയുടെ ഒറ്റപ്രതിയുടെ വില 5 അണയായിരുന്നു.

## പ്രസ്താവന

ഭൂലോകത്തിന്റെ നാനാഭാഗങ്ങളും പരിഷ്കാര സൂര്യകിരണങ്ങളാൽ പ്രശോഭിതമായിരിയ്ക്കുന്ന ഈ ഇരുപതാം നൂറ്റാണ്ടിൽ എവിടെനോക്കിയാലും വർത്തമാനപ്പത്രങ്ങളും മാസികകളും ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതായിക്കാണാം.

നോക്കുക! നമ്മുടെ ഈ തിരുവിതാംകൂർ സംസ്ഥാനത്തു തന്നെ എത്ര വർത്തമാനപത്രങ്ങളുണ്ട്! എത്രമാസികകളുണ്ട്! ഇവയെല്ലാം എന്തുമാത്രം പ്രചാരത്തിലിരിയ്ക്കുന്നു.ജനങ്ങൾക്കിതുകൊണ്ട് എന്തുമാത്രം പ്രയോജനമുണ്ടായിരിയ്ക്കുന്നു? എന്നുള്ള സംഗതികൾ നമുക്കെത്രമാത്രം ചാരിതാർത്ഥതയും സന്തോഷവും ജനിപ്പിക്കുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല.

എന്നിരുന്നാലും വൈദ്യവിഷയത്തിൽ ഒട്ടും പിന്നാക്കമല്ലാത്ത ഈ സംസ്ഥാനത്തു വൈദ്യവിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു മലയാള മാസികയൊ, വർത്തമാനപ്പത്രമൊ ഇല്ലെന്നുള്ള സംഗതി വൈദ്യന്മാരിലും വൈദ്യവിഷയത്തിലും പ്രത്യേകമൊരു ന്യൂനതയായിട്ടാണിരിയ്ക്കുന്നതെന്നു പറയാതെയിരിപ്പാൻ നിവർത്തിയില്ല.

എന്നുമാത്രമല്ല, അടുത്തുള്ള ബ്രിട്ടീഷ് മലയാളത്തിലെ സ്ഥിതിതന്നെ ആലോചിക്കുന്നപക്ഷവും വൈദ്യശാസ്ത്രത്തെ പ്രതിപാദിയ്ക്കുന്നതായിട്ടു മലയാളത്തിലെ ഏകവൈദ്യമാസിക 'ധന്വന്തരി' മാത്രമെ കാണുന്നുള്ളു. ഇതു തന്നെയും ആയുർവ്വേദ വൈദ്യന്മാർക്കാണ് അധികം പ്രയോജനപ്പെടുന്നത്.


മറ്റുള്ള ചികിത്സാക്രമങ്ങളേക്കാൾ വളരെ വേഗത്തിൽ ദീനം സുഖപ്പെടുന്നതും, രോഗിക്കു അലച്ചൽ കൂടാതെ, ചികിത്സിക്കാവുന്നതും, ചുരുങ്ങിയ ചെലവുകൊണ്ടു കാര്യം സാധിക്കാവുന്നതും, ആയ ചികിത്സാക്രമങ്ങളിൽ ഒന്നാണ് 'ഹോമിയോപ്പൊതിയ്ക്ക്' ചികിത്സ എന്നു പറയുന്നത്. ഈ ചികിത്സ അമേരിക്ക മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഏറ്റവും പ്രചാരത്തിൽ ഇരിയ്ക്കുന്നതുമാണ്.

എന്നാൽ നമ്മുടെ ഈ രാജ്യത്തു അതത്രപ്രചാരത്തിൽ വന്നിട്ടില്ല. ഹോമിയോപ്പൊതിയ്ക്ക് വൈദ്യത്തിനു നമ്മുടെ നാട്ടിൽ പ്രചാരമുണ്ടാകുന്നതിനും ആ വിഷയത്തിലുള്ള അറിവു നാട്ടുവൈദ്യന്മാരിലും നാട്ടുകാരിലും ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണ് ഞങ്ങൾ ഈ മാസിക പുറപ്പെടുവിക്കുന്നത്.

ഈ മാസിക 90 ചിങ്ങത്തിൽ തന്നെ ആരംഭിക്കുമെന്നായിരുന്നല്ലൊ വിജ്ഞാപനത്തിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ ജനങ്ങൾക്കുണ്ടായ ക്ഷാമാധിക്യവും കടലാസുമുതലായ ഉപകരണങ്ങൾക്കു പെട്ടന്നുണ്ടായ വിലക്കയറ്റവും കൊണ്ടുമാത്രമാണ് ഇത്രയും കാലതാമസം വന്നുപോയതെന്നുള്ള വിവരവും മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത മാസിക മാന്യവരിക്കാരുടെയും മാന്യമഹത്തുക്കളുടെയും നിരന്തരസഹായത്താലും, സഹകരണത്താലും ചിരകാലം അഭിവൃദ്ധിയോടുകൂടി ജീവിച്ചിരിക്കണമെന്നുള്ള ഞങ്ങളുടെ ആഗ്രഹം സഫലമാക്കിത്തരുവാൻ സർവശക്തനെ പ്രാർത്ഥിച്ചുകൊണ്ട് ഇതാ ഒന്നാമതു ലക്കം 'വൈദ്യദീപിക'യെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ശേഖരിച്ചത് : **മനീഷ പാങ്ങിൽ**, അപ്പൻതമ്പുരാൻ സ്മാരകം, അയ്യന്തോൾ, തൃശ്ശൂർ






# കാലത്തോടൊപ്പം സഞ്ചരിക്കുന്ന കഥകൾ

കെ. എസ്. വെങ്കിടാചലം

തന്റെ എഴുത്തിലൂടെയും ജീവിത രീതികളിലെ പ്രത്യേകതകൾ കൊണ്ടും വായനക്കാരനെ അമ്പരപ്പിച്ച എഴുത്തുകാരനായിരുന്നു ജെ.ഡി. സാലിഞ്ചർ (1919–2011). 'The Catcher in the Rye', 'Raise High the roof be any Carpenters', 'Franny and Zooey', 'Nine Stories', (For Esme with Love and Squalor) എന്നീ പുസ്തകങ്ങളിലൂടെ വാക്കുകൾക്ക് അർത്ഥങ്ങളുടെ പുതിയ തലങ്ങളെ കാണിച്ചു തരുകയായിരുന്നു സാലിഞ്ചർ. കഥാപാത്രങ്ങൾ തന്നെ സ്വന്തം വിഡ്ഢിത്തരങ്ങളെയും, വീഴ്ചകളെയും, കഴിവുകേടുകളെയും കാണിച്ചു തരുന്നു സാലിഞ്ചറുടെ കഥകളിൽ.

1953ലാണ് ഈ കഥാസമാഹാരം പുറത്ത് വരുന്നത്. ഇതിലെ കഥകളെല്ലാം തന്നെ 1948നും 1953നുമിടയ്ക്ക് എഴുതിയവയാണ്. ഒമ്പതു കഥകളുണ്ട് ഈ പുസ്തകത്തിൽ.

ഇതിലെ ആദ്യത്തെ കഥയായ 'A perfect day for Banana fish', സെയ്മോർ എന്ന ചെറുപ്പക്കാരന്റെ കഥയാണ് പറയുന്നത്. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള അമേരിക്കയാണ് പശ്ചാത്തലം. ചെറുപ്പക്കാരൻ ബുദ്ധിജീവിയാണോ അതോ ഭ്രാന്തനാണോ എന്ന് സാലിഞ്ചർ പറയുന്നില്ല. പക്ഷേ അയാൾക്ക് ചില പ്രശ്നങ്ങളുണ്ട്. എല്ലാവരും അയാളുടെ കാലുകളിലേക്ക് നോക്കുന്നു; ശരീരത്തിൽ ഇല്ലാത്ത ടാട്ടുവിലേക്ക് നോക്കുന്നു എന്ന തോന്നൽ. ഭാര്യ മൂന്നാം തരം മാഗസിനുകളിലെ ലേഖനങ്ങൾ (Sex is Fun-or Hell) വായിച്ചുകൊണ്ട് ഹോട്ടൽ മുറിയിലുണ്ട്. ഫോണിലൂടെ അവളുടെ അമ്മ വിവാഹ ബന്ധം വേർപ്പെടുത്താൻ നിർബന്ധിക്കുന്നു. പട്ടാളത്തിൽ നിന്ന് വന്ന ശേഷമാണ് സെയ്മോറിന് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. ഹോട്ടലിനോട് തൊട്ടുള്ള കടൽക്കരയിൽ വെച്ച് അയാൾ സിബിൻ എന്ന പെൺകുട്ടിയെ പരിചയപ്പെടുന്നു. അവളോട് 'ബനാനാ ഫിഷ്'നെപ്പറ്റി പറയുന്നു. മെലിഞ്ഞ ഒരു തരം മത്സ്യമാണ് ബനാനാ ഫിഷ്.

യുദ്ധക്കൊതിയന്മാരായ രാജ്യങ്ങളെയും, നിർബന്ധപൂർവ്വം സൈന്യ സേവനത്തിന് പോകേണ്ടി വന്ന് സമനില തെറ്റുന്ന ചെറുപ്പക്കാരെയും, വിവാഹ മോചനങ്ങൾക്ക് നിർബന്ധിക്കുന്ന അമ്മമാരേയും സാലിഞ്ചർ 1948ൽ എഴുതിയ ഈ കഥയിൽ കാണിച്ചു തരുന്നു. കൂട്ടത്തിൽ താണതരം മാസികകളും മറ്റും വായിച്ച് അവയിലെഴുതിയതാണ് ലൈംഗിക ജീവിതം എന്ന് വിശ്വസിക്കുന്ന ചെറുപ്പക്കാരികളായ പെൺകുട്ടികളെയും. ഇന്നും ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ടോ? ഇല്ല എന്ന് പറയേണ്ടി വരും. ബനാനാ ഫിഷ് ഒരു ബിംബമാണ് ഈ കഥയിൽ – ആർത്തിയുടെ. കഥയുടെ അവസാനം ഉറങ്ങിക്കിടക്കുന്ന ഭാര്യയുടെ അടുത്തിരുന്നുകൊണ്ട് സ്വയം വെടി വെച്ച് മരിക്കുന്നു ചെറുപ്പക്കാരൻ. തെറ്റുകൾക്ക് കൂട്ട് നിൽക്കേണ്ടി വരുന്ന ചെറുപ്പക്കാരുടെ ദയനീയ അവസ്ഥയാണ് ഈ കഥ.

കുത്തഴിഞ്ഞ ജീവിതത്തിന്റെ മറ്റൊരു ചിത്രമാണ് 'Pretty mouth and Green My eyes' എന്ന കഥ. ആർതർ എന്ന ചെറുപ്പക്കാരൻ തന്നെക്കാൾ പ്രായമുള്ള മുടി നരച്ച ലീ എന്ന സുഹൃത്തിനെ നട്ട പാതിരയ്ക്ക് ഫോണിൽ വിളിക്കുന്നു. "എന്റെ ഭാര്യ വീട്ടിൽ തിരിച്ചെത്തിയിട്ടില്ല. എവിടെക്കെങ്കിലും പോകുന്നത് കണ്ടോ?" ചോദിക്കുന്നു. കഥ മുഴുവൻ ഫോൺ സംഭാഷണത്തിലൂടെയാണ്. സംഭാഷണങ്ങളിലൂടെ പല സാമൂഹ്യ-മാനസിക പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സ്വന്തം ഭാര്യയെപ്പറ്റി അയാൾ പറയുന്നു. "you want to know whom I am married to? I am married to the greatest living undeveloped, undiscovered actress, novelist psychoanalyst and all around god-damn unappreciated celebrity genius in New York." ലീ സമാധാനിപ്പിക്കുന്നു. ഉപദേശിക്കുന്നു. എന്നാൽ ഈ സമയമത്രയും ആർതറിന്റെ ഭാര്യ ലീയുടെ കിടക്കയിലാണ്. അതേ കിടക്കയിൽ ഇരുന്നുകൊണ്ടാണ് ലീ ഫോണിൽ സംസാരിക്കുന്നതും. കുറച്ചു കഴിഞ്ഞ ശേഷം ആർതർ വീണ്ടും വിളിച്ചു പറയുന്നു. "അവൾ വന്നു. നിങ്ങൾ പറഞ്ഞ പോലെത്തന്നെ. ക്ഷമിക്കണം. ഞാൻ നിങ്ങളെ രാത്രി വിളിച്ച് ബുദ്ധിമുട്ടിച്ചതിന്."

ചെറുപ്പക്കാരന്റെ പരിതാപ അവസ്ഥയേയും, കാപട്യം നിറഞ്ഞ മുതിർന്നവന്റെ പെരുമാറ്റത്തെയും, ഇതൊന്നും തനിക്ക് ബാധകമല്ല എന്ന മട്ടിൽ മുതിർന്നവന്റെ കിടക്കയിൽ കിടക്കുന്ന ചെറുപ്പക്കാരന്റെ ഭാര്യയെയും വായിക്കുമ്പോൾ അറുപത്തിമൂന്ന് വർഷങ്ങൾക്കു ശേഷവും നമ്മുടെ സമൂഹത്തിൽ ഇന്നും ഇത്തരം നാടകങ്ങൾ നടക്കുന്നു എന്ന് തിരിച്ചറിയുന്നു. കഥയുടെ അവസാനം ലീയുടെ കൈയ്യിൽ നിന്ന് സിഗരറ്റ് കിടക്കയിൽ വീഴുന്നു. കിടക്ക തീ പിടിക്കാതിരിക്കാൻ അതെടുക്കാൻ ശ്രമിക്കുന്ന അവളെ തടയുന്നു അയാൾ – "ദൈവത്തെ ഓർത്ത് അനങ്ങാതിരിയ്ക്ക്." പറയുന്നു. അവൾ കൈ പിൻവലിക്കുന്നു.

'The Catcher in the Rye' എന്ന നോവലിൽ നിന്ന് ചിന്തിപ്പിക്കുന്ന ഒരു വാചകം: "Kids look (when they are asleep) all right. They can even have spit all over the pillow and they still look alright. You take adults, they look lousy when they are asleep and they have their mouth way open; but kids don't."

New Yorker വാരികയിൽ ഈ കഥകളെല്ലാം വന്നിട്ടുണ്ട് ആ കാലത്തു തന്നെ. ഒരു നോവലും മുപ്പത്തിമൂന്ന് കഥകളും സാലിഞ്ചർ എഴുതിയിട്ടുണ്ട്. New Yorker വാരിക ആദ്യത്തെ കഥയിൽ തന്നെ സാലിഞ്ചറുടെ പ്രതിഭ തിരിച്ചറിഞ്ഞ് Right of refusal എന്ന കരാർ ഒപ്പിട്ട് വാങ്ങിയിരുന്നു. അതായത് എഴുതിയതെന്തും വാരികയെ ആദ്യം കാണിക്കണം. വാരികയ്ക്ക് വേണ്ടെങ്കിൽ മാത്രമേ വേറെ ആർക്കെങ്കിലും കൊടുക്കാവൂ!

(For Esme - With Love and Squalor and other stories: J.D. Salinger Penguin, London. Page:148, Price £ 4.50)

ഓർമ്മ

# ടി.എൻ. ഗോപിനാഥൻനായർ

**1918 – 1999**



സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ളയുടേയും, ദിവാൻ പേഷ്കാർ കണ്ടനാട്ടു നാരായണ മേനോന്റെ മകൾ പാറുക്കുട്ടിയമ്മയുടേയും പുത്രനായി 1918 ഏപ്രിൽ 24ന് ആണ് (കൊ.വ. 1903 മേടം 12 ബുധൻ, ചിത്തിര) ടി.എൻ. ഗോപിനാഥൻ നായർ തിരുവനന്തപുരത്ത് ജനിച്ചത്. ബി.എ.ക്കു പഠിക്കുമ്പോൾ കോളേജ് യൂണിയൻ സെക്രട്ടറി ആയി. യൂണിവേഴ്സിറ്റി യൂണിയന്റെ തിരഞ്ഞെടുക്കപ്പെട്ട ആദ്യപ്രസിഡന്റായി ടി.എൻ. 1943ൽ ബി.എ. ജയിച്ചു. ലോ കോളേജിൽ ചേർന്നെങ്കിലും ആദ്യ വർഷം പരാജയപ്പെട്ടപ്പോൾ നിയമപഠനം ഉപേക്ഷിച്ചു. തുടർന്ന് മലയാള രാജ്യത്തിന്റെ സ്പെഷ്യൽ കറസ്പോണ്ടന്റായി. നിയമസഭാ നടപടികൾ റിപ്പോർട്ടു ചെയ്യലായിരുന്നു ജോലി. പിന്നീട് ഒരു കൊല്ലം മലയാളരാജ്യം ചിത്രവാരികയുടെ പത്രാധിപരായി. അതിനുശേഷം പി.കെ. മെമ്മോറിയൽ പ്രസ് സ്ഥാപിച്ചു. സഖി എന്നൊരു വാരികയും, വീരകേസരി എന്നൊരു പത്രവും ഒരു ബുക്സ്റ്റാളും നടത്തി. തിരമാല, നായരു പിടിച്ച പുലിവാല്, സി.ഐ.ഡി തുടങ്ങി ഏതാനും സിനിമകളിൽ അഭിനയിച്ചു. 1950ൽ കുറ്റിപ്പുറത്തു കേശവൻ നായരുടെ മകൾ മിനിയെ വിവാഹം ചെയ്തു. 1958ൽ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നാടകസംവിധായകനായി നിയമനം കിട്ടി. 1975വരെ ആകാശവാണിയിൽ ജോലി നോക്കി. പിന്നീട് മനോരാജ്യം വാരികയുടെ കൺസൽട്ടിംഗ് എഡിറ്റർ, ആകാശവാണി, ദൂരദർശൻ എന്നിവയുടെ അനൗദ്യോഗിക ഉപദേഷ്ടാവ്, കേരള സാഹിത്യ അക്കാദമി അംഗം, സംഗീതനാടക അക്കാദമി അംഗം, സംഗീതനാടക അക്കാദമിയുടെ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1999 മെയ് 24ന് മരിച്ചു.

കഥ, നോവൽ, കവിത, നാടകം, ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം എന്നിങ്ങനെ വിവിധ മേഖലകളിലായി അൻപതോളം പുസ്തകങ്ങൾ ടി.എൻ. എഴുതി. 1930 കളുടെ അവസാനം ചങ്ങമ്പുഴ ശൈലിയിൽ കവിതകൾ എഴുതിയിരുന്ന ടി.എൻ. നാടകത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. പല സന്ദർഭങ്ങളിലായി മൂന്ന് ഡസനിലധികം നാടകങ്ങൾ രചിച്ചു. ചില നാടകങ്ങൾ അസാധാരണമായ ജനപ്രീതി നേടുകയും ചെയ്തു. വാസ്തവത്തിൽ അവ അധികവും അരങ്ങിൽ വിജയം വരിക്കുകയായിരുന്നു. കൽപ്പിച്ചുണ്ടാക്കിയ ഒരു മുഹൂർത്തത്തിൽ സാധാരണ കഥാപാത്രങ്ങൾ അല്പം അതിഭാവുകത്വത്തോടെ പെരുമാറുന്ന രംഗങ്ങൾ ആവിഷ്കരിക്കാനായിരുന്നു അദ്ദേഹത്തിനു താല്പര്യവും, പ്രാവീണ്യവും. അഞ്ചാറു നാടകങ്ങൾ ഒഴിച്ച് മറ്റുള്ളവ വായനയിൽ മെലോഡ്രാമയുടെ തലത്തിലേയ്ക്ക് നീങ്ങുന്നതായി ഇന്നത്തെ വായനക്കാരനു തോന്നും. അവയിലെ സാമൂഹികവിചിന്തനമാകട്ടെ പലപ്പോഴും ഉപരിപ്ലവവും. എന്നാൽ അവ അവതരണവേളയിൽ പ്രേക്ഷകസദസ്സിനെ നന്നായി രസിപ്പിച്ചു എന്നതാണ് ചരിത്രം. മോഡൽ സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ എഴുതി അവതരിപ്പിച്ച പെൺവക്കീലാണ് ആദ്യ നാടകം. പിന്നീട് ചവറയിൽവച്ച് ഇത് അവതരിപ്പിച്ചപ്പോൾ കുമ്പളത്തു ശങ്കുപ്പിള്ള സ്വർണ്ണപ്പതക്കം നൽകി ടി.എൻനെ പ്രോത്സാഹിപ്പിച്ചു. അമേചർ നാടകസംഘങ്ങൾക്കുവേണ്ടിയും, തിരുനാൾ ആഘോഷങ്ങൾക്കുവേണ്ടിയും, ആകാശവാണിക്കുവേണ്ടിയും അദ്ദേഹം ധാരാളം എഴുതി. വിധിയോ വിധി, അകവും പുറവും, പിന്തിരിപ്പൻ പ്രസ്ഥാനം, ജനദ്രോഹി, പൂക്കാരി, വഴിയേ പോയ വയ്യാവേലി, പരിവർത്തനം, മൃഗം, പരീക്ഷ, ഘടികാരം നീങ്ങുന്നു, അമ്മവീട്, വീട്ടിലെ വെളിച്ചം, ഏഴു നിറങ്ങൾ, കയങ്ങൾ, പഴമയുംപുതുമയും തുടങ്ങിയവയാണ് നാടകങ്ങൾ. കുടുംബബന്ധങ്ങളിലെ താളംതെറ്റൽ അതിഭാവുകത്വത്തോടെ അവതരിപ്പിക്കുകയാണ് പല രചനകളും. ജനദ്രോഹി, ഇബ്സന്റെ പൊതുജനശത്രുവിന്റെ ഇതിവൃത്തം സ്വീകരിച്ചെഴുതിയ നാടകമാണ്. അർത്ഥമില്ലാത്ത, പൂർവ്വകാല മഹത്ത്വകീർത്തനത്തെ പരിഹസിക്കുന്നു പിന്തിരിപ്പൻ പ്രസ്ഥാനത്തിൽ. വഴിയേ പോയ വയ്യാവേലിയുടെ ഇതിവൃത്തത്തിന് സോമർസെറ്റ്മോമിന്റെ ഒരു കഥയോട് ആധമർണ്ണ്യമുണ്ട്. ഒനീലിന്റെ നാടകത്തിന്റെ ഛായ പിടിച്ചാണ് അമ്മവീട് എഴുതിയത്. സി.വി.യും കഥാപാത്രങ്ങളും ഒരു ഫാന്റസിയാണ്. സി.വി. സാഹിത്യത്തിൽ ആണ്ടുമുങ്ങിയ ഒരു മനസ്സിനേ അങ്ങിനെ ഒരു കൃതി രചിക്കാനാവു. ധ്രുവന്റെ കഥയാണ് പുതിയ നിറത്തിലെ ദിവ്യതാരത്തിന്റെ ഇതിവൃത്തം. റേഡിയോ നാടകങ്ങളും, ഏകാങ്കങ്ങളും ഈ മാധ്യമം കൈകാര്യം ചെയ്യുന്നതിലുള്ള ടി.എൻന്റെ വൈദഗ്ധ്യം വെളിപ്പെടുത്തുന്നു. അന്നാകാരനീന എന്ന വലിയ നോവൽ റേഡിയോ നാടകമായി രൂപപ്പെടുത്തുവാൻ അദ്ദേഹം ധൈര്യപ്പെട്ടു എന്നതുതന്നെ ആ അവതരണ സമ്പ്രദായത്തിൽ അദ്ദേഹം നേടിയ വൈദഗ്ധ്യത്തെയാണല്ലോ സൂചിപ്പിക്കുന്നത്. ഓസ്കാർ വൈൽഡിന്റെ നാടകം അവലംബിച്ചെഴുതിയതാണ് മിസ്റ്റർ ഗുൽഗുലു. ലൂയി പിരാൻഡലോയുടെ നാടകത്തെ ഉപജീവിച്ചാണ് അങ്ങിനെ എങ്കിൽ അങ്ങിനെ എഴുതപ്പെട്ടത്. സുധ, മാലയുടെമാല, തരംഗങ്ങൾ, ശ്രീവാഴും അമ്മവീട് എന്നിവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ശ്രീവാഴും അമ്മവീട് ചലച്ചിത്രത്തിനുള്ള കഥയായിട്ടാണ് എഴുതിയത്. പിന്നീട് അത് നോവലാക്കി. തൂലികാചിത്രങ്ങളാണ് എന്റെ ആൽബത്തിൽ – വളരെ പരന്നതായിരുന്നു ടി.എൻ ന്റെ സൗഹൃദവലയം. കവികൾ, ദാർശനികർ, രാഷ്ട്രീയക്കാർ – ഒരുപാടു മുഖങ്ങൾ ആൽബത്തിലുണ്ട്. തന്റെ ഭാര്യയുടെ നിര്യാണത്തെത്തുടർന്ന് എഴുതിയ എന്റെ മിനി ഏറെ ഹൃദയസ്പൃക്കായ രചനയാണ്. അവസാനത്തെ നാടുവാഴിയുടെ അമ്മ, കേണൽ ഗോദവർമ്മരാജ – രണ്ടും ജീവചരിത്രങ്ങൾ തന്നെ. രാജഭക്തനായ ഒരു തിരുവനന്തപുരത്തുകാരനെക്കൂടി, സമർത്ഥനായ ജീവചരിത്രകാരനൊപ്പം ഈ രചനകളിൽ കാണാം. പുണ്യ സങ്കേതങ്ങൾ, തീർത്ഥയാത്ര എന്നിവ യാത്രാവിവരണങ്ങളാണ്. പരീക്ഷ എന്ന നാടകത്തിന് വിക്രമൻനായർ ട്രോഫി ലഭിച്ചിട്ടുണ്ട്. നാടകരചനയ്ക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരവും അദ്ദേഹത്തിനു കിട്ടി. അദ്ദേഹത്തിന്റെ കാവ്യസമാഹാരങ്ങളാണ് മുകുളാഞ്ജലിയും, കളിത്തോണിയും, തിലകവും.

(സാഹിത്യഅക്കാദമിയുടെ 'സാഹിത്യപാരമ്പര്യം' എന്ന ആർക്കേയ്വ്സിൽ നിന്ന്)

# വിശ്വകാവ്യജാലകം

**ബക്കർ മേത്തല**

2012 ജനുവരി 16, 17,18,തിയ്യതികളിൽ തിരുവനന്തപുരത്ത് 'കൃത്യ'എന്ന സംഘടനയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി ഒരു അന്താരാഷ്ട്ര കാവ്യോത്സവം നടത്തുകയുണ്ടായി. അന്ന് അവിടെ അവതരിപ്പിച്ച വ്യത്യസ്ത ഭാഷകളിലുള്ള 39 കവിതകളുടെ ഇംഗ്ലഷിലും മലയാളത്തിലുമുള്ള മൊഴിമാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് രൂപകൽപന ചെയ്തിട്ടുള്ള പുസ്തകമാണ് "ദൂരെയാണെന്നാലൊപ്പം". ജനുവരി മദ്ധ്യത്തിൽ നടന്ന ഒരു കവിസമ്മേളനത്തിന്റെ ഉജ്ജ്വലമായ ഒരു സ്മരണിക. ലേകകവിതകളുടെ ചക്രവാളങ്ങളിലേക്ക് തുറക്കപ്പെട്ട ജാലകങ്ങളാണ് ഈ പുസ്തകത്തിലെ കവിതകളെന്ന് പ്രാഥമികവായനയിൽത്തന്നെ നമുക്ക് തിരിച്ചറിവുണ്ടാകുന്നു.

ഒ.എൻ.വി.കുറുപ്പിന്റെ 'സൂര്യഗീതം' എന്ന കവിതയുടെ ഇംഗ്ലീഷ് പരിഭാഷയായ "A hymn to the sun"എന്ന കവിതയാണ് ഈ സമാഹാരത്തിൽ ആദ്യം ചേർത്തിട്ടുള്ളത്.

""Hail to you O sun, Hail

O Sun,the embodiment of pure love...'എന്നിങ്ങനെ ലളിതസുന്ദരമായ ഭാഷയിലേക്ക് ഏ.ജെ.തോമസാണ് ഈ കവിത വിവർത്തനം ചെയ്തിട്ടുള്ളത്. ഇറ്റാലിയൻ കവിയായ സിങ്കോണിയാസിങ്കോൺ എന്ന കവിയുടെ കവിതകളാണ് അവസാന പേജിൽ. 'ചതിയുടെ പാത' എന്ന പേരിലാണ് സിങ്കോണിന്റെ കവിത വിവർത്തനം ചെയ്തിരിക്കുന്നത്.

'തന്നെ തന്നെ കണ്ണാടിയിൽ
നോക്കുന്നതിന്
ഒരു സുഖവുമില്ല
മുഖം അതിന്റെ മുഖ
ത്തിൽനിന്നും
ദേശാടനം ചെയ്യുന്ന
ചില ഋതുക്കളുണ്ട്.'

എന്ന വരികൾ ഇറ്റാലിയൻ കവിതയുടെ ദാർശനികമായ ഒരു മുഖമാണ് അനാവരണം ചെയ്യുന്നത്.




**ദൂരെയാണെന്നാൽ ഒപ്പം**

എഡിറ്റർ
**ഡോ. ജയശ്രീ രാമകൃഷ്ണൻനായർ**

എക്സിക്യൂട്ടീവ് എഡിറ്റർ
ഡോ. രതി സക്സേന

*പ്രസാ :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

വിവർത്തനം ചെയ്യുമ്പൾ ചോർന്നുപോകുന്നതെന്താണോ അതാണ് കവിത എന്നൊരു വിചാരം പൊതുവെ പ്രബലമാണ്. പക്ഷേ, എഴുത്തുകാരുടെ ആത്മാർത്ഥയും പരിഭാഷകന്റെ ആർജ്ജവവും തമ്മിലുള്ള തരംഗദൈർഘ്യങ്ങളുടെ സമാനതകൾ ഇത്തരത്തിലുള്ള ചോർച്ചകളെ തടയുന്ന ഒരു പ്രധാന ഘടകമാണ്. കവികളുടെയും പരിഭാഷകരുടെയും സമാനഹൃദയത്തിന്റെ പാരസ്പര്യം ഈ കവികളുടെ മൊഴിമാറ്റത്തെ തിളക്കമാക്കിയിട്ടുണ്ട്. ചിലപ്പോൾ പരിഭാഷകൻ സ്വതന്ത്രമായ ഒരു കാഴ്ചപാടിൽ നിന്നുകൊണ്ട് ഭാഷയിലെ ആശയങ്ങൾക്ക് പുതുജീവൻ പകരുന്നതും കാണാം. ഗുണപരമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുംവിധം ഒരു സ്വാതന്ത്ര്യം ഒരർത്ഥത്തിൽ വിവർത്തകന്റെ അവകാശവുമാണ്.

സ്വീഡൻ കവയിത്രിയായ ആഗ്നെറ്റാഫാക് എഴുതുന്നു.

'ഒരിടത്തുനിന്നുമല്ലാതെ
രണ്ടുവെള്ളിൽപ്പറവകൾ
ഇരട്ടകൾ തകർന്നുവീഴുന്നു
ഇപ്പോൾ നിലം പൂജ്യം
ഒരു വലിയ ശൂന്യം (സെപ്തംബർ 11)
പിന്നെയതാ വീണ്ടുമവൾ
ബോംബുവർഷത്തിനുനടുവിൽ
തന്റെ ശാന്തിയിലേക്ക് പേടിച്ചരണ്ട
കുഞ്ഞിനെ
പൊക്കിയെടുക്കാൻ മുന്നോട്ടായുന്നു
(കണ്ണിനടുത്തെവിടെയോ)

ഇങ്ങനെ യുദ്ധത്തിന്റെ മുറിവുകളും വിഹ്വലതകളും പ്രകടമാകുന്ന കവിതകളാണ് ആഗ്നെറ്റാഫാക്കിന്റേത്.

**ഇതുപോലെ ശക്തിയും സൗന്ദര്യവുമുള്ളതാണ് മിക്കവാറും എല്ലാ കവിതകളും.**

കന്നഡയിൽനിന്നും താരിണി ശുഭദായിനി, ആരിഫ്രാജാ,ഹിന്ദിയിൽനിന്നും ലീലാധർ,രതിസക്സേനാ അശോക്വാജ്പൈ എന്നിവരും ഗുജറാത്തിൽനിന്നും ഹർഷാദ് ത്രിവേദിയും

രാജേന്ദ്രരൂപട്ടേലും മലയാളത്തിൽനിന്ന് കെ.സച്ചിദാനന്ദൻ, കെ.ജയകുമാർ എന്നിവരും ഉറുദുവിൽനിന്നും ഖലീൽ മുമൂൺ,ഷൈനാ യൂസഫ് തെലുങ്കിൽ നിന്നും കവിയാക്കൂബ് തമിഴിൽനിന്നും മനുഷ്യപുത്രൻ,നീലാപത്മനാഭൻ,സുകുമാരൻ എന്നിവരും ഈ പുസ്തകത്തിൽ ഇന്ത്യൻകവികളെ പ്രതിനിധീകരിക്കുന്നു.

ഇന്ത്യൻകവികളുടെ കവിതകൾ ഈ സമാഹാരത്തിൽ അതിന്റെ ഭാഷയുടെ പുതുമകൊണ്ടും ബിംബകല്പനയുടെ കരുത്തുകൊണ്ടും ലോകകവിതയുടെ ഉയർന്നവിതാനത്തിൽ നിൽക്കുന്നു. കെ.സച്ചിദാനന്ദന്റെ'വിക്കുകൾ'ഇതിനൊരു ഉദാഹരണമാണ്.

'ഓരോ കുറി വിക്കുമ്പോഴും നാം
അർത്ഥങ്ങളുടെ ദൈവത്തിന്
ഒരു ബലി നൽകുകയാണ്
ഒരു ജനത ഒന്നിച്ചു വിക്കുമ്പോൾ
അവരുടെ മാതൃഭാഷ വിക്കാകുന്നു
ഇപ്പോൾ നമ്മുടെതെന്നപോലെ'

ഈ കവിതയിൽ വെളിപ്പെടുമ്പോലെ മാതൃഭാഷ അഭീമുഖീകരിക്കുന്ന ജീർണ്ണതയെയും രോഗാതുരതയെയും നേരിടാൻ ഇതുപോലുള്ള സംരംഭങ്ങൾക്ക് കഴിയുമോ എന്ന ഒരു ചോദ്യവും ഉയരുന്നുണ്ട്.പുതിയൊരു ജീവിതക്രമത്തിന്റെ അപ്രതിഹിതമായ തള്ളലിൽ തകർന്നുപോകാൻമാത്രം വളരെ ദൗർബ്ബല്യങ്ങളുണ്ടെന്നുവരുന്നു.ലോകഭാഷയുടെ ഇത്തരത്തിലുള്ള വെളിച്ചത്തിൽനിന്നും ഊർജ്ജസംഭരണം നടത്തി മുന്നോട്ടുപോകാനുള്ള പരിശ്രമങ്ങൾ കൊണ്ട് ഇത്തരം ദൗർബ്ബല്യങ്ങളെ നമുക്ക് അല്പമെങ്കിലും മറികടക്കാം.

തുർക്കിയിൽനിന്നും ഉൽബെഹ്റാമോഗ്ലു,ഇസ്രായേലിൽനിന്നും അമിർഓർ,സ്വീഡൻനിന്നും ബെന്നറ്റ് ബെർഗ്, ഡൊമിനിക്കൽ റിപ്പബ്ലിക്കിൽനിന്നും ലിയോൺ ഫെലിക്സ് ബാറ്റിസ്റ്റാ,കൊറിയയിൽനിന്നും വോൾസൺ കിഡോങ്കിം യു.കെ.യിൽ നിന്നും മന്നാഎൽഫിൻ തുടങ്ങിയവർ ഈ കാവ്യോത്സവത്തിൽ അണിനിരന്നവരിൽ ചിലരാണ്.

'കാലക്രമേണ അവർ മറ്റു പേരുകൾക്ക് വിളികേട്ടു
കമ്പ്യൂട്ടറിനിണങ്ങുന്ന വേറൊരു ഭാഷയിൽ'


എന്ന് ഐർലന്റിലെ ഗബ്രിയേൽറോസൻസ്റ്റോക് എന്ന കവി എഴുതുമ്പോൾ മാറുന്ന കാലത്തിന്റെ ചിറകടികളും കുറുകലുമാണ് നാം കേൾക്കുന്നത്.മലയാള കവിതകളുടെ മുഴക്കങ്ങളും നേരിയ ഒച്ചകളും വിവിധ ഭാഷകളിലെ കാവ്യശബ്ദങ്ങളുമായി താരതമ്യം ചെയ്യാൻകൂടി ഉതകുന്ന ഒരു പുസ്തകമാണ് 'ദൂരെയെന്നാൽ ഒപ്പം'


# കേശവദേവിന്റെ ആത്മാവ്

**ആര്യനാട് സത്യൻ**

ജീവിതബന്ധങ്ങളെയും യഥാർഥ്യങ്ങളെയും പരുഷമായി ആവിഷ്കരിച്ച്, മാനവികമൂല്യങ്ങളിൽനിന്ന് വ്യതിചലിക്കാതെ സാഹിത്യസേവനം നടത്തി മലയാളസാഹിത്യത്തിന്റെ ചരിത്രത്തിൽ ഉന്നതശീർഷനായി അടയാളപ്പെടുത്തിയ കേശവദേവിന്റെ ജീവിതകഥ.

പേജ് : 274 വില : 180.00





# വിമർശവിവേകം

**ഏറ്റുമാനൂർ സോമദാസൻ**

ഭാരതീയ കാവ്യമീമാംസയിലെ രസസിദ്ധാന്തം മുതൽ വൃത്തവിചാരം വരെയും പാശ്ചാത്യസാഹിത്യദർശനത്തിലെ പ്ലേറ്റോവിന്റെ സാഹിത്യസമീപനങ്ങൾ മുതൽ ആധുനികോത്തര സിദ്ധാന്തങ്ങൾ വരെയും ലളിതമായി പരിചയപ്പെടുത്തുന്ന കൃതി.

പേജ് : 256 വില: 165.00

*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

# തകഴി മലയാള സാഹിത്യത്തെ ലോകനിലവാരത്തിലേക്കെത്തിച്ചു

## മുഖ്യമന്ത്രി ഉമ്മൻചാണ്ടി

മലയാള സാഹിത്യത്തെ ലോകനിലവാരത്തിലേക്കെത്തിക്കാൻ മുഖ്യ പങ്കുവഹിച്ച സാഹിത്യനായകനാണ് തകഴി ശിവശങ്കരപ്പിള്ളയെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. തകഴി ശങ്കരമംഗലത്ത് ജന്മശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തകഴിയുടേത് ജീവനുള്ള നോവലുകളാണ്.അദ്ദേഹം സമൂഹത്തിന്റെ സാംസ്കാരിക,സാമൂഹിക പശ്ചാത്തലങ്ങൾ അതേപടി പകർത്തി.എത്രകാലം കഴിഞ്ഞാലും അവയുടെ പ്രസക്തി നഷ്ടപ്പെടുകയില്ല.തകഴിയുടെ ഓരോ നോവലും കഥയും ചരിത്രസംഭവങ്ങളാണ്.സിനിമയിലേക്ക് പകർത്തിയപ്പോൾ അവയുടെ മാറ്റ് പത്തിരട്ടിയായി. അദ്ദേഹം സാഹിത്യത്തിനും സിനിമയ്ക്കും ചെയ്ത സംഭാവന എന്നും സ്മരിക്കപ്പെടും.തകഴിസ്മാരകം ദേശീയശ്രദ്ധ പിടിച്ചുപറ്റുന്ന നിലവാരത്തിലേക്ക് ഉയർത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് അധ്യക്ഷനായി.തകഴിയുടെ അപ്രകാശിത കഥകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതിനും സ്മാരകത്തിന്റെ നിലവാരമുയർത്തുന്നതിനും നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.മുഖ്യ പ്രഭാഷണം കൊടിക്കുന്നിൽ സുരേഷ് എം. പി. നിർവഹിച്ചു.

## ഏതുഭാഷാ സാഹിത്യത്തിലും ദേശീയത അംഗീകരിക്കപ്പെടും

### കേന്ദ്രമന്ത്രി വീരപ്പമൊയ്‌ലി

എതുഭാഷയിൽ എഴുതിയാലും രാജ്യസ്നേഹവും ദേശീയതയും ഉണ്ടെങ്കിൽ അംഗീകരിക്കപ്പെടുമെന്ന് കേന്ദ്ര കമ്പനികാര്യമന്ത്രി വീരപ്പമൊയ്‌ലി പ്രസ്താവിച്ചു. കെ.പി.സി.സി.വിചാർ വിഭാഗിന്റെ ദേശീയ സാഹിത്യ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 1937-ൽ ലക്നൗ എ.ഐ.സി.സിയിൽ ചേർന്ന ആദ്യത്തെ അഖിലേന്ത്യാ പുരോഗമനസാഹിത്യസമ്മേളനത്തെ അനുസ്മരിക്കാനാണ് ചടങ്ങ് നടത്തിയത്.

ഭാഷയും സംസ്കാരവും മനുഷ്യരെ ഭിന്നിപ്പിക്കാനല്ല, ഒരുമിപ്പിക്കാനുള്ള ഉപാധികളാണെന്ന് കേന്ദ്രമന്ത്രി വീരപ്പമൊയ്‌ലി പറഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് കരുത്ത് പകർന്നത് അക്രമരഹിത സന്ദേശമുൾക്കൊണ്ട സാഹിത്യ കൃതികളാണ്. ദേശീയബോധം വളർത്തിയതും അത്തരം കൃതികളാണ്. ഭരണഘടന ഉണ്ടാകുന്നതിന് മുമ്പുതന്നെ ഇന്ത്യക്ക് ആത്മീയതയിൽ ഊന്നിയ ഭരണഘടന യുണ്ടായിരുന്നു. അത് ഉൾക്കൊണ്ട പൗരന്മാരാണ് ദേശീയ സ്വാതന്ത്ര്യസമര പോരാളികളായത്.

പുരോഗമന സാഹിത്യത്തെ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടാണെങ്കിലും നെഹ്റു തുടങ്ങിവെച്ച പ്രസ്ഥാനമാണ് അത്തരമൊരു ശാഖക്ക് വഴിതുറന്നത്. തിരിച്ചുപിടിക്കാൻ പുതിയ കാലത്തെ എഴുത്തുകാർ ജാതി, വർഗീയത, ദാരിദ്ര്യം എന്നിവയോട് പോരാടേണ്ടവരാണ്. കേരളം പുരോഗമന സാഹിത്യത്തിന്റെ നായക സ്ഥാനത്താണെന്നും വർഗീയതക്ക് കേരളത്തെ കീഴ്പ്പെടുത്താനാവില്ലെന്നും മൊയ്‌ലി പറഞ്ഞു. സാഹിത്യം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വലിയ ആയുധമായിരുന്നു. ഇന്ത്യൻഭരണഘടന രൂപം കൊണ്ടത് നൂറ്റാണ്ടുകൾ പഴക്കമുള്ള സംസ്ക്കാരത്തിൽ നിന്നാണ്. പ്രത്യയശാസ്ത്രങ്ങൾ പലതും തകർന്നിട്ടും കോൺഗ്രസ്സ് 125വർഷം പിന്നിട്ടിട്ടും തകരാത്തെ നിലനിൽക്കുന്നത് ഈ സംസ്ക്കാരത്തെ പൂർണ്ണമായും ഉൾകൊണ്ടതുകൊണ്ടാണ്- കേന്ദ്രമന്ത്രി പറഞ്ഞു.

സാമ്പത്തിക പരിഷ്കരണ നടപടികളിലൂടെ ഇന്ത്യ അതിവേഗം മാറുമ്പോൾ യുവാക്കൾ വായന മറക്കുകയാ



കെ.പി.സി.സി. വിചാർ വിഭാഗ് തൃശൂരിൽ നടത്തിയ ദേശീയ സാഹിത്യസമ്മേളനം കേന്ദ്രമന്ത്രി വീരപ്പമൊയ്‌ലി ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി. വി. കൃഷ്ണൻനായർ, ശ്രീമൂലനഗരം മോഹൻ, അഡ്വ. വി. ബലറാം, അനിൽശാസ്ത്രി, മന്ത്രി സി.എൻ. ബാലകൃഷ്ണൻ, നെടുമുടി ഹരികുമാർ, ബാലചന്ദ്രൻ വടക്കേടത്ത്, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. തുടങ്ങിയവർ സമീപം



സഹൃദയവേദി അവാർഡ്ദാനസമ്മേളനം തൃശൂരിൽ മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

ണെന്ന് കോൺഗ്രസ് പ്രവർത്തകസമിതിയിലെ പ്രത്യേക ക്ഷണിതാവ് അനിൽ ശാസ്ത്രി പ്രസ്താവിച്ചു.യുവാക്കൾ പുസ്തകങ്ങൾ കയ്യൊഴിഞ്ഞ് സിനിമയ്ക്കും കമ്പ്യൂട്ടറിനും, ടെലിവിഷനും പിന്നാലെ പോകുകയാണ്. ഇത് ആശാസ്യമല്ല.പുരോഗമനസാഹിത്യ പ്രസ്താനത്തിന്റെ പൈതൃകം അവകാശപ്പെടാൻ കമ്മ്യൂണിസ്റ്റുകാർക്ക് കഴിയില്ല. കോൺഗ്രസിന്റെ ദേശീയ സമ്മേളനങ്ങളിലൂടെയാണ് പുരോഗമനസാഹിത്യം വളർന്നത്. അക്കാര്യത്തിൽ ജവഹർലാൽ നെഹ്റു വഹിച്ച പങ്ക് അവിസ്മരണീയമാണ്.ഭരണത്തിൽ സുതാര്യത ഉറപ്പാക്കാൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും യു.പി.എ ചെയർപേഴ്സൺ സോണിയാഗാന്ധിയും കാര്യമായി പരിശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ ചെയർമാൻ വിജയ് ഹരി അദ്ധ്യക്ഷതവഹിച്ചു. ഡോ. എം.ജി. എസ്. നാരായണൻ മുഖ്യപ്രഭാഷണം നടത്തി. സഹകരണവകുപ്പ് മന്ത്രി സി. എൻ. ബാലകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു. തേറമ്പിൽ രാമകഷ്ണൻ എം.എൽ.എ., സംസ്ഥാന ചെയർമാൻ നെടുമുടി ഹരികുമാർ, ഡി.സി.സി. പ്രസിഡന്റ് വി.ബാലറാം. ഡോ.പി.വി. കൃഷ്ണൻനായർ, ശീമൂലനഗരം മോഹൻ, സാഹിത്യഅക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത്, സിദ്ദിഖ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

ദേശീയതയും സാഹിത്യവും സെമിനാർ കേന്ദ്രസാഹിത്യഅക്കാദമി മുൻ പ്രസിഡന്റ് ഇന്ദ്രനാഥ് ചൗധരി ഉദ്ഘാടനം ചെയ്തു. ആർ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. തോമസ് മാത്യൂ, ഡോ.കൽപ്പറ്റ ബാലകൃഷ്ണൻ, കെ.എൽ. മോഹനവർമ്മ, യു. കെ.കുമാരൻ, ജോസ് വള്ളൂർ, അജിതൻ മേനോത്ത് എന്നിവർ പ്രസംഗിച്ചു.

കവി സമ്മേളനം മഹാകവി അക്കിത്തം ഉദ്ഘാടനം ചെയ്തു. കെ. ആർ.ടോണി, റഫീക്ക് അഹമ്മദ്, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, അൻവർ അലി, ബക്കർമേത്തല, സംപ്രീതാ, രോഷ്നിസ്വപ്ന, വിജേഷ് എടക്കുന്നി, പി.എ.അനീഷ് എന്നിവർ കവിതകൾ ചൊല്ലി.

## യേശുദാസിന് നിയമസഭയുടെ ആദരം

ചലച്ചിത്ര സംഗീതരംഗത്ത് അരനൂറ്റാണ്ട് പിന്നിടുന്ന അനശ്വരപ്രതിഭ ഡോ. കെ.ജെ.യേശുദാസിന് കേരള നിയമസഭയുടെ ആദരം. നിയമസഭ സമുച്ചയത്തിലെ മെംബേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു.

ഗാനാലാപത്തിനുപരി മാനവസ്നേഹത്തിനും സമുദായ സൗഹാർദ്ദത്തിനും വേണ്ടി നിലകൊള്ളുന്ന മഹാനായ കലാകാരനാണ് യേശുദാസെന്ന് മുഖ്യമന്ത്രി പറഞ്ഞു. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും തയ്യാറാകുന്ന യേശുദാസിന്റെ വലിയ മനസ്സാണ് കോക്ലിയാർ ഇംപ്ലാന്റ് വഴി നിരവധി ബധിരകുട്ടികൾക്ക് ആശ്വാസമാകാൻ പോകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.കേരളത്തിന്റെ മുഖമുദ്രയായ മതസൗഹാർദം ഊട്ടിയുറപ്പിക്കുന്നതിന് യേശുദാസ് നടത്തുന്ന ഇടപെടലുകൾ പ്രാധാന്യമുള്ളതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മലയാളിക്ക് എന്നും ഊറ്റം കൊള്ളാവുന്ന ഒരു ദേശീയസ്വത്താണ് യേശുദാസെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സ്പീക്കർ ജി.കാർത്തികേയൻ പറഞ്ഞു. മലയാളിയുടെ സംഗീതഭാവുകത്വത്തെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരാളില്ലെന്നും സ്പീക്കർ പറഞ്ഞു. ഒരു ഭാഷയുടെ ജനകീയ ഈണത്തിന്റെ രൂപമാണ് യേശുദാസെന്ന് ആദരിക്കൽ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ വി.എസ്.അച്യുതാനന്ദൻ പറഞ്ഞു.



തിരുവനന്തപുരം പ്രൊഫ.എൻ. കൃഷ്ണപിള്ള സ്മാരകത്തിൽനടന്ന 'മലയാളം – സാർവ്വദേശിക വികാസത്തിന്റെ പുതിയ ഘടകങ്ങൾ' എന്ന വിഷയത്തിലുള്ള സെമിനാറിൽ ഡോ.എ.കെ. ബാലകൃഷ്ണപ്പിള്ള പ്രബന്ധം അവതരിപ്പിക്കുന്നു. പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, ഡോ. എഴുമറ്റൂർ രാജരാജവർമ്മ എന്നിവർ സമീപം

## പുസ്തകോത്സവം പൂരത്തിന് ബൗദ്ധികമാനം നൽകുന്നു തേറമ്പിൽ രാമകൃഷ്ണൻ

ദൃശ്യ- ശ്രാവ്യകലകളിലെ വിഭിന്ന അഭിരുചികളെ ഒരുപോലെ തൃപ്തിപ്പെടുത്തുന്ന അനേകം മാനങ്ങളുള്ള മഹാസംഗമമാണ് തൃശൂർ പ്പൂരമെന്ന് തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. പറഞ്ഞു. കേരള സാഹിത്യ അക്കാദമി ഏപ്രിൽ 19 മുതൽ 29 വരെ സംഘടിപ്പിക്കുന്ന പൂരം പുസ്തകോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൂരത്തിനെത്തുന്ന പുരുഷാരം സാംസ്കാരികമായ ബഹുലതകൾ നിലനിർത്തിക്കൊണ്ടുതന്നെ ഒരു സൗഹൃദക്കൂട്ടായ്മ സൃഷ്ടിക്കുന്നുണ്ട്. അക്കാദമി ഒരുക്കുന്ന പുസ്തകോത്സവം തൃശൂർപൂരത്തിന് ബൗദ്ധികമായ ഒരു മാനം പകർന്നുനൽകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ. എസ്. വെങ്കിടാചലം, കെ. രഘുനാഥൻ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ടു സംസാരിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതവും എ.എച്ച്. സിറാജുദ്ദീൻ നന്ദിയും പറഞ്ഞു.



ഡോ. പി. സജീവ്കുമാറിന്റെ ഡോക്ടറുടെ അനുഭവക്കുറിപ്പുകൾ എന്ന ഗ്രന്ഥം ഡോ. സെബാസ്റ്റ്യൻപോൾ പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എയ്ക്ക് നല്കി പ്രകാശിപ്പിക്കുന്നു.

നമ്മുടെ നാട് ഒന്നാമതെത്താൻ കക്ഷിരാഷ്ട്രീയഭേദമന്യെ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് നിയമസഭ നൽകിയ ആദരവിന് മറുപടിപ്രസംഗം നടത്തവെ യേശുദാസ് പറഞ്ഞു. ഭാവിതലമുറയ്ക്കു വേണ്ടി വിട്ടുവീഴ്ച ചെയ്യാൻ എല്ലാവരും തയ്യാറാകണം. കേരളത്തെ ഇന്ത്യയുടെ കവാടമാക്കി മാറ്റാൻ ശേഷിയുള്ള വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ എല്ലാ കക്ഷികളും ഒരുമിച്ച് പ്രവർത്തിക്കണം. കലാകാരൻമാർ ശരീരവും ശാരീരവും സൂക്ഷിച്ചാൽ അനുഭവസിദ്ധിയുള്ളതാക്കി മാറ്റാം. ശുദ്ധമായ ഭക്ഷണവും ജീവിതരീതിയും കലാകാരൻമാർക്ക് ദൈവദത്തമായി ലഭിച്ച കഴിവുകൾ സംരക്ഷിക്കാൻ സഹായിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ പൊന്നാടയണിയിച്ചും മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിയമസഭയുടെ ഉപഹാരം നൽകിയും യേശുദാസിനെ ആദരിച്ചു. 2012 മാർച്ച് 22 ന് നിയമസഭയിൽ നടത്തിയ പ്രത്യേകപരാമർശത്തിന്റെ പകർപ്പ് സ്പീക്കർ ജി.കാർത്തികേയൻ യേശുദാസിന് സമ്മാനിച്ചു. മന്ത്രിമാരായ പി.കെ.കുഞ്ഞാലിക്കുട്ടി, കെ.എം.മാണി, ഡെപ്യൂട്ടി സ്പീക്കർ എൻ ശക്തൻ, എം.എൽ.എ.മാരായ സി. ദിവാകരൻ, എ.എ. അസീസ്, എം. വി. ശ്രേയാംസ് കുമാർ, അനൂപ് ജേക്കബ്, എ.കെ.ശശീന്ദ്രൻ, സി.കെ.നാണു തുടങ്ങിയവർ പ്രസംഗിച്ചു. മന്ത്രിമാർ, എം.എൽ.എ.മാർ, സമാജികരുടെ കുടുംബാംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഡോ.കെ.ജെ.യേശുദാസിനെക്കുറിച്ച്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുനിർമ്മിച്ച സദ്ഗുരു എന്ന ഡോക്യുമെന്ററിയുടെ ആദ്യപ്രദർശനവും നടന്നു.

## തസ്രാക്ക് പൈതൃകഗ്രാമമാക്കും

വിഖ്യാത എഴുത്തുകാരൻ ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിലെ പശ്ചാത്തലഗ്രാമമായ തസ്രാക്ക് പൈതൃകഗ്രാമമാക്കിമാറ്റാനുള്ള പദ്ധതികൾക്ക് പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ രൂപം നൽകി വരികയാണെന്ന് ജില്ലാകലക്ടർ കെ.വി.മോഹൻകുമാർ അറിയിച്ചു. ഒ.വി.വിജയൻ സ്മാരകസമിതി പാലക്കാട് തസ്രാക്കിലെ ഞാറ്റുപുരയിൽ സംഘടിപ്പിച്ച ഒ.വി.വിജയൻ അനുസ്മരണവും സൗഹൃദകൂട്ടായ്മയും എന്ന പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സേതു പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഒ.വി.വിജയൻ സ്മാരകസമിതി ചെയർമാൻ യു.കെ.കുമാരൻ അധ്യക്ഷത വഹിച്ചു. മുണ്ടൂർ സേതുമാധവൻ, പ്രൊഫ.പി.എ.വാസുദേവൻ, പി.കെ.പാറക്കടവ്, ടി.ഡി.രാമകൃഷ്ണൻ, ശ്രീകൃഷണപുരം മോഹൻദാസ്, കെ.പി.ഉണ്ണി, കാർട്ടൂണിസ്റ്റ് ഗോപീന്ദ്രനാഥ് എന്നിവർ സംസാരിച്ചു.

## സാഹിത്യത്തിന്റെ ദേശീയത സൃഷ്ടിക്കാൻ ഭാഷയുടെ അതിർത്തികൾ ഭേദിക്കണം സേതു

ഭാഷയുടെ അതിർത്തികൾ ഭേദിക്കുമ്പോഴാണ് സാഹിത്യത്തിൽ ദേശീയത സൃഷ്ടിക്കപ്പെടുന്നതെന്ന് സേതു അഭിപ്രായപ്പെട്ടു. കൊച്ചി ജി സ്മാരകത്തിൽ ജ്ഞാനപീഠ പുരസ്കാര പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചേതൻ ഭഗതിനെ അറിയുകയും മഹാശ്വേത ദേവിയെ അറിയാതിരിക്കുകയും ചെയ്യുന്നിടത്താണ് വിപണിയുടെ സ്വാധീനം നാം മനസ്സിലാക്കുന്നത്. വായനയിലൂടെ അനുഭവിച്ച ദേശീയ ബോധമായിരുന്നു തങ്ങളുടെ തലമുറയുടെ സമ്പത്തെന്നും സേതു അനുസ്മരിച്ചു.

മലയാളി ജീവിതത്തെ ആഴത്തിൽ അടയാളപ്പെടുത്തുന്നതിൽ മറ്റേതൊരു സാഹിത്യവിഭാഗത്തെക്കാൾ മുന്നിലാണ് ചെറുകഥയെന്ന് മുഖ്യാതിഥി




ഡോ.കെ.എസ്. കൃഷ്ണകുമാറിന്റെ 'വേരുകളിലൂടെ പ്രാർത്ഥിച്ച്' എന്ന കാവ്യസമാഹാരം ലളിത ലെനിൻ പ്രകാശനം ചെയ്യുന്നു.

# അവാർഡുകൾ ബഹുമതികൾ

## ആശാൻ വേൾഡ് പ്രൈസ് ജാക്ക് അഗ്യൂറോയ്ക്ക്

കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷന്റെ ഈ വർഷത്തെ ആശാൻ വേൾഡ് പ്രൈസിന് ഇംഗ്ലീഷ് കവി ജാക്ക് അഗ്യൂറോയെ തെരഞ്ഞെടുത്തു. അമേരിക്കൻ ഐക്യനാടുകളുടെ ഭാഗമായ പ്യൂട്ടോറിക്കോയിലെ ജനതയ്ക്കുനേരെ സർക്കാർ കൈക്കൊണ്ട വിവേചന നിലപാടുകൾക്കെതിരെയുള്ള പോരാട്ടമാണ് അഗ്യൂറോയുടെ കവിതകളെന്ന് ജൂറി അഭിപ്രായപ്പെട്ടു.

## കാക്കനാടൻ പുരസ്കാരം ടി. പത്മനാഭന്

കൊല്ലം താലൂക്ക് ലൈബ്രറി കൗൺസിൽ ഏർപ്പെടുത്തിയ പ്രഥമ കാക്കനാടൻ പുരസ്കാരത്തിന് ടി. പത്മനാഭൻ അർഹനായി.10,001 രൂപയും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

## പത്മരാജൻ പുരസ്കാരം പി സുരേന്ദ്രന്

കഴിഞ്ഞ വർഷത്തെ മികച്ച ചെറുകഥയ്ക്കുള്ള പത്മരാജൻ പുരസ്കാരം പി. സുരേന്ദ്രൻ രചിച്ച ഗൗതമ വിഷാദ യോഗം എന്ന ചെറുകഥയ്ക്ക് ലഭിച്ചു. പി. പത്മരാജന്റെ പേരിൽ പത്മരാജൻ മെമ്മോറിയൽ ട്രസ്റ്റാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ശ്രീകുമാരൻ തമ്പി ചെയർമാനും രാധാലക്ഷ്മി പത്മരാജൻ, കെ.പത്മനാഭപണിക്കർ,പത്മരാജൻ ട്രസ്റ്റിന്റെ മെമ്മോറിയൽ ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ ബി.ബാബുപ്രസാദ് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് മികച്ച ചെറുകഥ തെരഞ്ഞെടുത്തത്. 10000 രൂപയും ഫലകവുമാണ് പുരസ്കാരം.

## പ്രൊഫ. സാനുവിന് ലൈബ്രറി കൗൺസിൽ പ്രത്യേകപുരസ്കാരം

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സമഗ്ര സംഭാവനയ്ക്കുള്ള പ്രത്യേക പുരസ്കാരത്തിന് പ്രൊഫ. എം.കെ. സാനുവിനെ തെരഞ്ഞെടുത്തു. 50,000 രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം.

## എസ്.എൽ.പുരം സദാനന്ദൻ നാടകപുരസ്കാരം എം എസ് വാര്യർക്ക്

സംസ്ഥാന സർക്കാരിന്റെ എസ് എൽപുരം സദാനന്ദൻ നാടകപുരസ്കാരത്തിന് വിഖ്യാത നാടക നടൻ എംഎസ് വാര്യർ അർഹനായി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം.61 കൊല്ലമായി നാടകരംഗത്തുള്ള വാര്യർ 45 നാടകസമിതികളിലായി 15,000 സ്റ്റേജുകളിൽ അഭിനയ മികവ് പ്രകടിപ്പിച്ചു.റേഡിയോ നാടകകോത്സവങ്ങളിലും സജീവമാണ് . ഏഴ് ടെലിഫിലിമുകളിൽ അഭിനയിച്ചു. കേരളത്തിലെ ഒട്ടേറെ ഫൈൻ ആട്സ് സൊസൈറ്റികൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ പുരസ്കാരങ്ങൾ, കേരള സംഗീത നാടക അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

## എം. ടി. വാസുദേവൻനായർക്ക് ടി. കെ. രാമകൃഷ്ണൻ പുരസ്കാരം

മുൻ സാംസ്കാരിക വകുപ്പുമന്ത്രിയും എഴുത്തുകാരനുമായിരുന്ന ടി. കെ. രാമകൃഷ്ണന്റെ പേരിലുള്ള സ്മാരകട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരത്തിന് എം.ടി. വാസുദേവൻനായർ അർഹനായി. ഒരുലക്ഷം രൂപയാണ് പുരസ്ക്കാരത്തുക.

## സി. വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം പി. വൽസലയ്ക്ക്

സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷന്റെ സാഹിത്യ പുരസ്കാരത്തിന് (10,001 രൂപ) പി. വൽസല അർഹയായി. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സമഗ്ര സംഭാവന പരിഗണിച്ചാണിത്.

---

സന്തോഷ് ഏച്ചിക്കാനം പറഞ്ഞു. ചരിത്രത്തിന് മുമ്പേ രാഷ്ട്രീയ ജാഗ്രത പുലർത്തുന്നവരാണ് കഥാകൃത്തുകളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.പ്രൊഫ. കെ.വി.തോമസ് അധ്യക്ഷത വഹിച്ചു. ഡോ. മാർഗരറ്റ് ജോർജ്,ഡോ. വിജയമോഹൻ, പ്രൊഫ.കെ.കെ. ഭാസുരാമണി, പ്രൊഫ.ഷീബ, ഡോ. ലിയാഖത്ത് അലി, പ്രൊഫ. ജോസഫ് സെബാസ്റ്റ്യൻ, പൊഫ. എം.എസ്. മുരളി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## പുസ്തകപ്രകാശനം

ഡോ. കെ.എസ്. കൃഷ്ണകുമാറിന്റെ കാവ്യസമാഹാരമായ 'വേരുകളിലൂടെ പ്രാർത്ഥിച്ച്' എന്ന പുസ്തകം ലളിതാ ലെനിൻ പ്രകാശനം ചെയ്തു. പ്രൊഫ. വി.ജി. തമ്പിയുടെ അദ്ധ്യക്ഷതയിൽ തൃശൂർ 'ശ്രദ്ധ'യിൽ നടന്ന 'യരലവ' പ്രതിമാസ കവിക്കൂട്ടായ്മയുടെ ഭാഗമായി നടന്ന ചടങ്ങിൽ ഡോ.മുഞ്ഞിനാട് പത്മകുമാർ പുസ്തകപരിചയം നടത്തി.സെബാസ്റ്റ്യൻ,ഡോ. റോസി തമ്പി, പ്രൊഫ. സുബൈദ, രോഷ്നി സ്വപ്ന, ബക്കർ മേത്തല, സുധാകരൻ പാവറട്ടി, ഫാദർ സുനിൽ, എം.കെ. കൃഷ്ണകുമാർ, സലീം അഞ്ചൽ, പ്രൊഫ. ഇ. എസ്. സതീശൻ, ഡോ. ശങ്കരനാരായണൻ എന്നിവർ ആശംസകൾ നടത്തി. കവിസമ്മേളനം പ്രൊഫ. വി.ജി. തമ്പി, സെബാസ്റ്റ്യൻ, ഡോ. റോസി തമ്പി, ബക്കർ മേത്തല, പി.കെ. ഭരതൻ, ഇ. എസ്. സതീശൻ, വിമീഷ് മണിയൂർ, ഗിരിജ പാതേക്കര, എം.സങ്., ഡോ. ഇ. സന്ധ്യ, സുധാകരൻ പാവറട്ടി, മണി ചാവക്കാട്, രാധിക സനോജ്, എം.ആർ. വിപിൻ, ജോംസൺ, ഡോ. കെ.എസ്. കൃഷ്ണകുമാർ എന്നിവർ കവിതകൾ അവതരിപ്പിച്ചു.

## ലക്ഷ്മിക്കുട്ടി അമ്മ സ്മാരക പുരസ്കാരം കൃതികൾക്ഷണിച്ചു

കോറാട്ട് ലക്ഷ്മിക്കുട്ടി അമ്മയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ "ലക്ഷ്മിക്കുട്ടി അമ്മ സാഹിത്യ പുരസ്കാര"ത്തിന് കൃതികൾ ക്ഷണിച്ചു. 2007 ജനുവരിക്കും 2011 ഡിസംബറിനും ഇടയിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച നിരൂപണകൃതികൾക്കാണ് പുരസ്കാരം. 3001 രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. കൃതിയുടെ മൂന്നു കോപ്പികൾ ഏപ്രിൽ 30നകം ജയചന്ദ്രൻ പൂക്കരത്തറ, പുളിയ്ക്കത്ര വളപ്പിൽ, കോലൊളമ്പ് പി.ഒ., എടപ്പാൾ – 679576, മലപ്പുറം ജില്ല. 9744283321 (ഫോൺ) എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

## ക്രിയേറ്റീവ് മൂവ്മെന്റ് പുരസ്കാരം

എം.കെ. ഹരികുമാറിന്റെ 'ആത്മായനങ്ങളുടെ ഖസാക്ക്' എന്ന കൃതിയുടെ പേരിൽ നല്കുന്ന തൃപ്പൂണിത്തുറ ക്രിയേറ്റീവ് മൂവ്മെന്റ് പുരസ്കാരം അഞ്ചുപേർക്ക്.

പായിപ്ര രാധാകൃഷ്ണൻ (തിരഞ്ഞെടുത്ത കഥകൾ), കൃഷ്ണദാസ് (കടലിരമ്പങ്ങൾ), സുജിത് ബാലകൃഷ്ണൻ (പുഴയൊഴുകും പോലെ), വെണ്ണല മോഹൻ (അഗ്നിപൂക്കുന്ന മനസ്സുകൾ), പി.കെ. ഗോപി (സുഷുമ്നയിലെ സംഗീതം) എന്നിവർക്കാണു പുരസ്കാരം.

## മുല്ലനേഴി പുരസ്കാരം സെബാസ്റ്റ്യന്

വല്ലച്ചിറ യുവരശ്മി ലൈബ്രറി ഏർപ്പെടുത്തിയ പ്രഥമ മുല്ലനേഴി സ്മാരക പുരസ്കാരത്തിന് 'സെബാസ്റ്റ്യന്റെ കവിതകൾ' അർഹമായി. അയ്യായിരത്തിയൊന്ന് രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് പുരസ്കാരം.

## ബാലകൃഷ്ണൻ മാങ്ങാട് കഥാപുരസ്കാരം

തുളുനാട് മാസികയുടെ ഏഴാമത് ബാലകൃഷ്ണൻ മാങ്ങാട് സ്മാരകകഥാപുരസ്കാരം ഷാഹുൽ ഹമീദ് കെ.ടി. യ്ക്ക് ലഭിച്ചു. നിലേശ്വരത്ത് നടന്ന സമ്മേളനത്തിൽ കെ. കുഞ്ഞിരാമൻ എം.എൽ.എ. അവാർഡ് സമ്മാനിച്ചു.

## വി.ജി.തമ്പിക്ക് അഴീക്കൽ കൃഷ്ണൻകുട്ടി പുരസ്കാരം

അഴീക്കൽ കെ. കൃഷ്ണകുട്ടി സ്മാരക ഗ്രന്ഥശാലയുടെ പ്രഥമ അഴീക്കൽ കൃഷ്ണൻകുട്ടി പുരസ്കാരത്തിന് വി.ജി.തമ്പി അർഹനായി. ഹവ്വ മുലപ്പാൽ കുടിക്കുന്നു എന്ന കവിതാസമാഹാരത്തിനാണ് പുരസ്കാരം. 10,001 രൂപയും ശിൽപ്പവുമടങ്ങുന്നതാണ് പുരസ്കാരം.

## എ.എ. മലയാളി പുരസ്കാരം കൊളത്തോൾ രാഘവന്


എ.എ. മലയാളി പുരസ്കാരത്തിന് കൊളത്തോൾ രാഘവൻ അർഹനായി. അയ്യായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. മഹാകവി അക്കിത്തം, പുറമണ്ണൂർ ടി. മുഹമ്മദ്, വി.വി. ഭാസി എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാരനിർണ്ണയം നടത്തിയത്.

## എസ്. രാമന് വിവർത്തന പുരസ്കാരം

തമിഴ് വിവർത്തനത്തിനുള്ള തമിഴ്നാട് സർക്കാരിന്റെ പുരസ്കാരത്തിന് മലയാളിയായ എസ്. രാമൻ അർഹനായി. മുപ്പതിനായിരം രൂപയാണ് അവാർഡ്. ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ മരുന്ന് എന്ന നോവലിന്റെ തമിഴ് വിവർത്തനത്തിനാണ് പുരസ്കാരം.

## പാർവ്വതിപത്മം പുരസ്കാരം ശ്രീകുമാരൻ തമ്പിക്ക്

ഗുരുവായൂർ പേരകം അയിനിപ്പിള്ളി ശ്രീരാജരാജേശ്വരി ക്ഷേത്രഉൽസവത്തോടനുബന്ധിച്ച് നൽകുന്ന പാർവ്വതീപത്മം പുരസ്കാരത്തിന് ശ്രീകുമാരൻതമ്പി അർഹനായി. 20000 രൂപയാണ് പുരസ്കാരം.

# ഗീതാഞ്ജലി

**രവീന്ദ്രനാഥടാഗോർ**

**വിവ. ഏറ്റുമാനൂർ സോമദാസൻ**

വിശ്വപ്രസിദ്ധമായ ഗീതാഞ്ജലിയുടെ വായന പുതിയ അർത്ഥതലങ്ങളും നവീനവ്യാഖ്യാനങ്ങളും പകർന്നുതരുന്നു. മലയാളത്തിലെ കാവ്യപാരമ്പര്യത്തോടും ഗാനമാധുരിയോടും ഇണക്കിച്ചേർക്കാനുള്ള ശ്രമം ഈ വിവർത്തനകൃതിയിലുണ്ട്.

**പേജ് : 128 വില : 90 00.**

# ഭാരതീയ കലാചരിത്രം

**വിജയകുമാർ മേനോൻ**

ഗുഹാകാലം തുടങ്ങി ആധുനികോത്തരകാലം വരെയുള്ള കലാചരിത്രം പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം മലയാളത്തിലെ സാംസ്കാരിക പഠനത്തിൽ മുഖ്യപങ്കുവഹിക്കും.


**പേജ് : 354 വില : 400**



*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

# മരണം

## എം.എച്ച്. ശാസ്ത്രികൾ



പ്രമുഖ സംസ്കൃതപണ്ഡിതനും എഴുത്തുകാരനുമായ എം.എച്ച്. ശാസ്ത്രികൾ (101) ബാംഗ്ലൂരിൽ ഏപ്രിൽ 11ന് അന്തരിച്ചു.


കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനാ പുരസ്കാരത്തിന് അർഹനായിട്ടുണ്ട്. രാഷ്ട്രപതിയുടെ ഓറിയന്റൽ സ്കോളർ അവാർഡ്, അമൃതകീർത്തി പുരസ്കാരം, വിശ്വസംസ്കൃത പ്രതിഷ്ഠാന്റെ പണ്ഡിതരത്നം അവാർഡ്, ബ്രാഹ്മണ സഭയുടെ ധർമ്മശ്രേഷ്ഠ പുരസ്കാരം, ഒളപ്പമണ്ണ അവാർഡ് തുടങ്ങിയ നിരവധി ബഹുമതികൾക്ക് എം.എച്ച്. ശാസ്ത്രികൾ അർഹനായിട്ടുണ്ട്. തിരുവനന്തപുരം സംസ്കൃതകോളേജിൽ ദീർഘകാലം അദ്ധ്യാപകനായിരുന്നു. വിരമിച്ചതിനുശേഷം ശിവഗരി ബ്രഹ്മവിദ്യാലയത്തിലെ മുഖ്യാചാര്യനായും കൊല്ലം ശ്രീശങ്കരസംസ്കൃതവിദ്യാലയം പ്രിൻസിപ്പളായും പ്രവർത്തിച്ചു.

കേരളത്തിലെ സംസ്കൃതപണ്ഡിതരിൽ പ്രഥമഗണനീയനാണ് എം.എച്ച്. ശാസ്ത്രികൾ. കേരളത്തിൽ ജീവിച്ചിരിപ്പുള്ള സംസ്കൃതപണ്ഡിതരിൽ പലരും അദ്ദേഹത്തിന്റെ ശിഷ്യരാണ്. വ്യാകരണം, വേദാന്തം, സാഹിത്യം തുടങ്ങിയ വിവിധ സംസ്കൃതശാഖകളിലെല്ലാം പാണ്ഡിത്യമുണ്ടായിരുന്നു എം.എച്ച്. ശാസ്ത്രികൾക്ക്.

നിരവധി സംസ്കൃത ഗ്രന്ഥങ്ങളും ഉപന്യാസങ്ങളും രചിച്ചിട്ടുണ്ട്. നളചരിതം ആട്ടക്കഥയ്ക്ക് രസിക കൗതുകം എന്ന വ്യാഖ്യാനം എഴുതി. അഭിനവ രംഗം, ബി.എ. മിടുക്കൻ, രാമയ്യൻ ദളവ എന്നീ നടകങ്ങൾ രചിച്ചു. രാജഗുണ നിരൂപണം, വാസുദേവാഷ്ടകം, വിജയ പ്രദീപം, വിജ്ഞാനമഞ്ജുഷ, താടകാവധം തുടങ്ങിയവയാണ് പ്രധാന കൃതികൾ

എം.എച്ച്. ശാസ്ത്രികളുടെ നിര്യാണത്തിൽ കേരള സാഹിത്യഅക്കാദമി അനുശോചനം രേഖപ്പെടുത്തി.

## നവോദയ അപ്പച്ചൻ



മലയാള ചലച്ചിത്ര നിർമ്മാണരംഗത്തെ പ്രമുഖനായ നവോദയ അപ്പച്ചൻ (88) എറണാകുളത്ത് ഏപ്രിൽ 23ന് അന്തരിച്ചു.

മലയാളചലച്ചിത്ര മേഖലയ്ക്ക് നൽകിയ സമഗ്രസംഭാവന കണക്കിലെടുത്ത് 2010ൽ ജെ.സി. ഡാനിയൽ പുരസ്കാരവും, ചലച്ചിത്രനിർമ്മാതാക്കളുടെ സംഘടനയായ പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ ലൈഫ് അച്ചീവ്മെന്റ് അവാർഡും ലഭിച്ചു. ഇന്ത്യയിലെ ആദ്യ ത്രിഡി ചിത്രമായ മൈ ഡിയർ കുട്ടിച്ചാത്തൻ, ദക്ഷിണേന്ത്യയിലെ ആദ്യ 70എം.എം. ചിത്രമായ പടയോട്ടം, കേരളത്തിലെ ആദ്യസിനിമാസ്കോപ്പ് ചിത്രമായ തച്ചോളി അമ്പു, മഞ്ഞിൽ വിരിഞ്ഞ പൂക്കൾ, ഒന്ന് മുതൽ പൂജ്യം വരെ, മണിച്ചിത്രത്താഴ്, ഷോട്ടാ ചേതൻ, അഴകിയ തമിഴ് മകൻ തുടങ്ങിയവയാണ് അദ്ദേഹം നിർമ്മിച്ച ചിത്രങ്ങൾ, തച്ചോളി അമ്പു, കടത്തനാട്ട് മാക്കം, മാമാങ്കം, തീക്കനൽ എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്തു.

## പാലീത്ര നാരായണൻ



സാഹിത്യ-സാംസ്കാരിക പ്രവർത്തകനും പൊതുപ്രവർത്തകനുമായ പാലീത്ര നാരായണൻ (76) ഏപ്രിൽ 15ന് കോഴിക്കോട് അന്തരിച്ചു. കവി, ഗാനരചയിതാവ് എന്നി നിലകളിൽ പ്രശസ്തനാണ്. കോഴിക്കോട് പുരോഗമന കലാസാഹിത്യസംഘം ജില്ലാ സെക്രട്ടറി, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി, എൻജിഒ യൂണിയൻ സംസ്ഥാനകമ്മിറ്റിയംഗം, ജില്ലാകൗൺസിൽ അംഗം, ദേശാഭിമാനി സ്റ്റഡി സർക്കിൾ സംസ്ഥാനകമ്മിറ്റിയംഗം തുടങ്ങിയ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.





**കേരളത്തിലെ സ്ഥലചരിത്രങ്ങൾ വയനാട് ജില്ല**

**ടി.സി. ജോൺ**

കേരളചരിത്രത്തിൽ സവിശേഷസ്ഥാനമുള്ള വയനാടിനെക്കുറിച്ചുള്ള അന്വേഷണമാണീഗ്രന്ഥം

**പേജ് : 103 വില : 80**

**ടാഗോർ പഠനങ്ങൾ**

**എഡി. ഡോ. കെ.കെ.എൻ. കുറുപ്പ്**

മഹാപ്രതിഭാശാലിയായ ടാഗോറിനെ സമഗ്രമായി വിലയിരുത്തുന്ന ഏതാനും ലേഖനങ്ങളുടെ സമാഹാരം


**പേജ് : 123 വില : 80**




*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

# പുസ്തക പരിചയം

## കെ.ആർ. മീരയുടെ കഥകൾ




**കെ.ആർ. മീര**

മനുഷ്യാവസ്ഥയെക്കുറിച്ചും, ജീവിതത്തിലെ അനിവാര്യമായ സംഘർഷങ്ങളെക്കുറിച്ചും ശരീരത്തിൽത്തന്നെ ഉള്ളടങ്ങിയിരിയ്ക്കുന്ന രാഷ്ട്രീയ മുദ്രകളെക്കുറിച്ചും, വാക്കുകൾക്ക് സംഭവിയ്ക്കുന്ന രൂപപരിണാമങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുന്ന ഒരുകൂട്ടം കഥകളുടെ സമാഹാരം. കഥയുടെ പുതിയ വഴികളെക്കുറിച്ച് പ്രത്യാശാഭരിതരാകാൻ ഈ സമാഹാരം വായനക്കാർക്ക് ശക്തി നല്കുന്നുണ്ട്.

പ്രസാ: കറന്റ് ബുക്സ്, തൃശ്ശൂർ
വില : 125.00 പേജ് : 211.

## വന്ദേഗുരും ചിന്മയം




**ഡോ. പി. രാമദാസ്**

അനശ്വരതയെ ജീവിതാർത്ഥമാക്കിയ ഋഷിപരമ്പരയുടെ തുടർച്ചയായ സ്വാമി ചിന്മയാനന്ദന്റെ ജീവചരിത്രം. അദ്ദേഹത്തിന്റെ ജീവിതത്തെ പദേപദേ പിൻതുടരുക എന്നതിലുപരി ഒരു ഭക്തന്റെ കണ്ണിലൂടെ വിശകലനം ചെയ്യാനാണ് ഈ കൃതിയിൽ ശ്രമിയ്ക്കുന്നത്. "ജലം തേടിയവർക്ക് തീർത്ഥജലമാകും ഈ കൃതി' എന്ന് പ്രസാധകക്കുറിപ്പ്.

പ്രസാ: കറന്റ് ബുക്സ്, തൃശ്ശൂർ
വില : 70.00 പേജ് : 103.

## തൊട്ടുകൂടാത്തവരുടെ തീണ്ടിക്കൂടായ്മകൾ





**കാവിൽരാജ്**

അധഃസ്ഥിതരായി, സമൂഹത്തിന്റെ അരികുപറ്റി ജീവിച്ചിരുന്നവരെ മനുഷ്യരാക്കി ഉയർത്തിയ ഒരു പിടി മഹാന്മാരുടെ ജീവിതത്തെ, തന്റേടങ്ങളെ വിശകലനം ചെയ്യുന്ന കൃതി. ഗാന്ധിജി, ജ്യോതിബാഫൂലെ, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണ ഗുരു, അംബേദ്കർ, അയ്യങ്കാളി തുടങ്ങി നിരവധി മഹത്തുക്കൾ ഈ കൃതിയിൽ അപൂർവ്വചാരുതയോടെ പ്രത്യക്ഷപ്പെടുന്നു.

പ്രസാ: എച്ച് ആന്റ്സി ബുക്സ്, തൃശൂർ
വില : 75.00 പേജ് : 95.

## കെ. രാഘവൻ ഒരു സംഗീതവിചാരം




**എഡി. വി.ടി. മുരളി**

മലയാള സംഗീതത്തെ ജനകീയനാക്കിയ സംഗീതജ്ഞരിൽ പ്രമുഖനായ കെ. രാഘവൻ മാസ്റ്ററുടെ സംഗീതജീവിതത്തെ അടുത്തറിയാൻ സഹായിയ്ക്കുന്ന കൃതി. എം.ടി. വാസുദേവൻനായർ, ഒ. എൻ.വി., യൂസഫലി കേച്ചേരി, എ.കെ. നമ്പ്യാർ, രവിമേനോൻ, ആലങ്കോട് ലീലാകൃഷ്ണൻ, വി.ടി. മുരളി തുടങ്ങി നിരവധി പേരുടെ ഓർമ്മകളും പഠനങ്ങളുമാണ് ഈ കൃതിയെ സമ്പന്നമാക്കുന്നത്.

പ്രസാ: പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്
വില : 100.00 പേജ് : 136.

## ലക്ഷദ്വീപിലെ സുന്ദരി




**എം.ഇ. സേതുമാധവൻ**

ലക്ഷദ്വീപ സമൂഹങ്ങളിൽ ശ്രദ്ധേയമായ 'കൽപേനി' യിലേയ്ക്കുള്ള യാത്രയുടെ ഓർമ്മക്കുറിപ്പുകൾ. ചരിത്രവും ഐതിഹ്യങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന ഈ ദ്വീപിലെ പവിഴപ്പുറ്റുകളും മറ്റു നിറക്കാഴ്ചകളും മാത്രമല്ല, അവിടുത്തെ സാമൂഹിക ജീവിതവും രുചിവൈവിധ്യങ്ങളും വരെ ഈ കൃതി ഒപ്പിയെടുക്കുന്നു.

പ്രസാ: എച്ച് ആന്റ്സി ബുക്സ്, തൃശൂർ വില : 50.00 പേജ് : 80.

## രാമായണക്കാഴ്ചകൾ



**ഷാജി നായരമ്പലം**

രാമായണത്തിലെ ബാലകാണ്ഡം മുതൽക്കുള്ള ഇരുപതു സന്ദർഭങ്ങളെ മുൻനിർത്തി പ്രധാന കഥാപാത്രങ്ങളെ നാടകീയമായും കാവ്യാത്മകമായും അവതരിപ്പിക്കുന്ന കവിതാസമാഹാരം.അഹല്യ, താടക,ഊർമ്മിള,ശൂർപ്പണഖ,ഹനുമാൻ,ജടായു തുടങ്ങി ഇതിലെ ഒരോ രചനയും നവമായ ഒരു രാമായണാനുഭവം പകർന്നു നൽകുന്നു.

പ്രസാ: സീയെല്ലെസ് ബുക്സ്,തളിപ്പറമ്പ്,വില:50രൂ,പേജ്:64

## ഗില്ലറ്റിൻ



**കെ.ആർ.മീര**

ചരിത്രം അതിന്റെ മർദ്ദനോപാധികളുമായി പ്രത്യക്ഷപ്പെടുമ്പോൾ കഥ അതിനെ അതിജീവിയ്ക്കാനുള്ള ഉപാധിയാകുന്നതെങ്ങനെ എന്നു സാക്ഷ്യപ്പെടുത്തുന്ന സമാഹാരം.നർമ്മബോധം പോലും വിലക്കപ്പെട്ട സ്ത്രീലോകത്തിന്റെ പലതരം ഏകാന്തതകളെ ആത്മപരിഹാസത്തോളമെത്തുന്ന നിർമ്മമതയോടെ അടയാളപ്പെടുത്തുന്നുണ്ട്,ഇതിലെ രചനകൾ.

പ്രസാ:കറന്റ്ബുക്സ്, തൃശ്ശൂർ, വില:45രൂ,പേജ്:76

## കഥയിൽ അല്പം കാര്യം

**ബാബുരാജ് കളമ്പൂർ**



പറഞ്ഞുകേട്ടവയും അല്ലാത്തവയുമായ നിരവധി കഥകളിലൂടെ ജീവിത പ്രതിസന്ധികളെ നേരിടാനുള്ള വഴിതുറക്കുന്നു.ജീവിതത്തിന്റെ പരുക്കൻ വഴികളിൽ കാലിടറാതെ നോക്കാനും,നന്മയുടെയും ജ്ഞാനത്തിന്റെയും വെളിച്ചത്തിൽ മുന്നോട്ടുപോകാനും,ഇതിലെകഥകൾ വായനക്കാരെ സഹായിക്കുന്നു.

പ്രസാ: എച്ച് ആന്റ് സി ബുക്സ്, തൃശ്ശൂർ,
വില:80രൂ,പേജ്:128

## വീഴുന്ന ഒരിലകൾ

**കെ.ടി.സൂപ്പി.**




ദു:ഖത്തിന്റെ കാണാക്കയങ്ങളെ കവിതകളാക്കി മാറ്റുന്ന സമാഹാരം. മരണം ജീവിതത്തോട് പോരടിയ്ക്കാൻ വരുമ്പോഴും തോറ്റുകൊടുക്കാതിരിയ്ക്കുകയും നിതാന്തമായ സ്നേഹത്തിന്റെ സന്ദേശങ്ങൾ പകരുകയും ഈ സമാഹാരത്തിൽ അറുപത്തിയൊന്നുചെറുകവിതകളാണ് ഉൾക്കൊള്ളുന്നത്.

പ്രസാ:ഒലിവ്,കോഴിക്കോട്,
വില:40രൂ,പേജ്:74

## മാലിന്യസംസ്കരണം

**കെ.രാമചന്ദ്രൻ/കെ.സഹദേവൻ**



ഗ്രാമ-നഗരപ്രദേശങ്ങളിലെ ഖരമാലിന്യങ്ങളെക്കുറിച്ചും അവയിൽ നിന്ന് മുക്തമാകുന്നതിനുള്ള ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്ന പുസ്തകം. ശുചിത്വപൂർണ്ണവും ആരോഗ്യപൂർണ്ണവുമായ ഒരു സമൂഹത്തെ സ്വപ്നം കാണുന്നവർക്കും, ആരോഗ്യ- വിദ്യാഭ്യാസപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും സാമാന്യജനങ്ങൾക്കും ഒരു പോലെ പ്രയോജനപ്രദമാകും ഈ കൃതി.

പ്രസാ: കറന്റ് ബുക്സ്, തൃശ്ശൂർ, വില 175 രൂപ, പേജ് 151.

## ആദ്യാക്ഷരം

**ഖദീജാസിദ്ദീഖ്**



കവിതകൾ. ആദ്യാക്ഷരം, കായും വിതയും ഫലവും, പ്രണയം, നീയും ഞാനും, മകൾ, ക്രോസ് വിസ്താരം തുടങ്ങി ഇതിലെ ഓരോ രചനയും ലളിതവും ഭാവസുന്ദരവുമായ അനുഭവങ്ങളുടെ ഇരിപ്പിടമാണ്. പ്രകൃതിയുടെ താളങ്ങളും താരാട്ടുകളും ഏറ്റുവാങ്ങാൻ കൗതുകമുള്ള ഒരു കവിമനസ്സ് ഈ രചനകളിൽ വെളിപ്പെടുന്നുണ്ട്.

പ്രസാ: , ഭാവന ബുക്സ്, കാവശ്ശേരി, വില 30 രൂപ, പേജ് 38.

---




## തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
## പി.വി. വേലായുധൻപിള്ള

**എഡിറ്റർ : ഡോ. കെ.എസ്. രവികുമാർ**

നാലുഭാഗങ്ങളിലായി 40 സാഹിത്യ പ്രബന്ധങ്ങളുടെ സമാഹാരം. ഭാഷാ സാഹിത്യ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അവശ്യം വേണ്ടതായ ഗ്രന്ഥം.

**പേജ് 312 വില 200.00**


---

## An Anthology of Malayalam Poems

**Translated & Edited by : Samson J Kolady**

മലയാള കാവ്യരംഗത്തെ പ്രമുഖരായ 52 കവികളുടെ രചനകളുടെ ഇംഗ്ലീഷ് പരിഭാഷ. സാഹിത്യഅക്കാദമിയുടെ പുരസ്കാരത്തിനർഹരായവരാണ് ഈ കവികൾ

**പേജ് : 138 വില : 150 00.**




*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

# സ്മരണീയ ദിനങ്ങൾ

2012 മെയ്

| | | | |
|---|---|---|---|
| 1. | മെയ്ദിനം | | |
| | തൃശൂർപൂരം | | |
| | രവീന്ദ്രനാഥടാഗോർ ജന്മദിനം | 1861 | |
| | കെ.പി.ജി. നമ്പൂതിരി ജന്മദിനം | 1917 | |
| | എം.പി. പോൾ ജന്മദിനം | 1904 | 1952 |
| | ബാലഭൂമി പ്രസിദ്ധീകരണം തുടങ്ങി | 1996 | |
| | കെ.പി. പത്മനാഭമേനോൻ ചരമദിനം | 1857 | 1919 |
| | എൻ.ഇ. സുവർണ്ണവല്ലി ജന്മദിനം | 1935 | 2006 |
| 2. | സി.എ. ബാലൻ ജന്മദിനം | 1919 | |
| | ഇ.എം.ജെ. വെണ്ണിയൂർ ജന്മദിനം | 1927 | |
| | വക്കം അബ്ദുൾഖാദർ ജന്മദിനം | 1912 | |
| | എസ്.എ. ജമീൽ ജന്മദിനം | 1947 | 2011 |
| 3. | തോട്ടയ്ക്കാട്ട് ഇക്കാവമ്മ ചരമദിനം | 1865 | 1916 |
| | ആർ.കെ. നാരായണൻ ചരമദിനം | | 2001 |
| | ഇക്കണ്ടവാര്യർ ജന്മദിനം | 1890 | |
| | വി.കെ. കൃഷ്ണമേനോൻ ജന്മദിനം | 1896 | |
| | ഡോ. സക്കീർഹുസൈൻ ചരമദിനം | 1897 | 1969 |
| | വാസുപ്രദീപ് ചരമദിനം | 1931 | 2011 |
| 4. | കെ.സി. മാമ്മൻ മാപ്പിള ജന്മദിനം | 1871 | |
| | വിജയൻ കരോട്ട് ചരമദിനം | 1940 | 1991 |
| | കിളളിക്കുറിശ്ശി മംഗലം കലക്കത്തുഭവനം | | |
| | കുഞ്ചൻ സ്മാരകമാക്കി | 1978 | |
| 5. | കുഞ്ചൻദിനം | | |
| | ജി. വിവേകാനന്ദൻ ജന്മദിനം | 1923 | |
| | ചട്ടമ്പിസ്വാമികൾ ചരമദിനം | 1852 | 1924 |
| | കാറൽ മാർക്സ് ജന്മദിനം | 1818 | 1883 |
| | തേറമ്പിൽ ശങ്കുണ്ണിമേനോൻ ജന്മദിനം | 1910 | |
| | സി.കെ. കരീം ജന്മദിനം | 1929 | |
| | കെ.എം. ഡാനിയേൽ ജന്മദിനം | 1920 | |
| | വി.എസ്. ആൻഡ്രൂസ് ജന്മദിനം | 1872 | |
| | എം.എം. മേനോൻ ചരമദിനം | 1935 | 2011 |
| 6. | വേലുത്തമ്പി ദളവ ജന്മദിനം | 1765 | |
| 7. | വിദ്വാൻ സി.എസ്. നായർ (ശങ്കുണ്ണിനായർ) ജന്മദിനം | 1894 | |
| | ജഗതി എൻ.കെ. ആചാരി ജന്മദിനം | 1924 | |
| 8. | ലോക മാതൃദിനം | | |
| | ശ്രീശങ്കരജയന്തി | | |
| | വിദ്വാൻ സി.എസ്. നായർ (ശങ്കുണ്ണിനായർ) ചരമദിനം | 1894 | 1942 |
| | ഉള്ളൂർ സ്മാരകം (തിരുവനന്തപുരം)തുടങ്ങി | 1956 | |
| | ഭാഷാപോഷിണി സഭ തുടങ്ങി | 1891 | |
| | ലോക റെഡ്ക്രോസ് ദിനം | | |
| 9. | മേക്കൊല്ല പരമേശ്വരൻ പിള്ള ജന്മദിനം | 1907 | |
| | ടി.കെ. കൃഷ്ണമേനോൻ ചരമദിനം | 1869 | 1949 |
| 10. | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് ജന്മദിനം | 1902 | |
| | ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം ആരംഭം | 1857 | |
| | കുഞ്ഞുണ്ണിമാഷ് ജന്മദിനം | 1927 | 2006 |
| | പി.ഭാസ്കരൻ ജന്മദിനം | 1924 | 2007 |
| | എ.കെ.ലോഹിതദാസ് ജന്മദിനം | 1955 | 2009 |
| 11. | വൈലോപ്പിള്ളി ശ്രീധരമേനോൻ ജന്മദിനം | 1911 | 1985 |
| 12. | ലോക നഴ്സ് ദിനം | | |
| | വി.എം. നായർ ചരമദിനം | 1896 | 1977 |
| | വിവേകോദയം (പത്രാധിപർ - കുമാരനാശാൻ) തുടങ്ങി | 1904 | |
| | കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ ചരമദിനം | 1915 | 1999 |
| 13. | എൻ.വി. കൃഷ്ണവാരിയർ ജന്മദിനം | 1916 | |
| | മൊയ്യാരത്ത് ശങ്കരൻ ചരമദിനം | 1901 | 1948 |
| | വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ചരമദിനം | 1909 | 2004 |
| | കടവിൽ ശശി ജന്മദിനം | 1946 | 2006 |
| 14. | നിത്യചൈതന്യയതി ചരമദിനം | 1924 | 1999 |
| | കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ ചരമദിനം | 1882 | 1959 |
| | വിഷ്ണുഭാരതീയൻ ചരമദിനം | 1891 | 1981 |
| | വിലാസിനി ചരമദിനം | 1928 | 1993 |
| | മൂർക്കോത്ത് കുഞ്ഞപ്പ ജന്മദിനം | 1905 | |
| 15. | വി.പി. ശിവകുമാർ ജന്മദിനം | 1947 | |
| | പി.സി. വാസുദേവൻ ഇളയത് ജന്മദിനം | 1910 | |
| | പി.ടി. അബ്ദുൾറഹിമാൻ ജന്മദിനം | 1940 | 2002 |
| 16. | സമകാലിക മലയാളം വാരിക തുടങ്ങി | 1997 | |
| | മുല്ലനേഴി നീലകണ്ഠൻ ജന്മദിനം | 1948 | 2011 |
| 17. | ലോകവാർത്താവിനിമയദിനം | | |
| | ഇ.പി. സുഷമ ജന്മദിനം | 1964 | |
| | ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി ചരമദിനം | 1917 | 1993 |
| | വാസ്കോഡഗാമ കാപ്പാട് (കോഴിക്കോട്) | | |
| | കപ്പലിറങ്ങി | 1498 | |
| | പ്രൊഫ. കെ.എസ്. നാരായണപ്പിള്ള ജന്മദിനം | 1930 | 2006 |
| 18. | എം.സി. അപ്പുണ്ണിനമ്പ്യാർ ജന്മദിനം | 1927 | |
| | ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ചരമദിനം | 1869 | 1916 |
| | ബർട്രാന്റ് റസ്സൽ ജന്മദിനം | 1872 | |
| | കലാമണ്ഡലം കേശവൻ ജന്മദിനം | 1936 | 2009 |
| 19. | സി.വി. രാമൻപിള്ള ജന്മദിനം | 1858 | |
| | വി. ഉണ്ണികൃഷ്ണൻ നായർ ചരമദിനം | 1893 | 1985 |
| | എം.പി. നാരായണപിള്ള ചരമദിനം | 1939 | 1998 |
| | അയ്പ് പാറമേൽ ചരമദിനം | | 2004 |
| | ഇ.കെ. നായനാർ ചരമദിനം | 1919 | 2004 |
| 20. | സിസ്റ്റർ മേരി ബനീഞ്ജ ചരമദിനം | 1901 | 1985 |
| | കെ. സുകുമാരൻ (മലബാർ) ജന്മദിനം | 1876 | |
| | കൊച്ചീപ്പൻ തരകൻ ചരമദിനം | 1861 | 1940 |
| | സർവ്വാധികാര്യക്കാർ പി. ഗോവിന്ദപിള്ള ജന്മദിനം | 1849 | |
| | മാത്യു എം. കുഴിവേലി ജന്മദിനം | 1905 | |
| | വിജ്ഞാനകൈരളി തുടങ്ങി | 1969 | |
| | പാപ്പനംകോട് പ്രഭാകരൻ ജന്മദിനം | 1931 | 2005 |
| | ശോഭന പരമേശ്വരൻനായർ ചരമദിനം | | 2009 |
| 21. | രാജീവ്ഗാന്ധി ചരമദിനം | 1944 | 1991 |
| | കെ.എൻ. എഴുത്തച്ഛൻ ജന്മദിനം | 1911 | |
| | ശ്രീമൂലനഗരം വിജയൻ ചരമദിനം | 1933 | 1992 |
| | ബാരിസ്റ്റർ ജി.പി. പിള്ള ചരമദിനം | 1864 | 1903 |
| 22. | പി. അനന്തൻ പിള്ള ചരമദിനം | 1886 | 1966 |
| | രാജാറാം മോഹൻ റായ് ജന്മദിനം | 1772 | |
| | കെ.കെ. വാസുമാസ്റ്റർ ജന്മദിനം | 1922 | 2010 |
| | ആചാര്യനരേന്ദ്രഭൂഷൺ ജന്മദിനം | 1937 | 2010 |
| 23. | സി. കേശവൻ ജന്മദിനം | 1891 | |
| | പനമ്പിള്ളി ഗോവിന്ദമേനോൻ ചരമദിനം | 1908 | 1970 |
| | പി. പത്മരാജൻ ജന്മദിനം | 1945 | 1991 |
| 24. | മേലങ്ങത്ത് അച്യുതമേനോൻ ജന്മദിനം | 1887 | |
| | എം. ശേഷഗിരിപ്രഭു ചരമദിനം | 1855 | 1924 |
| | ടി.എൻ. ഗോപിനാഥൻ നായർ ചരമദിനം | 1918 | 1999 |
| | കോഴിക്കോട് ലോക്കൽ ലൈബ്രറി | | |
| | അഥോറിറ്റി തുടങ്ങി | 1959 | |
| | ഇ. ബാലാനന്ദൻ ജന്മദിനം | 1924 | 2009 |
| 25. | കെ.പി. കറുപ്പൻ ജന്മദിനം | 1885 | |
| | സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ജന്മദിനം | 1878 | |
| | കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ ജന്മദിനം | 1924 | |
| | സി.ജി. ശാന്തകുമാർ ചരമദിനം | 1938 | 2006 |
| | പിണ്ടാണി എൻ.ബി.പിള്ള ചരമദിനം | 1929 | 2009 |
| | ഭരത് മുരളി ജന്മദിനം | 1954 | 2009 |
| 26. | ചെമ്പകരാമൻപിള്ള ചരമദിനം | 1891 | 1934 |
| 27. | ജവഹർലാൽ നെഹ്റു ചരമദിനം | 1889 | 1964 |
| | പി. കുഞ്ഞിരാമൻ നായർ ചരമദിനം | 1905 | 1978 |
| | കോട്ടയ്ക്കൽ പി.വി. കൃഷ്ണവാരിയർ ജന്മദിനം | 1877 | |
| | നിധീരിക്കൽ മാണിക്കത്തനാർ ജന്മദിനം | 1842 | |
| | ഐ.സി. ചാക്കോ ചരമദിനം | 1875 | 1966 |
| | ഐ.സി.പി. നമ്പൂതിരി ചരമദിനം | 1910 | 2001 |
| | മടവൂർഭാസി ജന്മദിനം | 1927 | 2007 |
| 28. | ഡോ. കെ.ജി. അടിയോടി ചരമദിനം | 1937 | 2001 |
| | മുട്ടത്തുവർക്കി ചരമദിനം | 1918 | 1989 |
| | മൊയ്തു പടിയത്ത് ജന്മദിനം | 1931 | |
| 29. | സി.എസ്. ഗോപാലപ്പണിക്കർ ജന്മദിനം | 1872 | |
| | വെട്ടം മാണി ചരമദിനം | 1921 | 1987 |
| | മനുഷ്യൻ ആദ്യമായി എവറസ്റ്റിൽ | 1953 | |
| 30. | മലയാറ്റൂർ രാമകൃഷ്ണൻ ജന്മദിനം | 1927 | |
| | മുൻഷി രാമക്കുറുപ്പ് ജന്മദിനം | 1848 | |
| | ഇടപ്പള്ളി രാഘവൻപിള്ള ജന്മദിനം | 1909 | |
| 31. | പുകയില വിരുദ്ധദിനം | | |
| | സി. അന്തപ്പായി ചരമദിനം | 1862 | 1936 |
| | കെ.സി.എസ്. പണിക്കർ ജന്മദിനം | 1911 | 1977 |
| | ഏറ്റുമാനൂർ ഗോപാലൻ ചരമദിനം | | 1996 |
| | കമലസുറയ്യ (മാധവിക്കുട്ടി) ചരമദിനം | 1933 | 2009 |
| | കെ.കെ. വാസുമാസ്റ്റർ ചരമദിനം | 1922 | 2010 |

സാഹിത്യ അക്കാദമി

# പുസ്തകങ്ങൾ



## മലയാള കവിതാസാഹിത്യചരിത്രം

**ഡോ. എം. ലീലാവതി**

മലയാള കവിതാസാഹിത്യ ചരിത്രത്തെ അതിന്റെ ആഴത്തിലും പരപ്പിലും അടയാളപ്പെടുത്തുന്ന അത്യപൂർവ്വപഠനമായ ഗ്രന്ഥത്തിന്റെ ആറാം പതിപ്പ്. ഇതിനകം ഗവേഷകരുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാഹിത്യതല്പരരുടെയും പ്രശംസയ്ക്കു വിധേയ മായ ഈ ഗ്രന്ഥം എക്കാലത്തെയും ഒരു ഉത്തമ റഫറൻസ് ഉപാധിയാണ്.

**പേജ് : 546 വില : 380.00**

---

## ഭാഷാപഠനങ്ങൾ

**സി.എൽ. ആന്റണി**

വ്യാകരണവും ഭാഷാചരിത്രവും ലളിതമായി വിശദീകരിക്കുകയും കേരള സംസ്കാരവും പ്രാചീന സാഹിത്യവും ഗൗരവപഠനത്തിന് വിധേയമാക്കുന്നവർക്ക് വെളിച്ചമേകുകയും ചെയ്യുന്ന കൃതി

**പേജ് : 188 വില 110.00**



---



## ഹോർത്തൂസും ഇട്ടിഅച്യുതനും : സത്യവും മിഥ്യയും

**എ.എൻ. ചിദംബരൻ**

കേരളത്തിലെ ശാസ്ത്ര-സാംസ്കാരിക-രാഷ്ട്രീയ-ആയുർവേദ ചരിത്രവുമായി ബന്ധപ്പെട്ട 'ഹോർത്തൂസ് ഇൻഡിക്കൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥവും അതിന്റെ നിർമ്മാണത്തിൽ പ്രധാനപങ്കുവഹിച്ച ഇട്ടി അച്യുതനും പഠനവിധേയമാകുന്ന ഗ്രന്ഥം.

**പേജ് : 206 വില : 130.00**

---

## തെയിറ്റീറ്റസ്

**പ്ലേറ്റോ**

**വിവ: ഡോ. ഡി. രാജേന്ദ്രൻ**

ഗണിതശാസ്ത്രവും ദാർശനികതയും അതിന്റെ വെളിച്ചത്തിലുള്ള സംവാദങ്ങളുമായ വളരെ പ്രസിദ്ധകൃതിയുടെ വിവർത്തനം.

**പേജ : 143 വില : 90.00**




*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി, തൃശൂർ**

Kerala Sahitya Akademi
SahityaChakravalam
സാഹിത്യചക്രവാളം

REGD. KL/TCR/74/2012
2012 April
www.keralasahityaakademi.org

RN 29418/76
വില 5.00 രൂപ
Book 37 No.7
PLACE OF POSTING: RMS
THRISSUR




## പുറത്തിറങ്ങി!

കേരള സാഹിത്യ അക്കാദമി

# സാഹിത്യലോകം

# ടാഗോർപതിപ്പ്



**ടാഗോറിന്റെ കഥകളും കവിതകളും**

ഡോ. എം.അച്യുതൻ
മാടമ്പ് കുഞ്ഞുകുട്ടൻ
ദേശമംഗലം രാമകൃഷ്ണൻ
വിജയകുമാർ മേനോൻ
വി.കെ.ഷറഫുദ്ദീൻ
കെഎസ്.വെങ്കിടാചലം
തുടങ്ങിയ പ്രമുഖരുടെ പഠനങ്ങളും

കോപ്പികൾക്ക്:

The Secretary
Kerala Sahitya Akademi, Thrissur 680 020
Tel & Fax: 0487 2331069
E-mail: keralasahityaakademi@gmail.com

Edited, printed and published by R.Gopalakrishnan, the secretary for Kerala Sahitya Akademi,Thrissur-680 020
Phone & Fax: 0487 2331069, E.mail: keralasahityaakademi@gmail.com Website:www.keralasahityaakademi.org
Type set - Mac World, Thrissur and printed at Santhi Bhavan Press, Thrissur.